POSTAL REG NO GDP-44/2017-2019

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 2

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly **BADAR** Qadian Malayalam

ലക്കം 26

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 ജൂൺ 29/ഹി:ശം:1396 ഇഹ്സാൻ 29/ഹി:ഖ: 1438 ശവ്വാൽ 04

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 12-05-2017നും 19-05-2017 നും മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ (ലണ്ടൻ)നിൽ ജുമുഅ ഖുത്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിലും 8ാം പേജിലും വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴുംഹുദൂർഅൻവറിന്റെസംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരി ഹീ.

**മാളത്തിൽ മറയുന്ന എലിയാകാതെ ആകാശാന്തരീക്ഷം ഇഷ്ടപ്പെടുന്ന പ്രാവുകളായിത്തീരുക.**
**നിങ്ങൾ പശ്ചാത്താപത്തിന്റെ ബയ്അത്ത്- അനുസരണപ്രതിജ്ഞ ചെയ്തിട്ട് വീണ്ടും പാപത്തിൽ അടിയുറച്ച് നിൽക്കരുത്.**
**ഉപ്പിളി ഊരിയതിനുശേഷം പാമ്പ്, പാമ്പായിത്തന്നെയിരിക്കുന്നതുപോലെ നിങ്ങളാകരുത്. നിങ്ങൾ പരിശുദ്ധരാകുവാൻ ശ്രമിക്കുക.**
**സ്വയം പരിശുദ്ധനായാൽ മാത്രമേ പരിശുദ്ധനായ ദൈവത്തെ സ്വായത്തമാക്കാൻ സാധിക്കുകയുള്ളൂ.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

"അല്ലയോ ദൈവാന്വേഷികളേ, ചെവി തുറക്കുകയും കേൾക്കുകയും ചെയ്യുക. യഖീൻ അഥവാ ദൃഢവിശ്വാസംപോലെ മറ്റൊന്നുമില്ല. ദൃഢവിശ്വാസം ഒന്നുമാത്രമാണ് പാപത്തിൽനിന്ന് മുക്തി നൽകുന്നത്. സൽകർമ്മങ്ങൾ ചെയ്യുന്നതിനുള്ള ശക്തി പകരുന്നതും ദൃഢവിശ്വാസം തന്നെയാണ്. ദൈവത്തിന്റെ സത്യസന്ധനായ പ്രേമിയാക്കിത്തീർക്കുന്നതും ദൃഢവിശ്വാസം തന്നെ. ദൃഢവിശ്വാസം കൂടാതെ നിങ്ങൾക്ക് പാപത്തെ ഉപേക്ഷിക്കാൻ പറ്റുമോ? സംശയരഹിതമായ വെളിച്ചമില്ലാതെ ഇന്ദ്രിയാശകളിൽനിന്ന് നിങ്ങൾക്ക് വിട്ടുനിൽക്കുവാൻ സാധിക്കുമോ? ദൃഢവിശ്വാസമില്ലാതെ നിങ്ങൾക്ക് മാനസികമായ ശാന്തിയും യഥാർത്ഥത്തിലുള്ള പരിവർത്തനവും കൈവരുത്തുവാൻ സാധിക്കുമോ? ദൃഢവിശ്വാസമില്ലാതെ ആർക്കെങ്കിലും യഥാർത്ഥ സുഖജീവിതം നയിക്കുവാൻ സാധിക്കുമോ? നിങ്ങളിൽനിന്ന് പാപം അകറ്റുവാനുതകുന്ന ഏതെങ്കിലും പാപപരിഹാരസിദ്ധാന്തമോ മോചനദ്രവ്യമോ ആകാശത്തിൻകീഴിലുണ്ടോ? മറിയമിന്റെ പുത്രൻ ഈസായുടെ കൃത്രിമരക്തത്തിന് നിങ്ങളെ പാപത്തിൽനിന്ന് മോചിപ്പിക്കാനുള്ള ശക്തിയുണ്ടോ? ക്രിസ്ത്യാനികളേ! ഭൂമി പൊട്ടിപ്പിളരുന്ന അത്തരം കളവുകൾ നിങ്ങൾ പറയരുത്. യേശു താൻതന്നെ സ്വന്തം പാപമുക്തിക്കുവേണ്ടി ദൃഢവിശ്വാസത്തിന്നാശ്രിതനായിരുന്നു. അദ്ദേഹം ദൃഢമായി വിശ്വസിക്കുകയും മോക്ഷം പ്രാപിക്കുകയും ചെയ്തു. മിശിഹായുടെ രക്തംകൊണ്ട് പാപത്തിൽനിന്ന് മോക്ഷം നേടി എന്നുപറഞ്ഞു ജനങ്ങളെ വഞ്ചിച്ചുകൊണ്ടിരിക്കുന്ന ക്രിസ്ത്യാനികളുടെമേൽ അഹോ കഷ്ടം! വാസ്തവത്തിൽ അവർ പാദാദികേശം പാപത്തിൽ മുങ്ങിയിരിക്കുകയാണ്. അവരുടെ ദൈവം ആരാണെന്ന വർക്കറിയില്ല- എന്നല്ല, അവരുടെ ജീവിതംതന്നെ അശ്രദ്ധ നിറഞ്ഞതാണ്. മദ്യത്തിന്റെ ലഹരി അവരുടെ തലച്ചോറിലുണ്ട്. എന്നാൽ, ആകാശത്തുനിന്നിറങ്ങുന്ന ആ പരിശുദ്ധലഹരിയെക്കുറിച്ച് അവർ അജ്ഞരാണ്. ദൈവത്തോടൊപ്പമുള്ളതും പരിശുദ്ധജീവിതത്തിന്റെ ഫലമുളവാക്കുന്നതുമായ ജീവിതത്തിൽനിന്ന് അവർ ഏറെ അകലെയാണ്. ദൃഢവിശ്വാസമില്ലാതെകണ്ട് ജീവിതാന്ധകാരത്തിൽനിന്ന് പുറത്തുകടക്കുവാൻ നിങ്ങൾക്ക് സാധിക്കുകയില്ലെന്നും റൂഹുൽഖുദ്സ്-പരിശുദ്ധാത്മാവിനെ നിങ്ങൾക്ക് കിട്ടുകയില്ലെന്നും നിങ്ങൾ ഓർമ്മിച്ചുകൊള്ളുവിൻ. ദൃഢവിശ്വാസമുള്ളവർ അനുഗൃഹീതരാണ്. കാരണം അവർക്ക് ദൈവത്തെ കാണുവാൻ സാധിക്കുന്നതാണ്. സംശയങ്ങളിൽനിന്നും സന്ദേഹങ്ങളിൽനിന്നും മോചനം പ്രാപിച്ചവർ ഭാഗ്യവാന്മാരാണ്. കാരണം അവർ തന്നെയായിരിക്കും പാപത്തിൽനിന്ന് മോക്ഷം പ്രാപിക്കുക. ദൃഢവിശ്വാസത്തിന്റെ സമ്പത്ത് നൽകപ്പെടുന്ന നിങ്ങൾ ഭാഗ്യവാന്മാരാണ്. അതിനുശേഷം നിങ്ങളുടെ പാപത്തിന് അവസാനമുണ്ടാകും. പാപവും ദൃഢവിശ്വാസവും, രണ്ടും ഒരിടത്ത് ഒന്നിക്കുകയില്ല. മാളത്തിൽ ഉഗ്രവിഷമുള്ള സർപ്പത്തെ കണ്ടുകൊണ്ടിരിക്കെ നിങ്ങൾക്കതിൽ കൈയിടുവാൻ സാധിക്കുമോ? അഗ്നിപർവ്വതത്തിന്റെ കല്ലുകൾ വർഷിക്കുകയോ ഇടിമിന്നൽ പതിക്കുകയോ രക്തദാഹിയായ ഒരു സിംഹത്തിന്റെ ആക്രമണം ഉണ്ടാവുകയോ നാശകാരിയായ പ്ലേഗ് മനുഷ്യവംശത്തെതന്നെ ഉന്മൂലനം ചെയ്തുകൊണ്ടിരിക്കുകയോ ചെയ്യുന്ന സ്ഥലത്ത് നിങ്ങൾക്ക് നിൽക്കുവാൻ കഴിയുമോ? പാമ്പിന്റെമേലും ഇടിമിന്നലിന്റെമേലും സിംഹത്തിന്റേയും പ്ലേഗിന്റേയും മേലുള്ള ദൃഢവിശ്വാസംപോലെ നിങ്ങൾക്ക് അല്ലാഹുവിന്റെമേൽ ദൃഢവിശ്വാസമുണ്ടെങ്കിൽ, അവന്നെതിരിൽ ധിക്കാരം കാണിച്ചുകൊണ്ട് ശിക്ഷയുടെ വഴി സ്വീകരിക്കുവാനോ സത്യസന്ധവും ആത്മാർഥവുമായ ബന്ധം വിച്ഛേദിക്കുവാനോ സാധ്യമല്ല.

നന്മയ്ക്കും സത്യസന്ധതയ്ക്കും വേണ്ടി വിളിക്കപ്പെട്ടവരേ! നിങ്ങൾ തീർച്ചയായും മനസ്സിലാക്കുക, നിങ്ങളുടെ ഹൃദയം ദൃഢവിശ്വാസത്താൽ നിർഭരമാകുമ്പോഴാണ് അല്ലാഹുവിന്റെ ആകർഷണം നിങ്ങളിൽ ഉണ്ടാകുന്നതും നിങ്ങൾ പാപത്തിന്റെ വെറുക്കപ്പെട്ട കളങ്കങ്ങളിൽനിന്ന് പരിശുദ്ധരാക്കപ്പെടുന്നതും. ദൃഢവിശ്വാസം ലഭിച്ചിട്ടുണ്ടെന്ന് നിങ്ങൾ പറഞ്ഞേക്കാം. ഇത് നിങ്ങൾക്ക് തെറ്റുപറ്റിയതാണെന്ന് ഓർത്തുകൊള്ളുവിൻ. നിങ്ങൾക്ക് ഒരിക്കലും യഖീൻ-ദൃഢവിശ്വാസം കൈവന്നിട്ടില്ല. എന്തുകൊണ്ടെന്നാൽ അതുമായി ബന്ധപ്പെട്ട നിർബന്ധകാര്യങ്ങൾ നിങ്ങൾക്ക് ലഭിച്ചിട്ടില്ല- കാരണം നിങ്ങൾ പാപത്തിൽനിന്ന് പിന്മാറുന്നില്ല. വെക്കേണ്ടുന്നതായ ചുവട് നിങ്ങൾ മുന്നോട്ടുവെക്കുന്നില്ല. ഭയപ്പെടേണ്ടതായ നിലയിൽ നിങ്ങൾ ഭയപ്പെടുന്നില്ല. സ്വയം ചിന്തിച്ചുനോക്കുക.

പാമ്പ് ഇന്ന മാളത്തിലുണ്ടെന്ന് ദൃഢവിശ്വാസമുള്ളവൻ എപ്പോഴെങ്കിലും അതിൽ കൈയിടുമോ? തനിക്ക് കിട്ടിയ ഭക്ഷണത്തിൽ വിഷമുണ്ടെന്ന് ദൃഢവിശ്വാസമുള്ള ഒരാൾ എപ്പോഴെങ്കിലും അത് തിന്നുമോ? ഇന്ന വനത്തിൽ രക്തം കുടിക്കുന്ന ഒരായിരം സിംഹങ്ങളുണ്ടെന്ന് ദൃഢതരമായ നിലയിൽ കണ്ടുകൊണ്ടിരിക്കുന്ന ഒരാളുടെ പാദങ്ങൾ അലസതയോടും അശ്രദ്ധയോടും ആ വനത്തിൽ പതിയുമോ? അതുകൊണ്ട് നിങ്ങൾക്ക് അല്ലാഹുവിലും രക്ഷാശിക്ഷയിലും ദൃഢവിശ്വാസമുണ്ടെങ്കിൽ നിങ്ങളുടെ കൈകളും നിങ്ങളുടെ കാലുകളും നിങ്ങളുടെ ചെവികളും നിങ്ങളുടെ കണ്ണുകളും പാപം ചെയ്യുവാൻ എങ്ങനെ ധൈര്യപെടും? പാപത്തിന് ദൃഢവിശ്വാസത്തിന്മേൽ വിജയം വരിക്കുവാൻ സാധ്യമല്ല. ഭസ്മമാക്കുന്നതും ദഹിപ്പിക്കുന്നതുമായ അഗ്നിനാളം കണ്ടുകൊണ്ടിരിക്കെ നിങ്ങൾക്ക് എങ്ങനെ അതിലേക്ക് നിങ്ങളെ വീഴ്ത്തുവാൻ കഴിയും? ദൃഢവിശ്വാസത്തിന്റെ ഭിത്തികൾ ആകാശംമുട്ടെയുണ്ട്. ശയ്ത്വാന് അതിൽ കയറാൻ സാധ്യമല്ല. പരിശുദ്ധരായിത്തീർന്ന ഓരോരുത്തരും ദൃഢവിശ്വാസംകൊണ്ടാണ് പരിശുദ്ധരായിട്ടുള്ളത്. ദൃഢവിശ്വാസം വിഷമം സഹിക്കുവാനുള്ള ശക്തി നൽകുന്നു. എത്രത്തോളമെന്നാൽ രാജാവിനെ സിംഹാസനത്തിൽനിന്ന് താഴെയിറക്കുകയും ദാരിദ്ര്യത്തിന്റെ വസ്ത്രം ഉടുപ്പിക്കുകയും ചെയ്യുന്നു. ദൃഢവിശ്വാസം എല്ലാ ഓരോ ദുഃഖത്തേയും ശമിപ്പിക്കുന്നു. ദൃഢവിശ്വാസം അല്ലാഹുവിനെ കാണിച്ചുതരുന്നു. എല്ലാ ഓരോ പാപപരിഹാരസിദ്ധാന്തവും വ്യാജമാണ്. എല്ലാ ഓരോ മോചനദ്രവ്യവും നിരർത്ഥകമാണ്. എല്ലാ പരിശുദ്ധിയും ദൃഢവിശ്വാസത്തിന്റെ വഴിയിലൂടെ വരുന്നു. പാപത്തിൽനിന്ന് മോചനം നൽകുന്നതും ദൈവംവരെ കൊണ്ടുചെന്നെത്തിക്കുന്നതും സത്യസന്ധതയിലും സ്ഥൈര്യതയിലും മലക്കുകളേക്കാൾ ഉന്നതരാക്കുന്നതും ആ ദൃഢവിശ്വാസമാണ്. ദൃഢവിശ്വാസത്തിന്റെ സാധനസാമഗ്രികൾ സമർപ്പിക്കാത്ത മതം വ്യാജമാണ്. ദൃഢമായ മാർഗ്ഗങ്ങളിലൂടെ ദൈവത്തെ കാണിക്കുവാൻ സാധിക്കാത്ത എല്ലാ ഓരോ മതവും വ്യാജമാണ്. പഴങ്കഥകളല്ലാതെ മറ്റൊന്നും സമർപ്പിക്കാനില്ലാത്ത എല്ലാ ഓരോ മതവും വ്യാജമാണ്. ദൈവം പണ്ടുണ്ടായിരുന്നതുപോലെ ഇപ്പോഴുമുണ്ട്. അവന്റെ ശക്തിപ്രഭാവങ്ങൾ പണ്ടുണ്ടായിരുന്നതുപോലെ ഇപ്പോഴുമുണ്ട്. പിന്നെന്തിനാണ് നിങ്ങൾ കഥകളിൽ മാത്രം തൃപ്തിയടയുന്നത്. ദിവ്യദൃഷ്ടാന്തങ്ങൾ വെറും കഥകൾ മാത്രമായിട്ടുള്ള മതം നാശമടഞ്ഞതാണ്. അതിന്റെ പ്രവചനങ്ങൾ കഥകൾ മാത്രമാണ്. ദൈവമിറങ്ങിയിട്ടില്ലാത്ത ജമാഅത്തും നാശമടഞ്ഞതാണ്. അത് ദൃഢവിശ്വാസത്തിലൂടെ ദൈവത്തിന്റെ കരങ്ങളാൽ പരിശുദ്ധമായതല്ല. ശരീരേച്ഛകളുടെ ആനന്ദത്തിനുള്ള സാധനസാമഗ്രികൾ കണ്ട് അവയിലേക്ക് മനുഷ്യൻ ആകർഷിക്കപ്പെടുന്നതുപോലെ ദൃഢവിശ്വാസത്തിലൂടെ ആത്മീയമായ ആനന്ദം കൈവരിക്കുമ്പോൾ അവൻ ദൈവത്തിലേക്ക് ആകർഷിക്കപ്പെടുന്നു. അതിന്റെ സൗന്ദര്യം മറ്റുള്ള കാര്യങ്ങളെല്ലാം ഒന്നിനും കൊള്ളാത്തവയായി അവന് കാണപ്പെടുംവിധം അവനെ ലഹരി പിടിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തെക്കുറിച്ചും അവന്റെ പ്രതാപത്തെക്കുറിച്ചും രക്ഷാശിക്ഷയെക്കുറിച്ചും ദൃഢമായ അറിവ് ലഭിക്കു

(ശേഷം പേജ് 2ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

പേജ് 11ൽ നിന്ന്

ഈ ഉദാഹരണത്തിൽനിന്ന് നബി(സ)തിരുമേനിയുടെ ജീവിതത്തിന്റെ രണ്ട് വശങ്ങൾ അങ്ങേയറ്റം വ്യക്തമായനിലയിൽ തെളിഞ്ഞുവന്നു. ഒന്ന് നബി(സ)തിരുമേനി അവരോട് ഒരുതരത്തിലും പകരംചോദിച്ചില്ല. മോശമായി പെരുമാറിയതുമില്ല. അവരാണെങ്കിൽ നബി(സ)തിരുമേനിയുടേയും അവിടത്തെ സ്വഹാബാക്കളുടേയുംമേൽ അക്രമം ചൊരിഞ്ഞവരായിരുന്നു. രണ്ടാമതായി തന്റെ പക്കൽ വിദ്യാഭ്യാസത്തിനും ശിക്ഷണത്തിനും എത്രമാത്രം പ്രാധാന്യമുണ്ടെന്നായിരുന്നു നബി(സ)തിരുമേനി സ്ഥാപിച്ചുകാണിച്ചത് . ജനങ്ങൾ ജീവിതത്തിന്റെ എല്ലാ തുറകളിലും അഭിവൃദ്ധിപ്പെടണമെന്നത് ആ മഹാത്മാവിന്റെ അഭിലാഷമായിരുന്നു. അതിന്റെ രഹസ്യം വിദ്യാഭ്യാസം കരസ്ഥമാക്കുന്നതുമായി ബന്ധപ്പെട്ടതായിരുന്നു. ഒരു ലൗകികനും ഈ രീതിയിൽ ഒരിക്കലും ചിന്തിക്കുകയില്ല. തീർച്ചയായും നബി(സ)തിരുമേനി തന്റെ യുക്തിയിലും തേജോവിലാസത്തിലും മറ്റുള്ളവരിൽനിന്നെല്ലാം വ്യത്യസ്തനായി കാണുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇന്ന് കുറച്ച് മുസ്‌ലിംകളുടെ വെറുപ്പുണ്ടാക്കുന്നതായ കർമങ്ങൾ കാരണത്താൽ ലോകത്ത് ഇസ്‌ലാമിനെ ഭീകരവാദത്തിന്റേയും അസഹിഷ്ണുതയുടേയും മതമായി മനസ്സിലാക്കപ്പെട്ടുവരികയാണ്. എന്നാൽ, ഇസ്‌ലാമികാധ്യാപനങ്ങൾ മാത്രമാണ് ആവിഷ്കാര സ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും പോലെയുള്ള നിയമങ്ങളെ വലയം ചെയ്തു നില്ക്കുന്നത് എന്നതാണ് സത്യം. മതത്തിൽ ഒരു തരത്തിലുള്ള ബലാൽക്കാരവുമില്ലെന്നും മതം മനസ്സുമായി ബന്ധപ്പെട്ടതാണെന്നും വ്യക്തമായ പാഠം നൽകുന്ന മതമാണ് ഇസ്‌ലാം. ശരിയായ അധ്യാപനവും ഇതുതന്നെയാണ്. പ്രാരംഭകാല മുസ്‌ലിംകൾ ചില യുദ്ധങ്ങൾ ചെയ്തിട്ടുണ്ടെന്നത് ശരിതന്നെയാണ്. പക്ഷേ ഈ യുദ്ധങ്ങൾ രാജ്യങ്ങളെയോ അതിർത്തികളെയോ പിടിച്ചടക്കുന്നതിന് വേണ്ടിയായിരുന്നില്ല. അല്ലെങ്കിൽ അമുസ്‌ലിംകളെ നിർബന്ധിച്ച് ഇസ്‌ലാം സ്വീകരിപ്പിക്കുന്നതിനു വേണ്ടിയായിരുന്നില്ല. മറിച്ച്, ഇതിന്റെ യഥാർഥ ഉദ്ദേശ്യം മതപരമായ സ്വാതന്ത്ര്യത്തെ എന്നന്നേക്കുമായി ഒരു ആഗോള നിയമമെന്ന നിലയിൽ സ്ഥാപിക്കുകയായിരുന്നു. വിശുദ്ധഖുർആനിന്റെ അധ്യാപനങ്ങൾ ഇതുസംബന്ധിച്ച് അങ്ങേയറ്റം വ്യക്തമാണ്. മുസ്‌ലിംകൾക്ക് ഇപ്രകാരം പ്രതിരോധയുദ്ധത്തിന് അനുവാദം കിട്ടിയ വിവരം ഹജ്ജ് എന്ന അധ്യായത്തിലെ 41-ാം വചനത്തിലാണ് പറയപ്പെട്ടിട്ടുള്ളത്. അവിടെ അല്ലാഹു പറയുന്നു: ഈ അനുവാദം നൽകപ്പെട്ടിട്ടുള്ളത് മുസ്‌ലിംകളുടെമേൽ അതിന്റെ എതിരാളികളിൽനിന്ന് ആക്രമണം ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നതുകൊണ്ടാണ്. അവർ ഇസ്‌ലാമിന്റെ മാത്രമല്ല മറിച്ച് മതത്തിന്റെതന്നെ അവസാനമാണ് ആഗ്രഹിച്ചിരുന്നത്. വിശുദ്ധഖുർആൻ പറയുന്നു, മുസ്‌ലിംകൾക്ക് യുദ്ധം ചെയ്യാൻ അനുവാദം നൽകപ്പെട്ടിരുന്നില്ലെങ്കിൽ ക്രിസ്ത്യൻപള്ളിയോ മസ്ജിദോ മറ്റേതെങ്കിലും ആരാധനാലയമോ സുരക്ഷിതമാകുമായിരുന്നില്ല. നബി(സ) തിരുമേനിയും അവിടത്തെ സ്വഹാബാക്കളും യുദ്ധം ചെയ്തതിന്റെ ഉദ്ദേശ്യം ജനങ്ങളുടെ ആരാധനാവകാശം നിലനിറുത്തുക എന്നതായിരുന്നു; അവർ ആഗ്രഹിക്കുന്നതുപോലെ ആരാധന നടത്താൻ അവകാശം ഉണ്ടായിരിക്കുക എന്നതായിരുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇസ്‌ലാം മറ്റുള്ളവരുടെ അവകാശങ്ങൾ ധ്വംസിക്കുന്നു എന്ന് ആക്ഷേപം ഉന്നയിക്കപ്പെടുന്ന കാലഘട്ടത്തിലൂടെയാണ് ഇന്ന് നമ്മൾ കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. എന്നാൽ, യാഥാർഥ്യം അതിന് കടക വിരുദ്ധമാണ്. മുഴുജനങ്ങളുടേയും മുഴുമതങ്ങളുടേയും അവകാശസംരക്ഷണ ചുമതല വഹിക്കുന്നതാണ് ഇസ്‌ലാംമതത്തിന്റെ അധ്യാപനങ്ങൾ. ഇസ്‌ലാം യഹൂദികളുടേയും ക്രിസ്ത്യാനികളുടേയും സംരക്ഷകനാണ്. ഇത് ഹിന്ദുക്കളുടേയും സിക്കുകാരുടേയും സംരക്ഷകനാണ്. ഇത് മറ്റുള്ള എല്ലാ മതങ്ങളുടേയും വിശ്വാസാദർശങ്ങളുടേയും സംരക്ഷകനാണ്. ഇസ്‌ലാമിന്റെ ഈ അപൂർവവും അസാധാരണവുമായ നിലവാരത്തിന്റെ സംസ്ഥാപനത്തിനും മതത്തിന്റെ സംരക്ഷണം നടക്കുന്നതിനും മതസ്വാതന്ത്ര്യത്തിന് ജാമ്യം നൽകുന്നതിനുംവേണ്ടി ആദിമമുസ്‌ലിംകൾ തങ്ങളുടെ ജീവനുകൾ നൽകി.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇപ്രകാരംതന്നെ ത്വാഹ എന്ന അധ്യായത്തിന്റെ 132-ാം വചനത്തിൽ മറ്റൊരു ഇസ്‌ലാമിക കല്പന രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു ജനതയും മറ്റൊരു ജനതയുടെ സമ്പത്തിൽ അത്യാഗ്രഹദൃഷ്ടിയോടെ നോക്കരുതെന്നാണ് അവിടെ നൽകപ്പെട്ടിരിക്കുന്ന അധ്യാപനം. അന്യന്റെ മുതലിനെ ആഗ്രഹിക്കരുത്. എങ്കിലും ഇക്കാലത്ത് എല്ലാ തരത്തിലുള്ള അസൂയാപരമായ ആഗ്രഹങ്ങളും നടമാടുന്നുണ്ട്. എങ്ങനെയെങ്കിലും മറ്റുള്ളവരുടെ ധനത്തിന്റേയും സാധനങ്ങളുടേയുംമേൽ ആധിപത്യം സ്ഥാപിക്കാനും അവരുടെ ധനത്തിൽനിന്നും സമ്പത്തിൽനിന്നും അനുവദനീയമല്ലാത്ത ഫലമെടുക്കാനുമുള്ള ശ്രമമാണ്. ഇപ്പോൾ നടന്നുവരുന്ന യുദ്ധങ്ങളുടെ അടിസ്ഥാനപരമായ കാരണവും ഇതാണ്. തീർച്ചയായും ഈ സ്വാർഥതയും ഈ അത്യാഗ്രഹവും മാനുഷികമായ മൂല്യങ്ങളെ ഉന്മൂലനം ചെയ്തിട്ടിരിക്കുന്നു. ആഗോള സമാധാനത്തെ വല്ലാതെ ബാധിച്ചിരിക്കുന്നു. ഉദാഹരണത്തിന് ചില ഭരണകൂടങ്ങൾ ചില രാജ്യങ്ങളിൽ മനുഷ്യരോടുള്ള കടമകൾ നടപ്പിൽ വരുത്തുന്നതിനെ പൂർണമായും അവഗണിച്ചിരിക്കുകയാണ്. അവരുടെ ദൃഷ്ടി ആ രാജ്യത്തെ എണ്ണപ്പാടത്തിനുമേലാണ്. എന്നാൽ, പൊതുജനം അന്ധരല്ല, മൂകരല്ല, കുരുടരുമല്ല. ഈ പോളിസികളുടെ അടിത്തറ നീതിയിലല്ലെന്ന് അവർ അറിയുന്നുണ്ട്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: അതുകൊണ്ട് സ്വാഭാവികമായ നിലയിൽ അതിന്റെ ഫലം ദ്വേഷത്തിന്റേയും അസ്വസ്ഥതയുടേയും രൂപത്തിൽ പുറത്തുവരുന്നു. അവരുടെ ഈ വെറുപ്പ് സ്വന്തം നാട്ടിലെ നേതാക്കന്മാരിൽ പരിമിതമായിരിക്കുകയില്ല. മറിച്ച് അതിന്റെ സ്വാധീനം സമ്പത്ത് ആഗ്രഹിച്ചുകൊണ്ടിരിക്കുകയും അസൂയ കാരണത്താൽ തങ്ങളുടെ നേട്ടം മാത്രം ആഗ്രഹിക്കുകയും മറ്റുള്ളവരുടെ ക്ഷേമത്തെ വകവയ്ക്കാതിരിക്കുകയും ചെയ്യുന്ന ആഗോളശക്തികളുടെമേൽവരെ പതിക്കുന്നു. ഇസ്‌ലാമിന്റെ അധ്യാപനങ്ങളെ യഥാർഥമായ നിലയിൽ സ്വായത്തമാക്കുകയാണെങ്കിൽ ഈ കലഹവും ഈ അസമാധാനവും എന്നന്നേക്കുമായി തടയാൻ കഴിയുന്നതാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: എന്നാൽ, ഇന്ന് പൊതുവെ മുസ്‌ലിംകൾ തങ്ങളുടെ മതാധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവരല്ല. ഇക്കാരണത്താലാണ് അവരുടെ രാജ്യം അവരുടെ കൈയിൽനിന്ന് പുറത്തുപോകുന്നത്. ഇത് അങ്ങേയറ്റം വേദനാജനകമാണ്. വിവിധ ജനതകളുടേയും ഭരണകൂടങ്ങളുടേയും ഇടയിൽ സമാധാനത്തിന്റെ ജാമ്യക്കാരാണെന്ന നിലയിലുള്ള അധ്യാപനമാണ് മുസ്‌ലീംകൾക്ക് നേരിട്ട് നൽകപ്പെട്ടിരിക്കുന്നത്. എന്നിട്ടും മറ്റുള്ളവരെക്കാൾ കൂടുതൽ രാജ്യദ്രോഹം ചെയ്തുകൊണ്ടിരിക്കുന്ന ഇവരും മുസ്‌ലീംകൾത്തന്നെ! ഇസ്‌ലാമാണെങ്കിൽ ന്യായത്തിന്റേയും നീതിയുടേയും കരുണയുടേയും ദാനശീലതയുടേയും പാഠം മാത്രം നല്കുന്ന മതമാണ്. എന്നാൽ, മുസ്‌ലിംലോകത്ത് കേവലം അത്യാഗ്രഹവും വെറുപ്പും മാത്രമേ കാണുന്നതിന് ലഭിക്കുന്നുള്ളൂ. പക്ഷേ, ഇന്ന് നമ്മൾ ലോകത്ത് കണ്ടുവരുന്ന വിശ്വാസമില്ലായ്മയുടേയും കലാപങ്ങളുടേയും ഉത്തരവാദികൾ മുസ്‌ലിംകൾ മാത്രമാണെന്ന് നമുക്ക് പറയാൻ പറ്റുകയില്ല. അനീതിപരമായ പോളിസികൾ സ്വീകരിക്കുന്ന കാരണത്താൽ ലോകത്തിലെ വൻശക്തികളും കുറ്റവാളികളാണ്. അവർ തീയിൽ എണ്ണയൊഴിക്കുന്ന രീതിയാണ് അവലംബിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഫലമായി ദൃഢീകരണരാഹിത്യം വർധിച്ചുകൊണ്ടേപോകുന്നു. ഈ വൻശക്തികൾ സമാധാന സംസ്ഥാപനത്തിനു വേണ്ടി പരിശ്രമിക്കുന്നതിന് പകരം വ്യക്തിപരമായ നേട്ടങ്ങൾക്ക് പരിഗണന നൽകിക്കൊണ്ടിരിക്കുകയാണ്. എന്നല്ല ഈ കലാപങ്ങളിൽനിന്ന് ഫലമെടുത്തുകൊണ്ടിരിക്കുന്നു. ചില വൻശക്തികൾ മുസ്‌ലിംഭരണകൂടങ്ങൾക്ക് ആയുധങ്ങൾ വിറ്റുകൊണ്ടിരിക്കുന്നു. ചിലർ വിപ്ലവകാരികൾക്ക് ആയുധങ്ങൾ സംഘടിപ്പിച്ചുകൊടുത്തുകൊണ്ടിരിക്കുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇതിനേക്കാളുപരി ഉഗ്രവാദ സംഘടനകളുടെ കൈ പാശ്ചാത്യദേശത്ത് നിർമിക്കപ്പെടുന്ന ആയുധങ്ങൾ തൊട്ടുകഴിഞ്ഞിരിക്കുന്നു. ഇപ്രകാരം ഈ കലാപങ്ങൾ പുറത്തുനിന്ന് ആളിക്കത്തിച്ചുകൊണ്ടിരിക്കുന്നു. ഞാൻ ഈ പറയുന്നത് പുതിയതൊന്നുമല്ല. മറിച്ച് ജനങ്ങളുടെയിടയിൽ ആദ്യമേതന്നെ പ്രചരിച്ചിട്ടുള്ള കാര്യങ്ങളാണ്.

ചിന്താപരമായ ഒരു കാര്യം വൻശക്തികളിൽ ഒരുകൂട്ടർ മറ്റേക്കൂട്ടർക്കെതിരിൽ സംഘടിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്. വികസ്വരരാഷ്ട്രങ്ങളെ അപേക്ഷിച്ച് ഈ വൻശക്തികളുടെ സ്വാധീനം എത്രയോ കൂടുതലാണ്. അതുകൊണ്ട് വൻശക്തികളുടെ സംഘടിക്കൽ ലോകത്തിന്റെ ഭാവിക്ക് വൻഭീഷണിയാണ്. നമുക്ക് അത്തരം കാര്യങ്ങൾ പെട്ടെന്ന് പരിഹരിക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ നമ്മൾ ഒരു നാശകരമായ യുദ്ധത്തിലേക്ക് നമ്മളെ കൊണ്ടുപോകുന്നതായിരിക്കും. ഈ യുദ്ധത്തിന്റെ ഫലത്തെ സംബന്ധിച്ച് ചിന്തിക്കാനേ സാധിക്കുകയില്ല. യുദ്ധത്തിന്റെ ഫലമായി വരാൻ പോകുന്ന നാശം, വരാൻപോകുന്ന വൻവിപത്ത് തലമുറകളോളം തുടർന്നുകൊണ്ടിരിക്കുന്നതാണ്. അതുകൊണ്ട് നമ്മൾ പ്രതീക്ഷിക്കുന്നതും നമ്മൾ ദുആ ചെയ്യുന്നതും അല്ലാഹു മനുഷ്യർക്ക് സൽബുദ്ധിയും വിവേകവും നല്കുമാറാകട്ടെ എന്നാണ്.

അവസാനം അമീറുൽ മുഅ്മിനീൻ പറഞ്ഞു: എല്ലാ മതങ്ങളും എല്ലാ ജനതകളും മറ്റുള്ളവരുടെ അവകാശങ്ങൾ നിറവേറ്റുന്നവരാകാൻ ദൈവം അനുഗ്രഹിക്കുമാറാകട്ടെ. എല്ലാ തരത്തിലുള്ള അനീതികളുടേയുംമേൽ നീതി വിജയംവരിക്കുമാറാകട്ടെ. സകല ആളുകളും അവരുടെ യഥാർഥ സ്രഷ്ടാവിനെ തിരിച്ചറിയുന്നവരാകട്ടെ എന്ന് ഞാൻ ദുആ ചെയ്യുന്നു. ദൈവം മാത്രമാണ് സകലലോകത്തേയും പരിപാലിക്കുന്നവനെന്നും അവൻ അങ്ങേയറ്റം കരുണാമയനും ഉദാരവാനുമാണെന്നും അവൻ എല്ലാ മതങ്ങളും സകലവിശ്വാസങ്ങളും സർവജനങ്ങളും ഈ ലോകത്ത് ഐക്യപ്പെട്ടിരിക്കാൻ ആഗ്രഹിക്കുന്നുവെന്നുമുള്ള ബോധം നല്കുമാറാകട്ടെ. മനുഷ്യകുലം മുഴുവനും അവന്റെ കൃപയുടേയും കാരുണ്യത്തിന്റേയും സ്നേഹത്തിന്റേയും സമ്പത്ത് കൊണ്ട് സാഹോദര്യത്തോടും സമാധാനത്തോടുംകൂടി ഒന്നായിത്തീരട്ടെ. ഈ ചൈതന്യം ലോകത്തുണ്ടാകാൻ ദൈവം അനുഗ്രഹിക്കുമാറാകട്ടെ. നമ്മൾ നമ്മുടെ ജീവിതത്തിൽ യഥാർഥ സമാധാനം കാണുന്നവരാകട്ടെ. ഈ വാക്കുകളോടെ നിങ്ങളെല്ലാവരും ഇവിടെ വന്നതിന് വീണ്ടും ഒരിക്കൽകൂടി നന്ദി രേഖപ്പെടുത്തുകയാണ്. നിങ്ങൾക്ക് വളരെ വളരെ നന്ദി. അമീറുൽ മുഅ്മിനീന്റെ ഈ പ്രഭാഷണം ആറു മണി പതിനെട്ട് മിനുട്ടുവരെ നീണ്ടുനിന്നു. അമീറുൽ മുഅ്മിനീൻ പ്രസംഗം അവസാനിപ്പിച്ചപ്പോൾ അതിഥികൾ വളരെ നേരം ഹർഷാരവം മുഴക്കിക്കൊണ്ടിരുന്നു. തങ്ങളുടെ വികാരങ്ങൾ പ്രകടിപ്പിച്ചുകൊണ്ടിരുന്നു. അതിനുശേഷം അമീറുൽ മുഅ്മിനീൻ ദുആ ചെയ്യിച്ചു. പിന്നീട് ഡിന്നറിന്റെ പരിപാടിയും ഉണ്ടായിരുന്നു. എല്ലാ അതിഥികളും അമീറുൽ മുഅ്മിനീനോടൊപ്പം ഭക്ഷണം കഴിച്ചു. അതിനുശേഷം അതിഥികൾ അവരവരുടെ ഊഴമനുസരിച്ച് അമീറുൽ മുഅ്മിനീനുമായി കൂടിക്കാഴ്ചക്ക് വന്നു. എല്ലാവരും അദ്ദേഹവുമായി ഫോട്ടോയെടുത്തു. എല്ലാവരോടും അമീറുൽ മുഅ്മിനീൻ സംസാരിച്ചു. അതിഥികളുമായുള്ള കൂടിക്കാഴ്ച ഒരു മണിക്കൂർ ഇരുപത് മിനുട്ടുവരെ നീണ്ടുനിന്നു. (ബദ്ർ പത്രം, ഉർദു, 2017 ജനുവരി 19).


**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.


പേജ് 1ൽ നിന്ന്

മ്പോൾ മനുഷ്യൻ പാപങ്ങളിൽനിന്ന് മുക്തി നേടുന്നു. എല്ലാ ഓരോ ഭയമില്ലായ്മയുടേയും വേര് അറിവില്ലായ്മയാണ്. ദൈവത്തിന്റെ സംശയരഹിതമായ ജ്ഞാനത്തിൽനിന്ന് പങ്കുപറ്റുന്നവൻ നിർഭയനായിരിക്കുകയില്ല. വീട്ടുടമസ്ഥൻ ശക്തമായൊരു ജലപ്രളയം തന്റെ വീട്ടിനുനേരെ തിരിഞ്ഞിട്ടുണ്ടെന്നോ അല്ലെങ്കിൽ അല്പം സ്ഥലമൊഴിച്ച് തന്റെ വീട്ടിനു ചുറ്റും അഗ്നി ആളിപ്പടർന്നിട്ടുണ്ടെന്നോ അറിഞ്ഞാൽ, അവന് ആ വീട്ടിൽ നിൽക്കുവാൻ പറ്റുകയില്ല. ഇങ്ങനെ വരുമ്പോൾ ദൈവത്തിന്റെ രക്ഷാശിക്ഷയിൽ ദൃഢമായി വിശ്വസിക്കുന്നു എന്നു വാദിച്ചുകൊണ്ട് എങ്ങനെയാണ് നിങ്ങൾക്ക് ഭയാനകമായ അവസ്ഥകളിൽ അടിയുറച്ചുനിൽക്കുവാൻ സാധിക്കുന്നത്. നിങ്ങൾ കണ്ണ് തുറക്കുകയും ലോകത്ത് മുഴുവനും കണ്ടുവരുന്ന ദൈവത്തിന്റെ നിയമങ്ങളെ നോക്കിക്കാണുകയും ചെയ്യുക. മാളത്തിൽ മറയുന്ന എലിയാകാതെ ആകാശാന്തരീക്ഷം ഇഷ്ടപ്പെടുന്ന പ്രാവുകളായിത്തീരുക. നിങ്ങൾ പശ്ചാത്താപത്തിന്റെ ബയ്അത്ത്- അനുസരണപ്രതിജ്ഞ ചെയ്തിട്ട് വീണ്ടും പാപത്തിൽ അടിയുറച്ച് നിൽക്കരുത്. ഉപ്പിളി ഊരിയതിനുശേഷം പാമ്പ്, പാമ്പായിത്തന്നെയിരിക്കുന്നതുപോലെ നിങ്ങളാകരുത്. നിങ്ങളുടെ അടുത്ത് വന്നുംപോയുമിരിക്കുന്ന മരണത്തെ ഓർമ്മിക്കുക. നിങ്ങൾ അതിൽ അശ്രദ്ധരാണ്. പരിശുദ്ധരാകുവാൻ ശ്രമിക്കുക. സ്വയം പരിശുദ്ധനായാൽ മാത്രമേ പരിശുദ്ധനായ ദൈവത്തെ സ്വായത്തമാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ, നിങ്ങൾക്ക് എങ്ങനെയാണ് ഈ അനുഗ്രഹത്തെ പ്രാപിക്കുവാൻ സാധിക്കുക. ഇതിനുള്ള മറുപടി അല്ലാഹു തന്നിരിക്കുന്നു. വസ്തഈനുബിസ്വബ്‌രിവസ്സലാത്തി, 2:147. നമസ്കാരവും സഹനവും കൊണ്ട് അല്ലാഹുവിനോട് സഹായം തേടുക. (കശ്തീയെനൂഹ്, റൂഹാനിഖസായീൻ, വാല്യം 19, പേജ് 66-68)

# ഖുത്ബ ജുമുഅ

മറ്റു ലോകക്കാർ നബിമാരുടെ ചരിത്രങ്ങൾ പഠിക്കുന്നുണ്ട് അല്ലെങ്കിൽ കേൾക്കുന്നുണ്ട്. മറ്റു മുസ്‌ലീംകൾ വിശുദ്ധ ഖുർആനിൽ നബിമാരുടേയും അവരെ വിശ്വസിക്കുന്നവരുടേയും കാര്യങ്ങൾ വായിക്കുകയും കേൾക്കുകയും ചെയ്യുന്നു. പ്രാരംഭകാല മുസ്‌ലീംകൾക്കുണ്ടായ സംഭവങ്ങളും അവർ അനുഭവിച്ച പീഢന കാര്യങ്ങളും വായിക്കുന്നു. അല്ലെങ്കിൽ തങ്ങളുടെ ഉലമായിൽനിന്ന് കേൾക്കുന്നു. പക്ഷേ, മുഹമ്മദി മസീഹിനെ വിശ്വസിച്ച കാരണത്താൽ, നബി(സ)തിരുമേനിയുടെ സത്യദാസനെ വിശ്വസിച്ചകാരണത്താൽ, ഇസ്‌ലാമിന്റെ പുനരുദ്ധാരണത്തിന് വന്ന അല്ലാഹുവിന്റെ വരിഷ്ഠദാസനിൽ വിശ്വസിച്ച കാരണത്താൽ പ്രാവർത്തികമായി ഈ അവസ്ഥയിലൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കുന്നവരാണ് അഹ്‌മദി മുസ്‌ലീംകൾ. അത് മറ്റുള്ളവർക്ക് ഒരു പക്ഷേ, മതപരമായ അക്രമങ്ങളുടെ പഴഞ്ചൻ സംഭവങ്ങളും കഥകളുമായിരിക്കും.

നമ്മൾ മസീഹ് മൗഊദിനെ വിശ്വസിച്ചവരാണ്. അതുകൊണ്ട് നമ്മൾ അങ്ങനെ ആകേണ്ടവരുമാണ്. ഭൗതികമായ പരീക്ഷണങ്ങളും എതിരാളികളുടെ ശത്രുതകളുംകൊണ്ട് ക്ഷമയുടെ കോന്തല കൈയിൽനിന്ന് വിട്ടുകളയുന്നവരല്ല നമ്മൾ. അങ്ങനെതന്നെയാണ് നമ്മൾ ആകേണ്ടതും. ഇക്കാരണത്താൽ നമ്മുടെ ഈമാനിൽനിന്ന് നമ്മൾ പിന്നാക്കം മാറുന്നവരുമല്ല. നമ്മുടെ ദുഃഖങ്ങൾക്കുള്ള ചികിത്സ കേവലം അല്ലാഹുവിന്റെ പക്കലാണെന്ന് മനസ്സിലാക്കിയിട്ടുയുള്ളവരാണ് നമ്മൾ. ബുദ്ധിമുട്ടുണ്ടാകുന്ന നേരത്ത് ലോകത്തിന്റെ മുമ്പിലല്ല മറിച്ച് സർവശക്തികളുടേയും ഉടമസ്ഥനായ അല്ലാഹുവിന്റെ മുമ്പിൽ നമ്മൾ കുനിയേണ്ടതാണ്. അവനോടു സഹായം തേടേണ്ടതാണ്. നമ്മുടെ ക്ഷമയും ദുആയും കാരണത്താൽ നമ്മെ ഈ ബുദ്ധിമുട്ടുകളിൽനിന്ന് മോചിപ്പിക്കുന്നവൻ അവൻ തന്നെയാണ്. മോചനം നല്കും ഇൻശാ അല്ലാഹ്.

**ക്ഷമിക്കുന്നവനും അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുനിയുന്നവനുമായ മുഅ്മിന് അല്ലാഹുവിൽനിന്ന് സുവാർത്തയുടെമേൽ സുവാർത്തയാണുള്ളത്.**

വിശുദ്ധ ഖുർആൻ തിരുഹദീഥുകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ എന്നിവയുടെ വെളിച്ചത്തിൽ, എതിർപുകളും അക്രമങ്ങളും ഉണ്ടാകുമ്പോൾ ദുആ ചെയ്തുകൊണ്ട് പ്രവർത്തിക്കാനുള്ള നിർദേശങ്ങൾ.

ഈയിടെയായി അഹ്‌മദിയ്യാ ജമാഅത്തിലെ അംഗങ്ങളുടെമേൽ വിവിധ രാഷ്ട്രങ്ങളിൽ കഠിനമായ വിഷമങ്ങളുടേയും ബുദ്ധിമുട്ടുകളുടേയും അവസ്ഥകളുണ്ട്. അതിന് നമ്മുടെ ജോലി ക്ഷമയോടും ദുആയോടുംകൂടി അല്ലാഹുവിനോടു സഹായം ചോദിക്കുക എന്നതാണ്. അവന്റെ മുമ്പിൽ കുനിയുക. അവൻ തന്നെയാണ് അയ്മത്തുൽ കുഫ്റിനെ-സത്യനിഷേധത്തിന്റെ ഇമാമുമാരെ പിടിച്ച് അവരിൽനിന്ന് നമ്മെ രക്ഷിക്കുന്നതിന്, അവരുടെ കുതന്ത്രങ്ങളിൽനിന്ന് നമ്മെ രക്ഷിക്കുന്നതിന്, അവരുടെ ഉപായങ്ങളിൽനിന്ന് നമ്മെ രക്ഷിക്കുന്നതിന് കൂടുതൽ ശക്തിയുള്ളവൻ. ജമാഅത്തിന്റെ ചരിത്രത്തിൽ ശത്രു തന്റെ എല്ലാവിധ ശക്തികളോടും മാർഗ്ഗങ്ങളോടുംകൂടെ പ്രവർത്തിച്ചിട്ടും പരാജയപ്പെട്ടുകൊണ്ടിരിക്കുന്നതാണ് നമ്മൾ കണ്ടുവന്നത്. ജമാഅത്തിന്റെ ചുവട് മുന്നോട്ടുതന്നെ ചലിച്ചുകൊണ്ടിരുന്നു.

പാക്കിസ്താനീ മുല്ലമാരുടെ സ്വാധീനത്തിൽ അവിടെത്തെ മുല്ലാക്കളും രാഷ്ട്രീയക്കാരും അഹ്‌മദികളെ അമുസ്‌ലീംകളായി പ്രഖ്യാപിക്കുന്നതിന് കശ്മീർ അസംബ്ലിയിലും പ്രമേയങ്ങൾ അവതരിപ്പിക്കുന്നു. എന്നല്ല അവതരിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. എന്തായാലും ഇവർ എന്താണോ ചെയ്യാൻ ആഗ്രഹിക്കുന്നത് ചെയ്യട്ടെ! പാക്കിസ്താനിലെ അസംബ്ലി അഹ്‌മദികളെ അമുസ്‌ലിംകളായി പ്രഖ്യാപിച്ചിട്ട് എന്താണ് നേടിയത്? ജമാഅത്തിന്റെ ഏതൊരു പുരോഗതിയാണ് തടസ്സപ്പെട്ടത്? അല്ലാഹുവിന്റെ കൃപയാൽ ജമാഅത്ത് പുതിയ പുതിയ മൈതാനങ്ങൾ കരസ്ഥമാക്കി മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. പക്ഷേ, ക്ഷമയോടുകൂടി അല്ലഹുവിന്റെ സഹായത്തിനായി ദുആ ചെയ്യുകയും അവന്റെ മുമ്പിൽ കുനിയുകയും സ്വന്തം നമസ്കാരങ്ങളേയും ആരാധനകളേയും സംരക്ഷിക്കുകയും ചെയ്യുക എന്നത് എല്ലാ അഹ്‌മദികളുടേയും നിർബന്ധ കടമയാണെന്ന കാര്യം ജമാഅത്തംഗങ്ങൾ ഓർക്കേണ്ടതാണ്. ഇക്കാര്യം കൂടുതൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അനന്തരാവകാശികളാക്കുന്നതാണ്.

അൽജീരിയായിലും ബംഗ്ലാദേശിലും ഇന്തൊനേഷയിലും അറബ് രാജ്യങ്ങളിലും അഹ്‌മദികൾക്കെതിരെ ഉണ്ടാകുന്ന എതിർപുകളെ കുറിച്ചുള്ള ചർച്ച. കഴിഞ്ഞ ദിവസം ബംഗ്ലാദേശിൽ മൗലവിമാർ നമ്മുടെ മസ്ജിദിനുമേൽ ആക്രമണം നടത്തി. നമ്മുടെ മുറബ്ബി സാഹിബിന് ഗുരുതരമായ പരിക്കേറ്റു.

തബ്ലീഗ് ചെയ്യുമ്പോൾ എതിരാളികൾക്കുനേരെ കഠിനമായ പദങ്ങൾ ഉപയോഗിക്കുന്നുവെന്ന് ചില അഹ്‌മദികളെ സംബന്ധിച്ച് പരാധിയുണ്ട്. ഇക്കാര്യം സത്യമാണെങ്കിൽ ഞാൻ അത്തരം അഹ്‌മദികളോടു പറയുകയാണ്, അവർ തബ്ലീഗ് ചെയ്യാതിരിക്കുന്നതായിരിക്കും നല്ലത്. ഈ തബ്ലീഗ് അവർക്ക് അല്ലാഹുവിന്റെ സാമീപ്യം നല്കുന്നതിനുപകരം അവരെ അല്ലാഹുവിന്റെ വെറുപ്പിന് പാത്രമാക്കുന്നതായിരിക്കും. സോഷ്യൽ നമീഡിയായിൽ ചില അഹ്‌മദികൾ ദ്വേഷം പിടിച്ച് എതിരാളികൾക്ക് മറുപടി പറയുന്നു എന്ന് പറഞ്ഞത് സത്യമാണെങ്കിൽ അവർ ചെയ്യുന്നത് തെറ്റാണ്. ഇങ്ങനെ ഇവർ ഒരു പാപമല്ല ചെയ്യുന്നത്, പ്രത്യുത പുതിയ തലമുറയേയും അഹ്‌മദിയ്യത്തിൽനിന്ന് അകറ്റിക്കൊണ്ടിരിക്കുന്ന പാപത്തിനും ഇരയാകുകയാണ്. നമ്മുടെ പക്കൽ തെളിവൊന്നുമില്ലെന്നും അതുകൊണ്ടാണ് കഠിനമായ ഭാഷയിൽ മറുപടി നൽകേണ്ടിവരുന്നതെന്നുമുള്ള വിചാരം ചില ചെറുപ്പക്കാരിൽ ഉണ്ടാകുന്നു. വാസ്തവത്തിൽ ഇത് തെറ്റാണ്. ഞാൻ പറഞ്ഞതുപോലെ ചീത്തയ്ക്കുള്ള മറുപടി ചീത്തകൾ കൊണ്ട് നൽകുക എന്നതിന്റെ ഉദ്ദേശ്യം നമ്മുടെ പക്കൽ തെളിവില്ലെന്നാണ്. അതുകൊണ്ട് അത്തരക്കാർ പെട്ടെന്നുതന്നെ തങ്ങളുടെ സ്വഭാവരീതി മാറ്റേണ്ടത് അത്യാവശ്യമാണ്.

ബഹുമാന്യ പി.പി നാസിമുദ്ദീൻ സാഹിബിനെ കുറിച്ചുള്ള അനുസ്മരണവും ജനാസ നമസ്കാരവും

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

2017 മെയ് 12/1396 ഹിജ്റത്ത് 12
മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് മോർഡൻ ലണ്ടൻ(യു.കെ)

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- اَلرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ-
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ- اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ-
صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-
يٰٓأَيُّهَا الَّذِيْنَ اٰمَنُوا اسْتَعِيْنُوْا بِالصَّبْرِ وَالصَّلٰوةِ. إِنَّ اللّٰهَ مَعَ الصّٰبِرِيْنَ (البقرة:154)

വിശ്വസിച്ചവരേ! ക്ഷമയോടും നമസ്കാരത്തോടുംകൂടി അല്ലാഹുവിനോടു സഹായം തേടുക. തീർച്ചയായും അല്ലാഹു ക്ഷമിക്കുന്നവരുടെ കൂടെയാകുന്നു.

മനുഷ്യജീവിതത്തിൽ ഒരുപാട് പ്രശ്നങ്ങൾ വരാറുണ്ട്. അവയെ അഭിമുഖീകരിക്കേണ്ടതായി വരുന്നു. വ്യക്തിപരമായ നിലയിൽ ധാരാളം ഭൗതികമായ ബുദ്ധിമുട്ടുകളിലൂടെ മനുഷ്യൻ കടന്നുപോകുന്നു. ക്ഷമിക്കുക എന്നതല്ലാതെ മറ്റൊരു രക്ഷയുമില്ലാത്ത അവസ്ഥകളും വരുന്നു. ധനത്തിന്റേയും മക്കളുടേയും മറ്റു ഭൗതിക വസ്തുക്കളുടേയും നഷ്ടമുണ്ടാകുന്നു. ലൗകികൻ ഒന്നുകിൽ കരഞ്ഞും നെഞ്ചത്തടിച്ചും അത്തരം അവസ്ഥകളിലുണ്ടാകുന്ന ഈ നഷ്ടം സഹിക്കുന്നു. ഭൂരിഭാഗമാളുകളിലും ഈ സഹനം ഉണ്ടാകുകയില്ല. ഇനി ഒരു ഭൗതികൻ സഹിക്കുകയാണെങ്കിൽത്തന്നെയും ദൈവത്തെ നിഷേധിച്ചുകൊണ്ടുള്ള വാക്യങ്ങളും ദൈവത്തോടു പരാതിപ്പെട്ടുകൊണ്ടുള്ള വാക്കുകളും അവന്റെ വായിൽനിന്ന് പുറപ്പെടുന്നു. അല്ലെങ്കിൽ ഭൗതികമായ നഷ്ടങ്ങളെ സഹിക്കാൻ പറ്റാതെ ബുദ്ധിയുടെ സമനില തെറ്റിപ്പോകുന്നവരുമുണ്ട്. പക്ഷേ, അല്ലാഹുവിന്റെ കുറച്ചാളുകളുണ്ട്. അവർക്ക് ജീവന്റേയും ധനത്തിന്റേയും നഷ്ടം സഹിക്കേണ്ടതായി വരുന്നു. അല്ലെങ്കിൽ മാനസിക്കമായ പീഢനങ്ങളിലൂടെ കടന്നു പോകേണ്ടിവരുന്നു. അല്ലെങ്കിൽ ശാരീരികമായ പീഢനങ്ങൾ - അടിയുടേയും മർദനത്തിന്റേയും രൂപത്തിൽ സഹിക്കേണ്ടതായി വരുന്നു. അല്ലാഹുവിന്റെ കല്പനകൾ അംഗീകരിച്ചുകൊണ്ട് അല്ലാഹു അയച്ച ഏതെങ്കിലും നബിയിലോ ദൂതനിലോ അവർ വിശ്വസിക്കുന്നതുകൊണ്ടു മാത്രമാണിത്. അതായത് അവരുടെ ഭൗതികമായ സാമ്പത്തിക നഷ്ടവും അല്ലാഹുവിനുവേണ്ടിയുള്ളതാണ്. ജീനഷ്ടവും അല്ലാഹുവിനുവേണ്ടിയുള്ളതാണ്. പക്ഷേ, അവർ ഒരു പരാതിയും കൂടാതെ ഈ എല്ലാ നഷ്ടങ്ങളിലൂടെയും കടന്നുപോകുന്നു. അതേ!അല്ലാഹുവിനോടു അവർ ദുആ തീർച്ചയായും ചെയ്യുന്നു: 'അല്ലാഹുവേ! ഞങ്ങളോടു ഇതെല്ലാം ചെയ്യുന്നത് നീ അയച്ച ആളെ ഞങ്ങൾ വിശ്വസിച്ചതുകൊണ്ടുമാത്രമാ

ണ്. നീ ഞങ്ങളുടെ ക്ഷമിക്കാനുള്ള ശക്തികളെ വർധിപ്പിച്ചു തന്നാലും. ഞങ്ങളെ സഹായിക്കാൻ നീ നേരിട്ടു വന്നാലും. ഈ അക്രമികളുടെ അക്രമ ങ്ങളിൽനിന്ന് ഞങ്ങളെ രക്ഷിച്ചാലും. നിനക്കുവേ ണ്ടി ഏതൊരു പരീക്ഷണങ്ങളിലൂടെയാണോ ഞ ങ്ങൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത് അതിൽ ഞങ്ങളുടെ പാദങ്ങൾ ഉറപ്പിച്ചു നിറുത്തിയാലും.'

മറ്റുലോകക്കാർ നബിമാരുടെ ചരിത്രങ്ങൾ പഠി ക്കുന്നുണ്ട് അല്ലെങ്കിൽ കേൾക്കുന്നുണ്ട്. മറ്റു മുസ് ലീംകൾ വിശുദ്ധ ഖുർആനിൽ നബിമാരുടേയും അവരെ വിശ്വസിക്കുന്നവരുടേയും കാര്യങ്ങൾ വായിക്കുകയും കേൾക്കുകയും ചെയ്യുന്നു. പ്രാ രംഭകാല മുസ്‌ലീംകൾക്കുണ്ടായ സംഭവങ്ങളും അവർ അനുഭവിച്ച പീഢന കാര്യങ്ങളും വായി ക്കുന്നു. അല്ലെങ്കിൽ തങ്ങളുടെ ഉലമായിൽനി ന്ന് കേൾക്കുന്നു. പക്ഷേ, മുഹമ്മദി മസീഹിനെ വിശ്വസിച്ച കാരണത്താൽ, നബി(സ)തിരുമേനി യുടെ സത്യ ദാസനെ വിശ്വസിച്ചകാരണത്താൽ, ഇസ്‌ലാമിന്റെ പുനരുദ്ധാരണത്തിന് വന്ന അല്ലാ ഹുവിന്റെ വരിഷ്ഠ ദാസനിൽ വിശ്വസിച്ച കാര ണത്താൽ പ്രാവർത്തികമായി ഈ അവസ്ഥയി ലൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കുന്നവരാണ് അഹ്‌മദി മുസ്‌ലീംകൾ. അത് മറ്റുള്ളവർക്ക് ഒരു പക്ഷേ, മതപരമായ അക്രമങ്ങളുടെ പഴഞ്ചൻ സംഭവങ്ങളും കഥകളുമായിരിക്കും.

മറ്റു ചില സംഘങ്ങൾക്കും കക്ഷികൾക്കും തങ്ങളും മതപരമായ കാരണത്താൽ എതിർപ്പു കളും ശത്രുതകളും നേരിട്ടുകൊണ്ടിരിക്കുന്നവ രാണെന്ന് പറയാവുന്നതാണ്. പക്ഷേ, ഈ എല്ലാ കൂട്ടരും ഈ ജമാഅത്തുകളും ഈ സംഘ ങ്ങളും അവസരം കിട്ടുമ്പോൾ തങ്ങളുടെ എതി രാളികളോടും ശത്രുക്കളോടും അതേ രീതിയിൽ അക്രമം ചെയ്ത് പ്രതികാരം ചെയ്യുന്നവരാണ്. പക്ഷേ, അഹ്‌മദികളൊന്നുമാത്രമാണ് മുഅ്മി നാണെന്ന മാതൃക കാഴ്ചവെച്ചും നിയമം തങ്ങ ളുടെ കൈയിലെടുക്കാതെയും അക്രമങ്ങളിൽ ക്ഷമിച്ചുകൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ കുനി യുന്നവരും അവനോടു സഹായം തേടുന്നവ രും. അതിനാൽ അഹ്‌മദി മുസ്‌ലീംകളും ലോക ത്തിലെ മറ്റു ആളുകളും തമ്മിലുള്ള വളരെ വലിയൊരു അന്തരമാണിത്.

നമ്മൾ മസീഹ് മൗഊദിനെ വിശ്വസിച്ചവരാ ണ്. അതുകൊണ്ട് നമ്മൾ അങ്ങനെ ആകേണ്ട വരുമാണ്. ഭൗതികമായ പരീക്ഷണങ്ങളും എതി രാളികളുടെ ശത്രുതകളുംകൊണ്ട് ക്ഷമയുടെ കോന്തല കൈയിൽനിന്ന് വിട്ടുകളയുന്നവരല്ല നമ്മൾ. അങ്ങനെതന്നെയാണ് നമ്മൾ ആകേ ണ്ടതും. ഇക്കാരണത്താൽ നമ്മുടെ ഈമാനിൽ നിന്ന് നമ്മൾ പിന്നാക്കം മാറുന്നവരുമല്ല. ന മ്മുടെ ദുഃഖങ്ങൾക്കുള്ള ചികിത്സ കേവലം അല്ലാഹുവിന്റെ പക്കലാണെന്ന് മനസ്സിലാക്കി യിട്ടയുള്ളവരാണ് നമ്മൾ. ബുദ്ധിമുട്ടുണ്ടാകുന്ന നേരത്ത് ലോകത്തിന്റെ മുമ്പിലല്ല മറിച്ച് സർവ ശക്തികളുടേയും ഉടമസ്ഥനായ അല്ലാഹുവിന്റെ മുമ്പിൽ നമ്മൾ കുനിയേണ്ടതാണ്. അവനോടു സഹായം തേടേണ്ടതാണ്. നമ്മുടെ ക്ഷമയും ദുആയും കാരണത്താൽ നമ്മെ ഈ ബുദ്ധിമുട്ടു കളിൽനിന്ന് മോചിപ്പിക്കുന്നവൻ അവൻ തന്നെ യാണ്. മോചനം നല്കും ഇൻശാ അല്ലാഹ്! ആത്മാർത്ഥരായിക്കൊണ്ട് തന്നിലേക്ക് കുനിയു ന്നവരെ വെറുംകൈയോടെ അവൻ ഒരിക്കലും തിരിച്ചയക്കുകയില്ല. അവനുവേണ്ടിയും അവൻ സ്ഥാപിച്ചിട്ടുള്ള ജമാഅത്തിനുവേണ്ടിയും ത്യാഗ ങ്ങൾ വരിക്കുന്നവർക്ക് തീർച്ചയായും അവൻ പ്രതിഫലം നല്കുന്നു. നമ്മൾ നബി(സ) തിരു മേനി പറഞ്ഞ, 'സത്യവിശ്വാസിയുടെ കാര്യവും അത്ഭുതകരമാണ്, അവന്റെ എല്ലാ കാര്യവും നന്മയിൽ അധിഷ്ഠിതമാണ്, ഈ സ്ഥാനം കേവലം സത്യവിശ്വാസിക്ക് മാത്രമാണ് ലഭിച്ചി ട്ടുള്ളത്, അവന് എന്തെങ്കിലും സന്തോഷമുണ്ടാ യാൽ അവൻ അതിൽ നന്ദി രേഖപ്പെടുത്തുന്നു. അൽഹംദുലില്ലാഹ് എന്ന് ചൊല്ലുന്നു. അല്ലാഹു വിന്റെ തിരുസന്നിധിയിൽ സാഷ്ടാംഗം പ്രണമി ക്കുന്നു. ഇക്കാര്യം അവന് നന്മയ്ക്ക് കാരണമാ കുന്നു. അവന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാ യാൽ അവൻ ക്ഷമിക്കുന്നു. ഇക്കാര്യവും അവന് നന്മയ്ക്ക് കാരണമായിത്തീരുന്നു' എന്ന ഈ നിർ ദ്ദേശമനുസരിച്ച് പ്രവർത്തിക്കുന്നവരാണ്. അതി ന്റെ ഗ്രാഹ്യം ഉൾക്കൊള്ളുന്നവരാണ്.' (സഹീഹ് മുസ്‌ലിം, കിത്താബുസ്സുഹ്ദ്, ഹദീസ് 7500)

അല്ലാഹുവിന്റെ വഴിയിൽ വലിയ ബുദ്ധിമുട്ടു കൾ ഉണ്ടാകുകയോ അല്ലെങ്കിൽ വലിയ വലിയ പ്രയാസങ്ങൾ വരുകയോ ആണെങ്കിൽ അതിൽ ക്ഷമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതും അവന്റെ നന്മയ്ക്ക് കാരണമാകുന്നതാണ്. പ ക്ഷേ തന്റെ ദാസരെ സഹായിക്കുന്നവനാണ് അല്ലാഹു. ചെറിയ ചെറിയ ബുദ്ധിമുട്ടുകൾ സത്യ വിശ്വാസിക്കുണ്ടാകുമ്പോൾ അതിനും അവൻ അവനെ അനുഗ്രഹിക്കാതെ വിട്ടുകളയുന്നില്ല. ഇക്കാര്യം വിവരിച്ചുകൊണ്ട് ഒരവസരത്തിൽ നബി(സ) തിരുമേനി പറഞ്ഞു: മുസ്‌ലിംകൾക്ക് എന്തൊരു ക്ഷീണവും രോഗവും അസ്വസ്ഥതയും ബുദ്ധിമുട്ടും ദുഃഖവമുണ്ടായാലും എത്രത്തോള മെന്നാൽ അവന് ഒരു മുള്ള് തറച്ചാൽപോലും അതിനു പകരമായി അല്ലാഹു അവന്റെ ചില തെറ്റുകുറ്റങ്ങൾ മാപ്പാക്കി കൊടുക്കുന്നു." (സ്വ ഹീഹുൽ ബുഖാരി, ഹഥീദ് 5441)

അതിനാൽ തന്റെ ദാസനെ ഒരു മുഅ്മിൻ അഥവാ സത്യവിശ്വാസിയെ നിസാരമായ കാര്യങ്ങ ളിൽപോലും കടാക്ഷിക്കുന്ന ആ റഹീമും കരീമു മായവനാണ് നമ്മുടെ അല്ലാഹു. ക്ഷമിക്കുന്നവനും അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുനിയുന്ന വനുമായ മുഅ്മിന് അല്ലാഹുവിൽനിന്ന് സുവാ ർത്തയുടെമേൽ സുവാർത്തയാണുള്ളത്.

ഒരു അവസരത്തിൽ നബി(സ)തിരുമേനി നമു ക്ക് ക്ഷമയുടേയും ദുആയുടേയും പ്രാധാന്യം വിവരിച്ചു തന്നുകൊണ്ടും അതിനുപകരമുള്ള അല്ലാഹുവിന്റെ സമീപനം വിവരിച്ചുകൊണ്ടും പറഞ്ഞു:'അല്ലാഹുവിന്റെ വഴിയിൽ ഒഴുകുന്ന രക്തത്തുള്ളികളെക്കാളും രാത്രിനേരത്ത് നഫ്ൽ നമസ്കരിച്ചുകൊണ്ട് ദൈവഭയത്തിന്റെ ഫല മായി കണ്ണിൽനിന്ന് ഇറ്റുവീഴുന്ന കണ്ണീർ തുള്ളി കളെക്കാളുമുപരി ഒരു തുള്ളിയും അല്ലാഹുവിന് ഇഷ്ടമല്ല. മനുഷ്യൻ ക്ഷമിച്ചുകൊണ്ട് കുടിക്കുന്ന ഒരു കവിൾ ദുഃഖത്തെക്കാളുപരി പ്രിയങ്കരമായി അല്ലാഹുവിന് മറ്റൊരു ദുഃഖവുമില്ല.' അതായത് മനുഷ്യന് ബുദ്ധിമുട്ടുകൾ ഉണ്ടാകുമ്പോൾ വിഷ മത്തിന്റെ അവസ്ഥയുണ്ടാകുമ്പോൾ അവൻ ക്ഷമിക്കുകയും അല്ലാഹുവിനുവേണ്ടി സഹനം കൈക്കൊള്ളുകയും ചെയ്യുമ്പോൾ അല്ലാഹു ആ ക്ഷമ അങ്ങേയറ്റം ഇഷ്ടപ്പെടുന്നു. പറഞ്ഞു: 'ഇപ്രകാരംതന്നെ അല്ലാഹുവിന് ദ്വേഷം കുടിച്ചി റക്കുന്നതിനേക്കാൾ കൂടുതൽ ഇഷ്ടപ്പെട്ടത് മറ്റൊ ന്നുമില്ല. ദ്വേഷം അമർത്തുന്നതിന്റെ ഫലമായി മനുഷ്യൻ അത് കുടിച്ചിറക്കുകയാണ് ചെയ്യു ന്നത്.' അതായത് ദ്വേഷം വരുമ്പോൾ അത് കുടി ച്ചിറക്കുന്നവനെ അല്ലാഹുവിന് ഏറെ ഇഷ്ടമാണ്. (മുസന്നിഫ്, ഇബ്നു അബീശീബ, വാള്യം 8, പേജ് 141, ഹദീഥ് 108). ദ്വേഷം അമർത്തുകയും ക്ഷമിക്കുകയും ചെയ്യുന്ന ധാരാളം അവസര ങ്ങൾ മനുഷ്യന് ഉണ്ടാകാറുണ്ട്. അല്ലാഹുവിനു വേണ്ടി മാത്രം ക്ഷമിക്കുമ്പോൾ അതുമുഖേന അവൻ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കു ന്നവനായിത്തീരുന്നു.

അതിനാൽ ആർക്കെങ്കിലും നഷ്ടം ഉണ്ടാ യിക്കൊണ്ടിരിക്കുന്ന വ്യക്തിപരമായ കാര്യങ്ങ ളായാലും വേണ്ടില്ല ജമാഅത്തുപരമായ കാര്യ ങ്ങളായാലും വേണ്ടില്ല അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കണമെങ്കിൽ, അല്ലാഹുവിന്റെ സ്നേ ഹം കരസ്ഥമാക്കണമെങ്കിൽ നബി(സ)തിരുമേ നി പറഞ്ഞ അടിസ്ഥാന പരമായ കാര്യം, അല്ലാ ഹുവിന്റെ മുമ്പിൽ കുനിയുകയും ക്ഷമ പ്രകടിപ്പി ക്കുകയും ചെയ്യുക എന്നതാണ്. അല്ലാഹുവിന്റെ സാമീപ്യം പ്രാപ്തമാക്കുന്നത് അതാണ്. മറ്റൊ രു നിവേദനത്തിൽ വന്നിരിക്കുന്നു, അല്ലാഹു തന്റെ സമീപസ്ഥരായ ആളുകൾക്കുവേണ്ടി വലിയ ആത്മീയരോഷം ഉൾക്കൊള്ളുന്നവനാ ണ്. ബുദ്ധിമുട്ടിക്കുകയും നഷ്ടം വരുത്തുകയും ചെയ്യുന്ന ശത്രുവിനെ പിടിക്കുന്നു.'(സ്വഹീ ഹുൽബുഖാരി കിതാബുർരിഖാഖ് ഹദീഥ് 6502)

ഏതൊരു കാര്യമാണോ അല്ലാഹു തന്റെ കൈയിലെടുക്കുന്നത് അതിനെ മനുഷ്യൻ തന്റെ കൈയിലെടുക്കേണ്ട ആവശ്യമെന്താണ്. ഇതു മാത്രമല്ല അല്ലാഹു തന്നിലേക്ക് കുനിയുന്നവരു ടേയും ക്ഷമിക്കുന്നവരുടേയും ശത്രുക്കളോടു പ കരം ചോദിക്കുന്നതാണ്. എന്നല്ല ഒരു അവസ രത്തിൽ നബി(സ)തിരുമേനി പറഞ്ഞു:'മനുഷ്യ രുടെമേൽ അക്രമം ചെയ്യപ്പെടുകയും അവർ ക്ഷമയോടെ വർത്തിക്കുകയും ചെയ്യുമ്പോൾ അല്ലാഹു അവർക്ക് അന്തസ് പ്രദാനം ചെയ്യു ന്നു.'(സുനനുത്തുർമുദി അബ്‌വാബുസ്സുഹ്ദ് ഹദീഥ് 2325) ആർക്കാണോ അല്ലാഹു അന്തസ് നല്കുന്നത് അതിനെക്കാളുപരിയായി ഒരു മനു ഷ്യന് എന്തു ബഹുമതിയാണ് വേണ്ടത്.

ഈയിടെയായി അഹ്‌മദിയ്യാ ജമാഅത്തിലെ അംഗങ്ങളുടെമേൽ വിവിധ രാഷ്ട്രങ്ങളിൽ കഠിന മായ വിഷമങ്ങളുടേയും ബുദ്ധിമുട്ടുകളുടേയും അവസ്ഥകളുണ്ട്. അതിന് നമ്മുടെ ജോലി ക്ഷമ യോടും ദുആയോടുംകൂടി അല്ലാഹുവിനോടു സഹായം ചോദിക്കുക എന്നതാണ്. അവന്റെ മുമ്പിൽ കുനിയുക. അവൻ തന്നെയാണ് അയ്മ ത്തുൽ കുഫ്റിനെ-സത്യനിഷേധത്തിന്റെ ഇമാ മുമാരെ പിടിച്ച് അവരിൽനിന്ന് നമ്മെ രക്ഷിക്കു ന്നതിന്, അവരുടെ കുതന്ത്രങ്ങളിൽനിന്ന് നമ്മെ രക്ഷിക്കുന്നതിന്, അവരുടെ ഉപായങ്ങളിൽനിന്ന് നമ്മെ രക്ഷിക്കുന്നതിന് കൂടുതൽ ശക്തിയുള്ള വൻ. ജമാഅത്തിന്റെ ചരിത്രത്തിൽ ശത്രു തന്റെ എല്ലാവിധ ശക്തികളോടും മാർഗ്ഗങ്ങളോടുംകൂടെ പ്രവർത്തിച്ചിട്ടും പരാജയപ്പെട്ടുകൊണ്ടിരിക്കുന്ന താണ് നമ്മൾ കണ്ടുവന്നത്. ജമാഅത്തിന്റെ ചുവട് മുന്നോട്ടുതന്നെ ചലിച്ചുകൊണ്ടിരുന്നു.

പ്രയാസങ്ങളുടേയും ബുദ്ധിമുട്ടുകളുടേയും കാ ലഘട്ടത്തിലൂടെ നബി(സ) തിരുമേനിക്കും അവി ടത്തെ സഹാക്കൾക്കും കടന്നുപോകേണ്ടിവന്നി ട്ടുണ്ട്. അതിലൂടെ കടന്നുകൊണ്ടുതന്നെയാണ് പിന്നീട് വിജയങ്ങൾ ലഭിച്ചതും. അങ്ങനെ വരു മ്പോൾ നമ്മൾ എത്ര നിസ്സാരരാണ്. നമ്മൾ ബു ദ്ധിമുട്ടൊന്നും കൂടാതെ സഹനമൊന്നും കൂടാ തെ വിജയങ്ങൾ കരസ്ഥമാക്കുന്നു. നബി(സ) തിരുമേനിയുടെ ഈ ബുദ്ധിമുട്ടിന്റെ കാലത്തെ സ്മരിച്ചുകൊണ്ട് ഒരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'13 വർഷക്കാലം കുറവൊന്നുമല്ല. ഈ കാല യളവിൽ നബി(സ)തിരുമേനി എത്രമാത്രം ദുഃഖ മാണ് പേറിയത്. അത് വിവരിക്കുന്നത് എളുപ്പ മല്ല. ജനതങ്ങൾ ബുദ്ധിമുട്ടുകളും പീഡനങ്ങളും ഒന്നും ബാക്കിവെച്ചില്ല.' പറഞ്ഞു: 'ഒരു ഭാഗത്ത് അല്ലാഹുവിൽനിന്ന് ക്ഷമിക്കാനും ഉറച്ചുനിൽ ക്കാനും നിർദ്ദേശമുണ്ടായികൊണ്ടിരുന്നു.' (ഒരു ഭാഗത്ത് ജനത ബുദ്ധിമുട്ടുകൾക്കുമേൽ ബുദ്ധി മുട്ട് നൽകിക്കൊണ്ടു പോകുന്നു. മറുഭാഗത്ത് ധൈര്യം കാണിക്കുക എന്നതായിരുന്നു ദൈ വകല്പന.) പറയുന്നു: എപ്രകാരം മുൻകഴി ഞ്ഞ നബിമാർക്ഷമിച്ചുവോ അതുപോലെനീയും ക്ഷമി ക്കുക എന്ന് ആവർത്തിച്ചാവർത്തിച്ച് കല്പന ഉണ്ടാകുന്നു. നബി(സ) തിരുമേനി പൂ ർണമായ ക്ഷമയോടുകൂടി ആ ബുദ്ധിമുട്ടുകളെ സഹിച്ചിരു ന്നു. പ്രബോധനത്തിൽ ഒരു മടിയും കാണിച്ചി രുന്നില്ല. മറിച്ച് ചുവട് മുന്നോട്ടുതന്നെ വെച്ചിരു ന്നു.' പറഞ്ഞു: 'വാസ്തവമിതാണ്. നബി(സ)

തിരുമേനിയുടെ ക്ഷമ മുൻകഴിഞ്ഞ നബിമാരുടേതുപോലെയായിരുന്നില്ല. കാരണം അവർ ഒരു പരിമിതമായ ജനതയ്ക്കുവേണ്ടിയാണ് നിയമിതരായിവന്നത്. അതുകൊണ്ട് അവരുടെ ബുദ്ധിമുട്ടുകളും അവരുടെ വിഷമങ്ങളും അതുപോലെതന്നെ പരിമിതമായിരുന്നു. പക്ഷേ, അതിന്നെതിരിൽ നബി(സ) തിരുമേനിയുടെ ക്ഷമ വളരെ വലുതായിരുന്നു. കാരണം ഏറ്റവുമാദ്യം ആ മഹാത്മാവിന്റെതന്നെ ജനത അദ്ദേഹത്തിന്നെതിരായിരുന്നു. പീഢിപ്പിക്കുന്നതിന് അവർ പിന്നാലെ കൂടി. പിന്നീട് ക്രിസ്ത്യാനികളും ശത്രുക്കളായിത്തീർന്നു.' (മൽഫൂദാത്ത്, വാള്യം7, പേജ് 198-199, 1985 ലണ്ടൻ എഡിഷൻ)

നബി(സ)തിരുമേനിയുടെ ദാസത്വത്തിൽ ഇസ്ലാമിന്റെ പുനരുഥാനത്തിനും എല്ലാമതങ്ങളുടേയുംമേൽ ഇസ്ലാമിന്റെ ശ്രേഷ്ഠത സ്ഥാപിക്കുന്നതിനും മുസ്ലീംകളിലെ കക്ഷിത്വമെല്ലാം അവസാനിപ്പിച്ച് ഒരൊറ്റ കൈയിൽ അവരെ സംഘടിപ്പിച്ച് ഒരേയൊരു സമുദായമാക്കുന്നതിനും വണ്ടിവന്ന മഹാത്മാവിന് ബയ്അത്തുചെയ്തു ജമാഅത്തിൽ വന്ന നമുക്കും സ്വന്തക്കാരുടേയും അന്യരുടേയും എല്ലാവരുടേയും എതിർപുകളെ നേരിടേണ്ടതായി വരും. ഇസ്ലാമിന്റെ ആരംഭകാലത്ത് മുസ്ലീംകൾക്ക് നേരിടേണ്ടി വന്നതുപോലുള്ള എതിർപുകൾ അന്യർ ഇപ്പോൾ തുറന്ന നിലയിൽ ലോകത്തിലെ മിക്ക രാജ്യങ്ങളിലും കാണിക്കാറില്ല. എന്നല്ല ഈ അമുസ്ലീംകൾ എതിർക്കുന്നുണ്ടെങ്കിൽത്തന്നെയും വലിയ സമർഥമായ രീതിയിലും ചിന്തിച്ചും മനസ്സിലാക്കിയും തങ്ങൾ ഒരു അക്രമവും ചെയ്യുന്നില്ല എന്ന് തോന്നുംവിധമുള്ള മാർഗമാണ് ഇസ്ലാമിന്റെ മേൽ ആക്രമണം നടത്തുന്നതിന് സ്വീകരിക്കുന്നത്. എന്തായാലും അവർ അത് ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. അവരേയും നമ്മൾ അതേ രീതിയിൽ പ്രതിരോധിക്കേണ്ടതാണ്. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'ഇസ്ലാമിന്റെ ശത്രുക്കൾ ഇസ്ലാമിനെ നശിപ്പിക്കുന്നതിനുവേണ്ടി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ആയുധം തന്നെയാണ് നമ്മളും ഉപയോഗിക്കേണ്ടത്. അത് സാഹിത്യത്തിന്റേയും പ്രബോധനത്തിന്റേയും ആയുധമാണ്.'(ചശ്മയെ മഅ്രിഫത്ത്, റൂഹാനീ ഖസായിൻ വാള്യം 23 പേജ് 93)

അമുസ്ലിം ലോകത്ത് ഇസ്ലാം വ്യാപിക്കാൻ തുടങ്ങുകയും ഇവിടെത്തെ തദ്ദേശവാസികളും ഇസ്ലാം സ്വീകരിച്ചുകൊണ്ടിരിക്കുന്നുവെന്ന് അവർ കാണുകയും ചെയ്യുമ്പോൾ പിന്നീട് അവരും ജമാഅത്തിനെ എതിർക്കുന്നതാണ്. എന്നല്ല ചിലസ്ഥലങ്ങളിൽ അങ്ങനെ സംഭവിച്ചുകൊണ്ടിരിക്കുന്നുമുണ്ട്. ആരംഭത്തിൽ ചില ചർച്ചുകൾ വളരെ സന്തോഷത്തോടെ നമുക്ക് നമ്മുടെ ഫംഗ്ഷൻ നടത്തുന്നതിന് സ്ഥലം തന്നിരുന്നു. പക്ഷേ, ജനങ്ങളുടെ ചായ്വ് ഈ ഭാഗത്തേക്കുണ്ടാകുന്നുവെന്ന് കണ്ടപ്പോൾ എതിർപു തുടങ്ങി. സ്ഥലം തരുന്നത് തടഞ്ഞു. അഹ്മദിയ്യാ ജമാഅത്ത് പ്രബോധിച്ചുകൊണ്ടിരിക്കുന്നതും വ്യാപിച്ചുകൊണ്ടിരിക്കുന്നതുമായ ഈ യഥാർഥ ഇസ്ലാം ഒരു കാലത്ത് വിജയം കരസ്ഥമാക്കുമെന്ന് അവർക്ക് മനസ്സിലായികൊണ്ടിരിക്കുകയാണ്. അഹ്മദിയ്യാ ജമാഅത്തു മുഖേനതന്നെ ഈ യഥാർഥ ഇസ്ലാം വ്യാപിക്കണമെന്നത് വിധിക്കപ്പെട്ടിട്ടുള്ളതാണ്. പക്ഷേ, ഇക്കാലത്ത് മുസ്ലീംകളുടെ മുല്ലാക്കമാർ തങ്ങളുടെ മിമ്പറുകൾ തട്ടിപ്പറിച്ചെടുക്കപ്പെടുമോ എന്ന ഭയത്താൽ എല്ലായിടത്തും എതിർപ്പിൽ മുന്നിട്ടു നില്ക്കുന്നു. പഴയകാലത്ത് മതത്തിനുമേൽ ചെയ്യപ്പെട്ടിട്ടുള്ളതുപോലുള്ള അക്രമം ചെയ്തുകൊണ്ടിരിക്കുകയാണ്. മുല്ലാക്കളുടെ പിന്നാലെ നടക്കുന്ന തങ്ങളുടെ വോട്ടർമാർ കൈയിൽനിന്ന് വിട്ടുപോകുമോ എന്ന ഭയത്താൽ രാഷ്ട്രീയക്കാരും വോട്ടിനും ഓശാരമായ പ്രശസ്തിക്കുംവേണ്ടി അവരുടെ പിന്നാലെ നടക്കുന്നു. അവർക്കാണെങ്കിൽ മതത്തിന്റെ 'അലിഫ് ബാ' പോലും അറിയില്ലെന്നതാണ് വാസ്തവം. അധികമാളും നമസ്കരിക്കുന്നുമുണ്ടാവില്ല. എന്നല്ല വല്ലപ്പോഴും ജുമുഅയക്കും പെരുന്നാൾ നമസ്കാരത്തിനും വരുന്നുണ്ടാകാം. പക്ഷേ, ഇസ്ലാമിന്റെ ആത്മീയരോഷത്തിന്റേപേരിൽ അഹ്മദികളുടെമേൽ ആക്രമണം നടത്തുകതന്നെ ചെയ്യുന്നു. അല്ലെങ്കിൽ അസംബ്ലികളിൽ നിയമം പാസാക്കിക്കാൻ പരിശ്രമിക്കുന്നു.

പാക്കിസ്താനീ മുല്ലമാരുടെ സ്വാധീനത്തിൽ അവിടെത്തെ മുല്ലാക്കളും രാഷ്ട്രീയക്കാരും അഹ്മദികളെ അമുസ്ലീംകളായി പ്രഖ്യാപിക്കുന്നതിന് കശ്മീർ അസംബ്ലിയിലും പ്രമേയങ്ങൾ അവതരിപ്പിക്കുന്നു. എന്നല്ല അവതരിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. എന്തായാലും ഇവർ എന്താണോ ചെയ്യാൻ ആഗ്രഹിക്കുന്നത് ചെയ്യട്ടെ! പാക്കിസ്താനിലെ അസംബ്ലി അഹ്മദികളെ അമുസ്ലിംകളായി പ്രഖ്യാപിച്ചിട്ട് എന്താണ് നേടിയത്? ജമാഅത്തിന്റെ ഏതൊരു പുരോഗതിയാണ് തടസ്സപ്പെട്ടത്? അല്ലാഹുവിന്റെ കൃപയാൽ ജമാഅത്ത് പുതിയ പുതിയ മൈതാനങ്ങൾ കരസ്ഥമാക്കി മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. പക്ഷേ, ക്ഷമയോടുകൂടി അല്ലഹുവിന്റെ സഹായത്തിനാ യിദുആ ചെയ്യുകയും അവന്റെ മുമ്പിൽ കുനിയുകയും സ്വന്തം നമസ്കാരങ്ങളേയും ആരാധനകളേയും സംരക്ഷിക്കുകയും ചെയ്യുക എന്നത് എല്ലാ അഹ്മദികളുടേയും നിർബന്ധ കടമയാണെന്ന കാര്യം ജമാഅത്തംഗങ്ങൾ ഓർക്കേണ്ടതാണ്. ഇക്കാര്യം കൂടുതൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അനന്തരാവകാശികളാക്കുന്നതാണ്.

അൽജീരിയായിൽ എതിർപുണ്ട്. കഴിഞ്ഞ ഖുത്ബകളിൽ ഇത് പല പ്രാവശ്യം പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. അഹ്മദിയ്യത്ത് കാരണത്താൽ ഒരുപാടാളുകൾ ജയിലുകളിലാണ്. ഇവർക്ക് ഒരുവർഷം മുതൽ മൂന്നുവർഷംവരെ തടവു വിധിച്ചിരിക്കുകയാണ്. ഡസൻകണക്കിന് അഹ്മദികളുടെ ശിക്ഷകൾ വിളംബരം ചെയ്തുകഴിഞ്ഞിരിക്കുന്നു. ഇപ്പോൾ അവരെ ജയിലുകളിൽ അയച്ചിട്ടില്ലെങ്കിലും ഏതുസമയവും അവരെ പിടിച്ച് ജയിലിൽ ഇടാവുന്നതാണ്. അഹ്മദിയ്യത്തിന്റെ അഭിവൃദ്ധി മുല്ലാക്കളുടെ കുറിയ്ക്ക് കൊള്ളുന്നതുകൊണ്ടാണ് വിവിധ രീതിയിലുള്ള നിയന്ത്രണങ്ങൾ ഏർപെടുത്തുന്നത്. അവർക്ക് അത് സഹിക്കാൻ കഴിയുന്നില്ല.

ഇപ്രകാരംതന്നെ ബംഗ്ലാദേശിൽ നിരന്തരം എതിർപ് നടന്നുകൊണ്ടിരിക്കുന്നു. ഇന്തൊനേഷ്യയിലും നടക്കുന്നു. അറേബ്യൻ രാജ്യങ്ങളിലും നടക്കുന്നു. കഴിഞ്ഞ ദിവസം മൗലവിമാർ ബംഗ്ലാദേശിൽ മേമൻസിംഗ് ജില്ലയിലെ കസബയായ ശോഹാഗായിലുള്ള നമ്മുടെ മസ്ജിദിനുമേൽ ആക്രമണം നടത്തി. നമ്മുടെ മുറബ്ബി മുസ്തഫീളുർറഹ്മാൻ സാഹിബിനെ കഠാരകൾകൊണ്ട് കുത്തി കഠിനമായി പരിക്കേൾപിച്ചു. എത്രമാത്രം ശക്തമായ ആക്രമണമാണ് നടത്തിയതെന്നാൽ അദ്ദേഹത്തിന്റെ ശരീരത്തെ അരിപ്പയാക്കിക്കളഞ്ഞു. വയറിനുതാഴേയേറ്റ കുത്തുകൊണ്ട് അദ്ദേഹത്തിന്റ വൃക്ക പുറത്തുവന്നു. കഴുത്തിനും കുത്തേറ്റു. ജീവനാഡി മുറിയുന്നതിൽനിന്ന് രക്ഷപ്പെട്ടു. പക്ഷേ, എല്ലാ സ്ഥലത്തുനിന്നും ചോര ചീറ്റുകയായിരുന്നുവെന്ന് ദൃക്സാക്ഷികൾ പറയുന്നു. എന്തായാലും സംഭവസ്ഥലത്ത് പോലീസ് വന്ന് അദ്ദേഹത്തെ ആശുപത്രിയിലെത്തിച്ചു. ജമാഅത്തിലെ അംഗങ്ങളും ആശുപത്രിയിലെത്തി. ഖുദ്ദാമും ക്ഷണത്തിലെത്തി അദ്ദേഹത്തിന് രക്തം നല്കി. അല്ലാഹു കൃപ ചൊരിഞ്ഞു. അവിടെ വിദഗ്ദ്ധരായ ഡോക്ടർമാരുമുണ്ടായിരുന്നു. നല്ല ചികിത്സയും നടന്നുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ഓപ്റേഷൻ മണിക്കൂറുകൾ നീണ്ടുനിന്നു. എന്തായാലും ഇന്നലെവരെ കിട്ടിയ റിപ്പോർട്ടനുസരിച്ച് Stable ആണ്. പക്ഷേ, ഇപ്പോഴും അപകടനില തരണം ചെയ്തിട്ടില്ല. അല്പം ബോധവും തെളിഞ്ഞിരുന്നു. ബോധം തെളിഞ്ഞപ്പോൾ സംസാരിക്കാൻ സാധിക്കുമായിരുന്നില്ല. പക്ഷേ, പേനയും കടലാസുമെടുത്ത് അദ്ദേഹം എഴുതിപ്പറഞ്ഞ കാര്യത്തിലും ഒരു മുഅ്മിന്റെ പ്രൗഢിയുണ്ട്. അദ്ദേഹത്തിന് മറ്റുള്ളവരെ കുറിച്ചുള്ള ചിന്തയായിരുന്നു. എഴുത്തിലൂടെ പറഞ്ഞത്, ഇന്ന മുറബ്ബി സാഹിബിന് കാവലിനുള്ള ഏർപാടു ചെയ്യുക, അദ്ദേഹത്തിനും ഭീഷണിയുണ്ട് എന്നായിരുന്നു. അല്ലെങ്കിൽ തന്റെ മാതാപിതാക്കളെ കുറിച്ചുള്ള ചിന്ത പ്രകടിപ്പിച്ചു. അല്ലാഹു അദ്ദേഹത്തിന് ആരോഗ്യത്തോടും സമാധാനത്തോടുമുള്ള ദീർഘായുസ് നല്കുമാറാകട്ടെ. എത്രയും വേഗം പൂർണ സുഖം പ്രദാനം ചെയ്യുമാറാകട്ടെ.

എന്തായാലും എതിർപ്പുകളെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആദ്യമേതന്നെ നമുക്ക് പറഞ്ഞുതന്നിരുന്നു. അഹ്മദിയ്യത്ത് സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഈ കഠിനമായ അവസ്ഥകളിലൂടെയും കടന്നുപോകേണ്ടിയുംവരും. ഒരവസരത്തിൽ ഈ കാര്യത്തെ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: നബി(സ)തിരുമേനിയുടെ കാലത്ത് മുസ്ലിംകൾക്ക് സഹിക്കേണ്ടിവന്നതുപോലെയുള്ള ബുദ്ധിമുട്ടുകളാണ് നമ്മുടെ ജമാഅത്തിനുമുള്ളത്. പുതിയതും ഏറ്റവും ആദ്യത്തേതുമായ വിപത്ത് ഏതെങ്കിലും വ്യക്തി ഈ ജമാഅത്തിൽ ചേരുമ്പോൾ ക്ഷണത്തിൽ സുഹൃത്തുക്കളും ബന്ധുക്കളും സഹോദരങ്ങളും വേർപ്പെട്ടുപോകുന്നു എന്നതാണ്. എത്രത്തോളമെന്നാൽ ചില സമയങ്ങളിൽ മാതാപിതാക്കളും സഹോദരീസഹോദരന്മാരും ശത്രുക്കളായിത്തീരുന്നു. അസ്സലാമുഅലയ്ക്കും എന്നുവരെപോലും പറയുന്നില്ല. ജനാസ നമസ്കരിക്കാൻ ആഗ്രഹിക്കുന്നില്ല. ഇത്തരത്തിലുള്ള ധാരാളം ബുദ്ധിമുട്ടുകൾ അഭിമുഖീകരിക്കേണ്ടിവരുന്നു.' പറഞ്ഞു: 'എനിക്കറിയാം ചില ബലഹീന സ്വഭാവക്കാരുമുണ്ട്. അത്തരം വിഷമങ്ങളുണ്ടാകുമ്പോൾ അവർ പരിഭ്രമിക്കുന്നു. പക്ഷേ, ഓർമ്മിച്ചുകൊള്ളുക ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകൾ വരേണ്ടത് നിർബന്ധമാണ്. നിങ്ങൾ നബിമാരേക്കാളും ദൈവദൂതന്മാരേക്കാളും അതീതരല്ല. അവരുടെമേൽ ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകളും വിപത്തുകളും വന്നിരുന്നു. ഇത് വരുന്നത് ദൈവത്തിലുള്ള വിശ്വാസം ശക്തമാകുന്നതിനും പരിശുദ്ധമാറ്റത്തിനുള്ള അവസരം കിട്ടുന്നതിനുമാണ്. അതുകൊണ്ട് ദുആകൾ ചെയ്തുകൊണ്ടിരിക്കുക. നബിമാരേയും ദൈവദൂതന്മാരേയും പിൻപറ്റുക എന്നത് നിങ്ങൾക്ക് അനിവാര്യമാണ്. ക്ഷമയുടെ മാർഗ്ഗം സ്വീകരിക്കുക. നിങ്ങൾക്ക് ഒരു നഷ്ടവുമുണ്ടാവുകയില്ല. സത്യം സ്വീകരിച്ച കാരണത്താൽ നിങ്ങളെ ഉപേക്ഷിക്കുന്ന സുഹൃത്ത്, സത്യസന്ധനായ സുഹൃത്തല്ല.'(അക്കാരണത്താൽ ചിന്താകുലരാകേണ്ട ആവശ്യമില്ല. കാരണം അവൻ നിങ്ങളുടെ സത്യസന്ധനായ സുഹൃത്തല്ല). പറഞ്ഞു: 'ഇല്ലെങ്കിൽ അവൻ നിങ്ങളോടൊപ്പം നിൽക്കണമായിരുന്നു. ഇക്കാരണത്താൽ നിങ്ങളെ ഉപേക്ഷിക്കുന്നവരോടും നിങ്ങളിൽനിന്ന് വേർപെടുന്നവരോടും നിങ്ങൾ അല്ലാഹുവിനാൽ സ്ഥാപിതമായ ജമാഅത്തിൽ ചേർന്നതുകൊണ്ട് അവരോട് വഴക്കും കലഹവും ചെയ്യരുത്. മറിച്ച് അവർക്കുവേണ്ടി രഹസ്യമായി പ്രാർത്ഥിക്കുക.' (നമ്മുടെ രീതി എപ്പോഴും ഇതുതന്നെയായിരിക്കണം. മറ്റുള്ളവർ ശത്രുത വെച്ചുപുലർത്തിക്കൊണ്ടിരിക്കുന്നു. അപ്പോൾ നമ്മൾ അവരുടെ പിന്നാലെ അവർക്കുവേണ്ടി ദുആ ചെയ്യണം. പറഞ്ഞു, ഇങ്ങനെ ദുആ ചെയ്യുക.) തന്റെ കൃപകൊണ്ട് അല്ലാഹു നിങ്ങൾക്ക് നല്കിയതുപോലെ അവർക്കും ഉൾക്കാ

ഴ്ചയും ദൈവജ്ഞാനവും പ്രദാനം ചെയ്യുമാറാകട്ടെ. നിങ്ങൾ നിങ്ങളുടെ പരിശുദ്ധമാതൃകയും നിങ്ങളുടെ ഉത്തമമായ നടപ്പുംകൊണ്ട് നിങ്ങൾ സ്വീകരിച്ചിരിക്കുന്ന വഴി നല്ലതാണെന്ന് സ്ഥാപിച്ചുകാണിക്കുക.' (മൽഫൂദാത്ത്, വാള്യം 7, പേജ് 203, 1985 ലണ്ടൻ പതിപ്പ്) അഹ്മദിയ്യത്ത് സ്വീകരിച്ചുകൊണ്ട് ഒരു കുറ്റവും നിങ്ങൾ ചെയ്തിട്ടില്ല, ഒരു പാപവും ചെയ്തിട്ടില്ല, ഒരു വൃത്തികേടിലും പോയിട്ടില്ല മറിച്ച് നിങ്ങൾ സ്വീകരിച്ചിട്ടുള്ളത് നല്ല വഴിയാണ്. ശത്രുക്കളുടെ എതിർപ്പിനുശേഷം നമ്മൾ കാണിക്കേണ്ട പ്രതികരണമാണിത്. നിയമപരമായ രീതിയിൽ നമ്മൾ പോകുന്നുണ്ട് എന്നത് ശരിതന്നെ. അവരുടെ പരിഷ്കരണത്തിനായി പ്രാർത്ഥിക്കുന്നുമുണ്ട്. പക്ഷേ, അതിനോടൊപ്പം അവർ കുറ്റവാളികളായതുകൊണ്ട് അവർക്കെതിരിൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്. സ്വീകരിക്കുന്നതുമായിരിക്കും. ഇതും അല്ലാഹുവിന്റെ കല്പനയാണ്. പക്ഷേ, ഒരിക്കലും ക്ഷമയുടെ കോന്തല കൈയിൽനിന്ന് വിട്ടുകളയുകയില്ല. ഒരിക്കലും ഉപേക്ഷിച്ചുകളയുകയില്ല. ഓരോ വിപത്തിലും ബുദ്ധിമുട്ടിലും അല്ലാഹുവിന്റെ മുന്നിൽത്തന്നെ നമ്മൾ കുനിയുന്നതാണ്. അവന്റെ മുന്നിൽതന്നെ കുനിയുന്നതുമായിരിക്കും. ഇൻശാഅല്ലാഹ്.

പക്ഷേ, ചില സന്ദർഭങ്ങളിൽ ചിലയാളുകളെ കുറിച്ച് എനിക്ക് പരാതി ലഭിക്കാറുണ്ട്. അവർക്കാണെങ്കിൽ അത്തരം പ്രയാസങ്ങളൊന്നും ഇവിടെയില്ല. അവർ ഇവിടെ ഇരിക്കുകയാണ്. ഇവിടെ അവർക്ക് തബ്ലീഗ് ചെയ്യാനുള്ള അവസരങ്ങളും കിട്ടുന്നുണ്ട്. അവർ ചിലപ്പോൾ നേരിട്ട് തബ്ലീഗ് ചെയ്തുകൊണ്ട് ചിലയാളുകൾക്ക് അല്ലെങ്കിൽ സോഷ്യൽമീഡിയായിൽ മൗലവിമാരെ തബ്ലീഗ് ചെയ്യുന്ന നേരത്ത്, അല്ലെങ്കിൽ വാദംപ്രതിവാദം നടത്തിക്കൊണ്ട് അഹ്മദിക്ക് ചേരാത്തവിധം കഠിനപദപ്രയോഗങ്ങൾ നടത്തുന്നുവെന്നുള്ള പരാതിയാണ് അവരെ കുറിച്ച് എനിക്ക് കിട്ടുന്നത്. ചിലർ എഴുതുന്നു: 'എതിരാളികൾക്കുനേരേയും അനഹ്മദി മൗലവിമാർക്കുനേരേയും ആരുമായിട്ടാണോ വാദപ്രതിവാദം നടത്തുന്നത് അവർക്കുനേരേയും അഹ്മദികളുടെ വായിൽനിന്ന് പുറപ്പെടുന്ന ചില ചീത്തകളും സംസാരങ്ങളും കേട്ട് ഇടങ്ങേറുണ്ടാകുന്നു.' എന്തായാലും ഇക്കാര്യം ഒരു അഹ്മദിക്ക് ഒരു വിധത്തിലും ചേർന്നതല്ല. ഇത് എത്രത്തോളം ശരിയാണെന്ന് നല്ലവണ്ണം അറിയുന്നവൻ അല്ലാഹുവാണ്. ഞാൻ ഇത് നേരിട്ടൊരിക്കലും കണ്ടിട്ടില്ല. എന്തായാലും എഴുതുന്നയാൾ എഴുതിയത് ഇത്തരം സംസാരങ്ങളിൽ അഹ്മദികളുടെ നാവിനെക്കാൾ മൃദുലമാണ് അനഹ്മദികളുടേതെന്നാണ്. ഇക്കാര്യം സത്യമാണെങ്കിൽ ഞാൻ അത്തരം അഹ്മദികളോടു പറയുകയാണ്, അവർ തബ്ലീഗ് ചെയ്യാതിരിക്കുന്നതായിരിക്കും നല്ലത്. ഈ തബ്ലീഗ് അവർക്ക് അല്ലാഹുവിന്റെ സാമീപ്യം നല്കുന്നതിനുപകരം അവരെ അല്ലാഹുവിന്റെ വെറുപ്പിന് പാത്രമാക്കുന്നതായിരിക്കും. ഹദീഥിൽ പറഞ്ഞതുപോലെ അല്ലാഹുവിന് ക്ഷമിക്കുന്നവനേയും കോപം കുടിച്ചിറക്കുന്നവനേയുമാണ് ഇഷ്ടം. തെളിവ് കൈയിലില്ലാത്തവനാണ് കോപിക്കുന്നതെന്നാണ് നമ്മൾ വിളംബരം ചെയ്യുന്നത്. അതിനാൽ നമ്മുടെ കൈയിൽ തെളിവുണ്ടെങ്കിൽ പിന്നെ ദ്വേഷത്തിന്റെ പ്രശ്നംതന്നെ ഉദിക്കുന്നില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ ഇക്കാര്യം എപ്പോഴും ഓർമവെക്കേണ്ടതാണ്. 'നിങ്ങൾക്ക് ആവർത്തിച്ചാവർത്തിച്ച് മാർഗദർശനം നല്കുന്നതിനുവേണ്ടിയാണ് ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്. അതായത് നിങ്ങൾ എല്ലാത്തരത്തിലുള്ള വഴക്കിന്റേയും കലഹത്തിന്റേയും സ്ഥലങ്ങളിൽനിന്ന് രക്ഷപ്പെട്ടിരിക്കുക. ചീത്തവിളികേട്ടും ക്ഷമകൈക്കൊള്ളുക. തിന്മയ്ക്കുള്ള മറുപടി നന്മകൊണ്ട് നല്കുക. കുഴപ്പങ്ങളുണ്ടാക്കാൻ ആരെങ്കിലും വരികയാണെങ്കിൽ അവിടെനിന്ന് തെന്നി മാറുന്നതായിരിക്കും നിങ്ങൾക്കുത്തമം. മൃദുഭാവത്തോടെ മറുപടി നല്കുക. ഒരാൾ വളരെ ദ്വേഷത്തോടെ എതിർക്കുന്നു. കലഹങ്ങളുണ്ടാക്കുന്ന മാർഗങ്ങൾ സ്വീകരിക്കുന്നു. അതിൽ ശ്രോതാക്കളെ പ്രകോപിക്കുന്ന വിളംബരവും ഉണ്ടാകുന്നു. പക്ഷേ, ചീത്തകളെ പ്രതികരിക്കാതെ മുന്നിൽനിന്ന് മൃദുവായ രീതിയിൽ മറുപടി ലഭിക്കുമ്പോൾ അവർക്ക് സ്വയം ലജ്ജയുണ്ടാകുന്നു.' (അതുകൊണ്ട് നമുക്കുള്ള പാഠമിതാണ്. ചീത്തകേട്ടാലും മൃദുഭാവത്തോടെ മറുപടി നല്കുക). പറഞ്ഞു: 'സ്വയം അവന് ലജ്ജയുണ്ടാകുന്നു. താൻ ചെയ്തതിൽ അവൻ ലജ്ജിതനാകാൻ തുടങ്ങുന്നു.' പലപ്പോഴും ഇത്തരം സംഭവങ്ങളുണ്ടായിട്ടുണ്ട്. സൽപ്രകൃതക്കാരനായ ശത്രു ലജ്ജിതനായിത്തീർന്നു. പറഞ്ഞു:) 'ഞാൻ നിങ്ങളോടു സത്യമായും പറയുന്നു, ക്ഷമ കൈവിടാതിരിക്കുക. ക്ഷമകൊണ്ടുണ്ടാകുന്ന പ്രവൃത്തി തോക്കുകൾകൊണ്ട് ചെയ്യാൻ പറ്റുകയില്ല. അങ്ങനെയുള്ള ആയുധമാണ് ക്ഷമ. ക്ഷമതന്നെയാണ് മനസ്സുകളെ കീഴടക്കുന്നത്. തീർച്ചയായും ഓർത്തുകൊള്ളുക! ഈ ജമാഅത്തിൽപ്പെട്ട ഇന്നയാൾ ആരെങ്കിലുമായി വഴക്കിട്ടു എന്ന് കേൾക്കുമ്പോൾ എനിക്ക് വളരെ വിഷമമുണ്ടാകുന്നു. ഈ മാർഗ്ഗത്തെ ഞാൻ ഒരിക്കലും ഇഷ്ടപ്പെടുന്നില്ല. അല്ലാഹുവും ആഗ്രഹിക്കുന്നില്ല. അതായത് ലോകത്ത് ഒരു മാതൃകയാകാനുള്ള ജമാഅത്ത് തഖ്‌വയുടെതല്ലാത്ത മാർഗ്ഗം സ്വീകരിക്കുക എന്നത്. എന്നല്ല ഞാൻ നിങ്ങളോട് ഇതും പറയുകയാണ്. അല്ലാഹു ഇക്കാര്യത്തിന് പിന്തുണച്ചിട്ടുമുണ്ട്. ആരെങ്കിലും ഈ ജമാഅത്തിൽ ചേർന്നുകൊണ്ട് ക്ഷമയോടും സഹിഷ്ണുതയോടുംകൂടി പ്രവർത്തിക്കുന്നില്ലെങ്കിൽ അവൻ ഈ ജമാഅത്തിൽ പെട്ടവനല്ലെന്ന കാര്യം ഓർത്തുകൊള്ളുക. പറയുന്നു: അങ്ങേയറ്റം പ്രകോപനപരവും ദ്വേഷത്തിനുമുള്ള കാരണവും ഇതായേക്കാം. ആരെങ്കിലും കൂടുതൽ ദ്വേഷം പിടിപ്പിച്ചാൽ അതായത് അത് മുഖേന ദ്വേഷമുണ്ടായാൽ, പ്രകോപനമുണ്ടായാൽ അതിന്റെ കാരണം എന്നെ ചീത്തവിളിക്കുന്നതായിരിക്കാം. ഈ പ്രശ്നത്തെ ദൈവത്തിന് ഏല്പിച്ചുകൊടുക്കുക. നിങ്ങൾക്ക് അതിന് തീരുമാനമെടുക്കാൻ കഴിയില്ല. എന്റെ പ്രശ്നം അല്ലാഹുവിൽ വിടുക. നിങ്ങൾ ആ അസഭ്യങ്ങൾ കേട്ടുകൊണ്ടും ക്ഷമയോടും സഹിഷ്ണതയോടുംകൂടി പ്രവർത്തിക്കുക. ഞാൻ അവരിൽനിന്ന് എത്രത്തോളം ചീത്തവിളികൾ കേൾക്കുന്നുണ്ടെന്ന് നിങ്ങൾക്കെന്തറിയാം. അധികവും ചീത്തകൾ നിറഞ്ഞ കത്തുകളാണ് വരുന്നത്. കാർഡുകളിലും പരസ്യമായി ചീത്തവിളിക്കുന്നു. കൂലി അടിച്ചും കത്തുകൾ വരുന്നുണ്ട്. അതിന് പൈസയും കൊടുക്കേണ്ടിവരുന്നു. പിന്നീട് വായിച്ചുനോക്കുമ്പോഴാണ് തെറിവിളിക്കുകയാണെന്ന് അറിയുന്നത്. അത് എങ്ങനെയുള്ള ചീത്തകളാണെന്നാൽ ഒരു പ്രവാചകനും ഇത്തരത്തിലുള്ള ചീത്തവിളി ഉണ്ടായിട്ടില്ലെന്ന് എനിക്കറിയാം. അബൂജഹ്‌ലിലും ഇങ്ങനെ ചീത്തവിളിക്കാനുള്ള ബീജമുണ്ടെന്ന് എനിക്ക് വിശ്വസിക്കാൻ കഴിയുന്നില്ല. പക്ഷേ, ഇതെല്ലാം കേൾക്കേണ്ടിവരുന്നു. ഞാൻ ക്ഷമിക്കുകയാണ്. നിങ്ങളും ക്ഷമിക്കുക എന്നത് നിങ്ങളുടെ നിർബന്ധകാര്യമാണ്. മരത്തെക്കാൾ വലിയ ശാഖയുണ്ടാവുകയില്ല. നിങ്ങൾ നോക്കൂ, ഇവരുടെ ഈ ചീത്തവിളി എത്രകാലം നില്ക്കാനാണ്. അവസാനം ഇവർ ക്ഷീണിച്ചിരിക്കും. അവരുടെ തെറിവിളികളും അവരുടെ ഉപദ്രവങ്ങളും അവരുടെ പദ്ധതികളും എന്നെ ഒരിക്കലും ക്ഷീണിപ്പിക്കുകയില്ല. ഞാൻ അല്ലാഹുവിൽനിന്നുള്ളവനല്ലെങ്കിൽ അവരുടെ ഈ ചീത്തവിളി കേട്ട് ഭയപ്പെടുമായിരുന്നു. പക്ഷേ, അല്ലാഹു എന്നെ നിയമിച്ചിരിക്കുകയാണ് എനിക്ക് തീർച്ചയായും അറിയാം. പിന്നെ ഇത്തരം ദുർബലമായ കാര്യങ്ങളെ ഞാൻ എന്തിന് ഗൗനിക്കണം. ഇതൊരിക്കലും സംഭവിക്കുകയില്ല. നിങ്ങൾ സ്വയം ചിന്തിക്കുക അവരുടെ ചീത്തവിളികൾ ആർക്കാണ് നഷ്ടമുണ്ടാക്കുന്നത്. അവർക്കാണോ എനിക്കോ? അവരുടെ ജമാഅത്ത് കുറഞ്ഞുപോകുന്നു. എന്റേത് വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ ചീത്തവിളികൾക്ക് എന്തെങ്കിലും തടസ്സമുണ്ടാക്കാൻ കഴിയുമായിരുന്നുവെങ്കിൽ (ഏതൊരു കാലത്താണോ അദ്ദേഹം ഇത് എഴുതിയത് ആ കാലത്ത്) ലക്ഷത്തിലേറെ അംഗങ്ങളുള്ള ഈ ജമാഅത്ത് എങ്ങനെയുണ്ടാകാനാണ്? (ഇന്ന് ഈ ചീത്തവിളികളൊക്കെയുണ്ടായിട്ടും ദൈവകൃപയാൽ ലോകത്ത് 209 രാഷ്ട്രങ്ങളിൽ ജമാഅത്ത് സ്ഥാപിതമായിരിക്കുന്നു). പറഞ്ഞു: ഈ വന്നവരൊക്കെ അവരിൽനിന്ന് വന്നവരാണ്. മറ്റെവിടെനിന്നും വന്നവരല്ല. (അവരിൽനിന്ന് ചീത്തവിളിച്ചിരുന്നവരാണ് ജമാഅത്തിൽ ചേർന്നിട്ടുള്ളത്) അവർ എനിക്കെതിരിൽ കുഫ്ർ ഫത്‌വ നൽകി. പക്ഷേ, ആ കുഫ്ർ ഫത്‌വ എന്ത് ഫലമാണുണ്ടാക്കിയത്. ജമാഅത്ത് വളർന്നു! (കുഫ്ർ ഫത്‌വയുടെ ഫലമെന്തായിരുന്നു? ജമാഅത്ത് വർദ്ധിച്ചു.) 'ഈ ജമാഅത്ത് ഗൂഢപദ്ധതിയാലാണ് തുടങ്ങിയതെങ്കിൽ തീർച്ചയായും ഇവരുടെ ഫത്‌വ അതിനെ ബാധിക്കുമായിരുന്നു.' (ഈ ജമാഅത്തിനെ ഉണ്ടാക്കുക എന്നത് എന്റെ പദ്ധതിയായിരുന്നെങ്കിൽ ഈ ഫത്‌വകൾക്ക് ഫലമുണ്ടാകുമായിരുന്നു. പക്ഷേ, ഒരു ഫലവുമുണ്ടായില്ല.) പറഞ്ഞു:എന്റെ വഴിയിൽ ആ കുഫ്ർ ഫത്‌വ വലിയ തടസ്സം സൃഷ്ടിക്കുമായിരുന്നു. പക്ഷേ, ഏതൊരു കാര്യമാണോ അല്ലാഹുവിൽനിന്നുണ്ടാകുന്നത് അതിനെ നശിപ്പിക്കാൻ മനുഷ്യന് ശക്തിയുണ്ടാവുകയില്ല. എന്തെന്തെല്ലാം പദ്ധതികൾ എന്റെ എതിരാളികൾ ചെയ്തുവോ അത് തിരിച്ചറിയുന്നവർക്ക് വിഷമമുണ്ടാക്കുന്നതാണ്. ഞാൻ പരസ്യമായും പറയുന്നു, എന്നെ എതിർക്കുന്ന ഇവർ ശക്തമായി ഒഴുകിക്കൊണ്ടിരിക്കുന്ന ഒരു മഹാനദിയുടെ മുമ്പിൽ തങ്ങളുടെ കൈ നീട്ടി അതിനെ തടയാൻ ആഗ്രഹിക്കുന്നകരാണ്. എന്നാൽ, അതിന്റെ ഫലം പ്രകടമാണ്. അത് നിലയ്ക്കുകയില്ല. ഇവർ ഈ തെറികൾകൊണ്ട് തടയാനാണ് ആഗ്രഹിക്കുന്നത്. എന്നാൽ, ഇത് നിലച്ചുപോകുകയില്ലെന്ന കാര്യം ഓർത്തുകൊള്ളുക.' പറഞ്ഞു: മാന്യരായവരുടെ ജോലിയാണോ ചീത്ത പറയുക എന്നത്? ഞാൻ ഈ മുസ്‌ലിംകളെ ഓർത്ത് ദുഃഖിക്കുകയാണ്. പറയുന്നു, ഞാനീ മുസ്‌ലിംകളെ ഓർത്ത് ദുഃഖിക്കുകയാണ്. ഇവർ ഏതുതരത്തിലുള്ള മുസ്‌ലിംകളാണ്. കടിഞ്ഞാണില്ലാതെ വായ് തുറക്കുന്ന ഇവർ, ഞാൻ അല്ലാഹുവിനെ സത്യം ചെയ്ത് പറയുന്നു: 'ഈ മുസ്‌ലിംകൾ എന്നു പറയുന്നവരിൽനിന്ന് കേട്ട ഇത്തരം വൃത്തികെട്ടചീത്ത ഞാൻ ഒരിക്കലും തോട്ടികളിൽനിന്നും ചെരിപ്പുകുത്തികളിൽനിന്നുപോലും കേട്ടിട്ടില്ല. ഈ ചീത്തവിളിയിലൂടെ ഇവർ തങ്ങളുടെ അവസ്ഥ പ്രകടിപ്പിക്കുകയാണ്. തങ്ങൾ ആജ്ഞാലംഘകരും കുറ്റവാളികളുമാണെന്ന് അംഗീകരിക്കുകയാണ്. അല്ലാഹു അവരുടെ കണ്ണുകൾ തുറക്കുമാറാകട്ടെ. അവരിൽ കരുണ ചൊരിയുമാറാകട്ടെ.' (മൽഫൂദാത്ത്, വാള്യം 7, പേജ് 203 –205, 1985 ലണ്ടൻ പതിപ്പ്)

അതുകൊണ്ട് നമ്മൾ ഓർക്കേണ്ടതാണ്, സോഷ്യൽ മീഡിയായിൽ ചില അഹ്മദികൾ ദ്വേഷം പിടിച്ച് എതിരാളികൾക്ക് മറുപടി പറയുന്നു എന്ന് പറഞ്ഞത് സത്യമാണെങ്കിൽ അവർ ചെയ്യുന്നത് തെറ്റാണ്. ഇങ്ങനെ ഇവർ ഒരു പാപമല്ല ചെയ്യുന്നത്, പ്രത്യുത പുതിയ തലമുറയേയും അഹ്മദിയ്യത്തിൽനിന്ന് അകറ്റി

ക്കൊണ്ടിരിക്കുന്ന പാപത്തിനും ഇരയാകുകയാണ്. നമ്മുടെ പക്കൽ തെളിവൊന്നുമില്ലെന്നും അതുകൊണ്ടാണ് കഠിനമായ ഭാഷയിൽ മറുപടി നൽകേണ്ടിവരുന്നതെന്നുമുള്ള വിചാരം ചില ചെറുപ്പക്കാരിൽ ഉണ്ടാകുന്നു. വാസ്തവത്തിൽ ഇത് തെറ്റാണ്. ഞാൻ പറഞ്ഞതുപോലെ ചീത്തയ്ക്കുള്ള മറുപടി ചീത്തകൾ കൊണ്ട് നൽകുക എന്നതിന്റെ ഉദ്ദേശ്യം നമ്മുടെ പക്കൽ തെളിവില്ലെന്നാണ്. അതുകൊണ്ട് അത്തരക്കാർ പെട്ടെന്നുതന്നെ തങ്ങളുടെ സ്വഭാവരീതി മാറ്റേണ്ടത് അത്യാവശ്യമാണ്.

ഹദ്ത്ത് മസീഹ് മൗഊദ്(അ) ആവർത്തിച്ചാവർത്തിച്ച് വിവിധ രീതികളിൽ ക്ഷമയുടെ കോന്തല പിടിച്ചുകൊണ്ടിരിക്കേണ്ടതാണെന്ന് നമുക്ക് മനസ്സിലാക്കിത്തന്നിരിക്കുന്നു. ഇപ്പോൾ ഞാൻ നിങ്ങളുടെ മുമ്പിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണികൾ സമർപിക്കുകയാണ്. ഇത് ഞാൻ ആവർത്തിച്ചാവർത്തിച്ച് നിങ്ങളുടെ മുമ്പിൽ വെക്കുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനം എല്ലാവരിലും വ്യക്തമാകുന്നതിനുവേണ്ടിയാണ്.

അവിടന്ന് പറയുന്നു:'ഇവർ എന്നെ ചീത്ത വിളിക്കുന്നു. പക്ഷേ, ഞാൻ അവരുടെ ചീത്തവിളി വകവെക്കുന്നില്ല. അതിലൊട്ടു വിഷമിക്കുന്നുമില്ല. കാരണം അവർ ഈ പോരാട്ടത്തിൽ പരാജയപ്പെട്ടിരിക്കുകയാണ്. തങ്ങളുടെ എളിമയേയും കഴിവില്ലായ്മയേയും മറച്ചുവെക്കാൻ ചീത്തവിളിയല്ലാതെ മറ്റൊന്നും അവരുടെ പക്കലില്ല.'(പ്രമാണങ്ങളൊന്നും അവരുടെ പക്കലില്ല. പരാജയപ്പെട്ടുകഴിഞ്ഞിരിക്കുന്നു. തെളിവുകളൊന്നും ഇല്ലാത്തകാരണത്താൽ അവർ ചീത്തവിളിക്കുകയാണ്.) പറഞ്ഞു: 'കുഫ്ർ ഫത്വ നല്കി. കള്ളക്കേസുകൾ കൊടുത്തു. പലരീതിയിലുള്ള കറ്റുകെട്ടുകളും അപരാധങ്ങളും ചുമത്തി. അവർ തങ്ങളുടെ എല്ലാ കഴിവുകളും പ്രയോഗിച്ച് എന്നെ നേരിട്ടു. ആർക്ക് അനുകൂലമായിട്ടാണ് അന്തിമവിധി വരുന്നതെന്ന് നോക്കി. ഞാൻ അവരുടെ ചീത്തവിളികളെ വകവെച്ചിരുന്നെങ്കിൽ അല്ലാഹു എന്നെ ഏല്പിച്ച യഥാർഥ ജോലി നടക്കുമായിരുന്നില്ല. അതുകൊണ്ട് ഞാൻ അവരുടെ ചീത്തവിളിയെ വകവെക്കാതിരിക്കുന്നതോടൊപ്പം എന്റെ ജമാഅത്തിനെ ഉപദേശിക്കുകയാണ്, അവരുടെ ചീത്തവിളി കേട്ട് സഹിക്കുന്നതാണ് നിങ്ങൾക്ക് ഉചിതം. ഒരിക്കലും ഒരിക്കലും അസഭ്യത്തിനുള്ള മറുപടി അസഭ്യംകൊണ്ട് നല്കരുത്. കാരണം ഈ രീതിയിൽ ബർക്കത്ത് നഷ്ടപ്പെട്ടുപോകുന്നു. ക്ഷമയുടേയും സഹിഷ്ണുതയുടേയും മാതൃക പ്രകടിപ്പിക്കുക. നിങ്ങളുടെ സൽസ്വഭാവങ്ങൾ കാണിക്കുക. തീർച്ചയായും ഓർമിക്കുക! ബുദ്ധിയും ദ്വേഷവും തമ്മിൽ ഭയാനകമായ ശത്രുതയാണുള്ളത്. ദ്വേഷവും കോപവും വരുമ്പോൾ ബുദ്ധി പ്രവർത്തിക്കുകയില്ല. പക്ഷേ, ആരാണോ ക്ഷമിക്കുന്നത് സഹിഷ്ണുതയുടെ മാതൃക കാണിക്കുന്നത് അവന് ഒരു പ്രകാശം നല്കപ്പെടുന്നു. അതുമുഖേന അവന്റെ ബുദ്ധിയുടേയും ചിന്തയുടേയും ശക്തികളിൽ ഒരു പുതിയ വെളിച്ചം ഉണ്ടാകുന്നു. പിന്നീട് പ്രകാശത്തിൽനിന്ന് പ്രകാശം ഉണ്ടാകുന്നു. ദ്വേഷത്തിന്റേയും കോപത്തിന്റേയും അവസ്ഥയിൽ മനസ്സും ബുദ്ധിയും ഇരുട്ടിലായിരിക്കും ഉണ്ടാകുക. അതുകൊണ്ട് പിന്നെ ഇരുട്ടിൽനിന്ന് ഇരുട്ടാണ് ഉണ്ടാകുന്നത്.'(മൽഫൂദാത്ത് വാള്യം 3 പേജ് 180 1985 ലണ്ടൻ പതിപ്പ്)

ബുദ്ധിയുടേയും ചിന്തയുടേയും കഴിവുകളിൽ വർധന ഉണ്ടാക്കണമെങ്കിൽ മനസ്സിലും ബുദ്ധിയിലും പ്രകാശം ഉണ്ടാക്കേണ്ടതാണ്. അതുകൊണ്ട് എപ്പോഴും നമുക്ക് കോപവും ദ്വേഷവും അമർച്ച ചെയ്യേണ്ട ആവശ്യമുണ്ട്. അപ്പോഴാണ് അല്ലാഹുവിന്റെ കൃപ കൂടുതൽ വർധിക്കുന്നത്. അഹ്മദിയ്യാ ജമാഅത്തിന്റെ അഭിവൃദ്ധി ഏതെങ്കിലും ദ്വേഷമോ കോപമോ പ്രകടിപ്പിക്കുന്നതുകൊണ്ടുണ്ടാകുകയില്ല. ഇന്നേവരെ അഭിവൃദ്ധിയുണ്ടായിട്ടുള്ളതൊക്കെ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ചിട്ടുള്ളതാണ്. അവൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് വിജയം നൽകേണ്ടതുണ്ട്. വിജയം അവൻ നൽകേണ്ടതുള്ളപ്പോൾ ആ പ്രവൃത്തിയിൽ അനുഗ്രഹവും അവൻ തന്നെയാണ് ഇടേണ്ടത്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി നമ്മൾ പരിശ്രമിക്കേണ്ടതാണ്.

നമ്മൾ എപ്പോഴും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ ഇക്കാര്യത്തെ മുന്നിൽ വെച്ചുകൊണ്ട് ജീവിക്കേണ്ടതാണ്. ഭൗതികരായ ആളുകൾ കാര്യഹേതുക്കളിലാണ് വിശ്വാസമർപ്പിക്കുന്നത്. (ബാഹ്യമായ കാര്യങ്ങളിൽ വിശ്വാസമർപ്പിക്കുന്നു) എന്നാൽ, അല്ലാഹു കാര്യഹേതുക്കളുടെ ആശ്രിതനല്ല. അവൻ എപ്പോഴെങ്കിലും ആഗ്രഹിക്കുകയാണെങ്കിൽ തന്റെ പ്രിയപ്പെട്ടവർക്കുവേണ്ടി ഒരു കാര്യകാരണബന്ധവും കൂടാതെ പ്രവർത്തിക്കുന്നതായിരിക്കും. ചിലപ്പോൾ കാര്യകാരണബന്ധം ഉണ്ടാക്കിയും പ്രവർത്തിക്കുന്നതായിരിക്കും. ചില സമയത്ത് നിലവിലുള്ള കാര്യകാരണബന്ധത്തെ ഇല്ലാതാക്കുകയും ചെയ്യുന്നു.

പറഞ്ഞു: 'നിങ്ങളുടെ കർമങ്ങൾ പരിശുദ്ധമാക്കി വെക്കുക.(നമ്മെ ഉപദേശിക്കുകയാണ്, കർമങ്ങൾ പരിശുദ്ധമാക്കി വെക്കുക). അല്ലാഹുവിനെ എപ്പോഴും സ്മരിക്കുക. മടികാണിക്കരുത്. ഓടുന്ന ഇര അല്പം മടികാണിച്ചാൽ വേട്ടക്കാരന്റെ കൈയിൽ വന്നുപെടുന്നതുപോലെ അല്ലാഹുവിനെ സ്മരിക്കുന്നതിൽ മടി കാണിക്കുന്നവൻ ശയ്ത്വാന്റെ ഇരയായിത്തീരുന്നു.'(അതുകൊണ്ട് ഈ ഉദാഹരണം മുന്നിൽ വെക്കുക. ഇര വേട്ടക്കാരനെ കണ്ട് ഓടുമ്പോൾ അലസനായാൽ വേട്ടക്കാരന്റെ കൈയിൽ അകപ്പെടുന്നതാണ്. ഇപ്രകാരം മനുഷ്യൻ തന്റെ ആരാധനകളിലും ദുആകളിലും അല്ലാഹുവിനോട് ദുആ ചെയ്യുന്നതിലും അലസത കാണിക്കുകയാണെങ്കിൽ പിന്നീട് ശയ്ത്വാന്റെ ഇരയായി മാറും.) പറഞ്ഞു: 'തൗബയെ എപ്പോഴും ജീവസുറ്റതാക്കി വെക്കുക.'(ഇത് തീർച്ചയായും ഓർമവയ്ക്കുക. തൗബയെ എപ്പോഴും ജീവസ്സുറ്റതാക്കി നിറുത്തുക) 'ഒരിക്കലും മരിക്കാൻ അനുവദിക്കരുത്.' (ധാരാളമായി ഇസ്തിഗ്ഫാർ ചെയ്യുക). ഏതൊരു അവയവം കൊണ്ടാണോ പ്രവൃത്തി എടുക്കുന്നത് അതേ പ്രയോജനപ്പെടുകയുള്ളൂ. ഏതിനെയാണോ പാഴ്‌വസ്തുവായി ഉപേക്ഷിക്കുന്നത് പിന്നീട് അത് എന്നെന്നേക്കുമായി ഒന്നിനും കൊള്ളാത്തതായിത്തീരുന്നു. ഇപ്രകാരം ഒന്നിനും കൊള്ളാത്തതായി പോകാതിരിക്കാൻ തൗബയേയും ചലിപ്പിച്ചുകൊണ്ടിരിക്കുക.' പറഞ്ഞു: നിങ്ങൾ സത്യസന്ധമായി തൗബ ചെയ്തിട്ടില്ലെങ്കിൽ അത് കല്ലിന്മേൽ വിതച്ച വിത്തുപോലെയാണ്. ഇനി സത്യമായ തൗബയാണെങ്കിൽ വളക്കൂറുള്ള മണ്ണിൽ വിതച്ച വിത്തുപോലെയാണ്. അത് അതിന്റെ നേരത്ത് ഫലം കൊണ്ടുവരുന്നതായിരിക്കും.' പറഞ്ഞു: 'ഇപ്പോൾ ഈ തൗബയിൽ വലിയ വലിയ ബുദ്ധിമുട്ടുകളുണ്ട്.' (അവിടെ ഖാദിയാനിൽ വന്ന കുറച്ചാളുകൾക്ക് അവിടന്ന് ഉപദേശം നൽകുകയായിരുന്നു. നിങ്ങൾ ഇവിടെനിന്ന് പോകുമ്പോൾ നിങ്ങൾക്ക് ജനങ്ങളിൽനിന്ന് ഒരുപാട് കാര്യങ്ങൾ കേൾക്കേണ്ടിവരും.) 'നിങ്ങൾ ഒരു കുഷ്ഠരോഗിക്ക്, ഒരു കാഫിറിന് ദജ്ജാലിനാണ് ബയ്അത്ത് ചെയ്തതെന്ന് പറയും.' പറഞ്ഞു: 'അങ്ങനെ പറയുന്നവരുടെമേൽ ദ്വേഷം കാണിക്കരുത്. നമ്മൾ അല്ലാഹുവിൽനിന്ന് ക്ഷമിക്കുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ടിട്ടുള്ളവരാണ്. അതുകൊണ്ട് നിങ്ങൾ അവർക്കുവേണ്ടി പ്രാർഥിക്കുക. അല്ലാഹു നിങ്ങൾക്ക് സന്മാർഗം നല്കുമാറാകട്ടെ. ഇനി നിങ്ങൾ പറയുന്ന കാര്യങ്ങൾ അവർ ഒരിക്കലും വിശ്വസിക്കുകയില്ലെന്ന പ്രതീക്ഷയാണ് നിങ്ങൾക്കുള്ളതെങ്കിൽ നിങ്ങളും മുഖം തിരിച്ചുകൊള്ളുക.'

ആയുധം ഇസ്തിഗ്ഫാർ, തൗബ, മതപരമായ അറിവ്, അല്ലാഹുവിന്റെ മഹത്വത്തെ മുന്നിൽ കാണൽ, അഞ്ചുനേരങ്ങളിൽ നമസ്കാരം അനുഷ്ഠിക്കലാണ്. നമസ്കാരം ദുആ സ്വീകരിക്കുന്നതിനുള്ള താക്കോലാകുന്നു. നമസ്കരിക്കുമ്പോൾ അതിൽ ദുആ ചെയ്യുക. അശ്രദ്ധ കാണിക്കരുത്. എല്ലാ തിന്മകളിൽനിന്നും അത് അല്ലാഹുവിനോടുള്ള കടമകളെ സംബന്ധിച്ചാണെങ്കിലുംവേണ്ടില്ല സൃഷ്ടികളോടുള്ള കടമകളെ സംബന്ധിച്ചാണെങ്കിലുംവേണ്ടില്ല രക്ഷപ്പെട്ടുകൊള്ളുക.'(മൽഫൂദാത്ത് വാള്യം 5 പേജ് 303 1985 ലണ്ടൻ എഡിഷൻ).

അതുകൊണ്ട് നമ്മുടെ ജോലി അല്ലാഹുവുമായി ബന്ധമുണ്ടാക്കുക എന്നതാണ്. അവന്റെ കല്പനകളിലൂടെ എപ്പോഴും നടക്കാൻ ശ്രമിക്കുക. അവന്റെ വഴിയിൽ ത്യാഗങ്ങൾ ക്ഷമയോടും സ്ഥൈര്യത്തോടുംകൂടി സഹിക്കുന്നവരാകുക. അല്ലാഹു നമുക്ക് ക്ഷമയോടും ദുആയോടുംകൂടി തന്റെ തൃപ്തിയുടെ മാർഗ്ഗങ്ങളിലൂടെ നടക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. നമ്മൾ എപ്പോഴും അല്ലാഹുവിന്റെ കൃപകളും അവന്റെ പാരിതോഷികളും കരസ്ഥമാക്കുന്നവരാകട്ടെ.

ഒരു ജനാസ ഗായിബും നമസ്കരിപ്പിക്കുന്നതാണ്. ഇന്ത്യയിലെ കേരള സംസ്ഥാനത്തെ പഴയങ്ങാടിയിൽ ബഹുമാന്യ പി.പി നാളിമുദ്ദീൻ സാഹിബിന്റെ ജനാസയാണിത്. അദ്ദേഹം മെയ് മൂന്നിന് ട്രെൻ അപകടത്തിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

ഖുർആൻ എക്സിബിഷന്റെ ഒരു മീറ്റിംഗിൽ പങ്കെടുത്ത് തിരിച്ചുവരികയായിരുന്നപ്പോഴാണ് അപകടമുണ്ടായത്. ദീനിന് ദുൻയാവിനെക്കാൾ പ്രാധാന്യം നല്കിയ ആളായിരുന്നു. ഖാദിയാനിലെ ഇജ്തിമാ, ജൽസസാലാന, ശൂറാ തുടങ്ങിയ പരിപാടികളിൽ പതിവായി പങ്കെടുത്തിരുന്നു. വലിയ ആക്ടീവ് മെമ്പറായിരുന്നു. ജില്ലാ മാൽ സെക്രട്ടറി എന്ന നിലയിലും അദ്ദേഹത്തിന് പ്രവർത്തിക്കാൻ തൗഫീഖ് കിട്ടി. വഫാത്തിന്റെ നേരത്തും നാഇബ് സദർ അൻസാറുല്ലാ ഭാരത് എന്ന നിലയിൽ സേവനം അനുഷ്ഠിക്കുകയായിരുന്നു. ഇദ്ദേഹം സുദീർഘകാലം ദുബൈയിൽ താമസിച്ചിരുന്നു. അവിടത്തെ ആദ്യത്തെ ജമാഅത്തിന്റെ അമീർ എന്ന നിലയിൽ അദ്ദേഹം സേവനം ചെയ്തു. വളരെ വിശാലമായ ബന്ധമായിരുന്നു. ആ ബന്ധങ്ങളെ എപ്പോഴും ജമാഅത്തിനുവേണ്ടി അദ്ദേഹം ഉപയോഗിച്ചു. ജമാഅത്ത് വ്യവസ്ഥിതികളുടെ കാര്യത്തിൽ കൃത്യനിഷ്ഠ പാലിച്ചിരുന്നു. തന്റെ സുഹൃത്തുക്കളെക്കൊണ്ടും ജമാഅത്ത് വ്യവസ്ഥിതി അനുസരിപ്പിക്കുമായിരുന്നു. ആരാധനാകർമങ്ങൾ അനുഷ്ഠിക്കുന്നയാളും വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്ന വ്യക്തിയുമായിരുന്നു. സൽസ്വഭാവത്തിന്റേയും വലിയ ശുദ്ധപ്രകൃതിയുടേയും ഉടരുന്നു. ജനങ്ങൾക്ക് വലിയ സഹായം ചെയ്യുന്ന വ്യക്തിയും അവർക്ക് പ്രയോജനമുള്ളയാളുമായിരുന്നു. മക്കൾക്കും നല്ലനിലയിൽ ശിക്ഷണം നൽകി. നന്മയുടെ പാഠം നൽകി. ഖിലാഫത്തിനോട് ബന്ധപ്പെട്ടിരിക്കാൻ ഉപദേശിക്കുകയും ചെയ്തു. പരേതൻ മൂസിയുമായിരുന്നു. അദ്ദേഹത്തിന്റെ ഒരു മകൾ ഇവിടെ താമസിക്കുന്നുണ്ട്. ഒരു മകൻ ദുബൈയിലാണ്. അല്ലാഹു പരേതന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകളെ തുടർന്നുകൊണ്ടുപോകാനും ഖിലാഫത്തിനോടും ജമാഅത്തിനോടും ബന്ധപ്പെട്ടിരിക്കാനും തൗഫീഖ് നല്കുമാറാകട്ടെ. ■

# ഖുത്ബ ജുമുഅ

ഇസ്‌ലാമിന്റെ അധ്യാപനം എന്നു പറയുന്നത് നബി(സ)തിരുമേനിയുടെമേൽ ഇറങ്ങിയതും നമുക്ക് എല്ലാ കാര്യങ്ങളിലും മാർഗദർശനം ലഭിക്കുന്നതുമായ അധ്യാപനമാണ്. നമ്മളിൽ എല്ലാ ഓരോരുത്തരും ഈ മാർഗദർശനമനുസരിച്ച് പ്രവർത്തിക്കുന്നവരായിത്തീർന്നാൽ മനോഹരമായൊരു സമൂഹം സ്ഥാപിതമാകുന്നതായിരിക്കും.

നബി(സ)തിരുമേനിയുടെ ജീവിതം വീടുമുതൽ തുടങ്ങി സാമൂഹികമായ ബന്ധങ്ങൾവരെ വിശുദ്ധ ഖുർആനിന്റെ എല്ലാ കല്പനകളുമനുസരിച്ച് പ്രവർത്തിക്കുന്നതായിരുന്നു. എന്നാൽ, ദൗർഭാഗ്യവശാൽ ഭൂരിപക്ഷമുസ്‌ലീംകളും അല്ലാഹുവിന്റെ ഈ കല്പനയെ വായിക്കുന്നുണ്ടെങ്കിലും ഇക്കാര്യത്തെ വളരെ ആദരവോടെ നോക്കിക്കാണുന്നുണ്ടെങ്കിലും പ്രവർത്തിക്കേണ്ട സമയം വരുമ്പോൾ അത് അവഗണിച്ചു കളയുന്നു. അതിനാൽ എല്ലാ കാര്യങ്ങളിലും ഈ മാതൃക നമ്മുടെ മുമ്പിൽ വെക്കുമ്പോഴാണ് യഥാർഥ വിജയമുണ്ടാകുന്നത്. ചിലഘട്ടങ്ങളിൽ മനുഷ്യൻ വലിയ വലിയ കാര്യങ്ങളിൽ നല്ല മാതൃകകൾ കാണിക്കുന്നുണ്ടാകും. പക്ഷേ, ബാഹ്യമായി ചെറുതായി കാണുന്ന കാര്യങ്ങളെ അതിനൊരു പ്രാധാന്യവുമില്ലെന്ന് തോന്നുംവിധം അവഗണിച്ചു കളയുന്നു.

നമ്മുടെ ജീവിതം നമ്മൾ സമാധാനഭരിതവും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ കരസ്ഥമാക്കുന്നതും ആക്കാൻ ആഗ്രഹിക്കുന്നെങ്കിൽ നമ്മുടെ യജമാനരും നേതാവുമായ ഹദ്റത്ത് മുഹമ്മദു റസൂലുല്ലാഹി(സ)എല്ലാ കര്യങ്ങളിലും നമ്മുടെ മുമ്പിൽ സമർപിച്ച ഈ സൽസ്വഭാവങ്ങളെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കേണ്ട ആവശ്യമുണ്ട്. പിന്നീട് ഇക്കാല ഘട്ടത്തിൽ നബി(സ)തിരുമേനിയുടെ സത്യദാസൻ അവയെല്ലാം തുറന്ന് നമ്മുടെ മുമ്പിൽ വെക്കുകയും അതനുസരിച്ച് പ്രവർത്തിക്കാൻ പറയുകയും ചെയ്തു.

ഈ സമയത്ത് ഞാൻ ഇതുസംബന്ധമായി പുരുഷന്മാരുടെ വിവിധ തലങ്ങളിലുള്ള ഉത്തരവാദിത്തങ്ങളെ കുറിച്ച് കുറച്ചു കാര്യങ്ങൾ കുറിച്ച് പറയുന്നതാണ്. പുരുഷന് കുടുംബനാഥൻ എന്ന നിലയിലും ഉത്തരവാദിത്തമുണ്ട്. പുരുഷന് ഭർത്താവ് എന്ന നിലയിലും ഉത്തരവാദിത്തമുണ്ട്. പുരുഷന് പിതാവെന്ന നിലയിലും ഉത്തരവാദിത്തമുണ്ട്. മക്കളെന്ന നിലയിലും ഉത്തരവാദിത്തമുണ്ട്. എല്ലാ പുരുഷന്മാരും ഈ ഉത്തരവാദിത്തങ്ങളെ മനസ്സിലാക്കുകയും അതു നിറവേറ്റാൻ ശ്രമിക്കുകയുമാണെങ്കിൽ ഇതുതന്നെയായിരിക്കും സമൂഹത്തിന്റെ വിശാലമായ സമാധാനസംസ്ഥാപനത്തിന്റേയും സ്നേഹവും സാഹോദര്യവും സ്ഥാപിക്കുന്നതിന്റേയും മാർഗമായിത്തീരുന്നത്. ഇതേ കാര്യങ്ങൾ സന്താനങ്ങളുടെ തർബിയ്യത്തിന്റെ മാർഗമായിത്തീർന്ന് സമാധാന പൂരിതവും മാനുഷിക കടമകൾ സ്ഥാപിക്കുന്നതുമായ സന്താനങ്ങൾ വ്യാപിക്കുന്നതിന് വഴിയായിത്തീരുന്നതാണ്. വീടുകളിൽ സമാധാനം ഉണ്ടാകുന്നതും ഇതേ കാര്യങ്ങൾകൊണ്ടാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചതിനുശേഷവും ജാഹിലീംകളെപ്പോലെ, ദീനിപരമായ ഒരു അറിവുമില്ലാത്ത മുസ്‌ലീംകളെപോലെ, തങ്ങളുടെ ഭാര്യമക്കളോടു ജാഹിലീംകൾ പെരുമാറുന്നതുപോലെ പെരുമാറുകയാണെങ്കിൽ, തങ്ങളുടെ അവസ്ഥകൾ മാറ്റുമെന്ന് പ്രതിജ്ഞ ചെയ്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്തുചെയ്തതുകൊണ്ട് ഒരു പ്രയോജനവുമില്ല.

വീടുകളെ സമാധാനഭരിതമാക്കണമെങ്കിൽ, അടുത്ത തലമുറയ്ക്ക് ശിക്ഷണം നല്കണമെന്നുണ്ടെങ്കിൽ, അവരെ ദീനുമായി ബന്ധപ്പെടുത്തി നിറുത്തണമെങ്കിൽ പുരുഷന്മാർ തങ്ങളുടെ അവസ്ഥയിലേക്ക് ശ്രദ്ധ കൊടുക്കേണ്ടതായി വരും.

ഇന്ത്യയിൽനിന്നും പാക്കിസ്താനിൽനിന്നും സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാരുടെ അക്രമങ്ങളെ കുറിച്ച് എഴുതുന്നുണ്ട്. രണ്ടു സ്ഥലത്തും പാക്കിസ്താനിലും ഇന്ത്യയിലും നളാറത്ത് ഇസ്‌ലാഹ് വ ഇർശാദും ഉപസംഘടനകളും ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. മറ്റുള്ള ലോകത്തും തങ്ങളുടെ തർബിയ്യത്തിന്റെ പരിപാടികളിലേക്ക് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. തബ്‌ലീഗ് ചെയ്തുകൊണ്ടിരിക്കുന്നുണ്ട്, മതപരമായ കാര്യങ്ങൾ പഠിച്ചുകൊണ്ടിരിക്കുന്നുണ്ട് പക്ഷേ, വീടുകളിൽ അസ്വസ്ഥതയാണെങ്കിൽ ആ എല്ലാ അറിവിനും തബ്‌ലീഗിനും ഒരു പ്രയോജനവുമില്ല.

പിതാവെന്ന നിലയിലുള്ള ഭർത്താക്കന്മാരുടെ ഉത്തരവാദിത്തവും മനസ്സിലാക്കേണ്ട ആവശ്യമുണ്ട്. കുട്ടികൾക്ക് ശിക്ഷണം നല്കേണ്ടത് മാതാക്കളുടെ മാത്രം ഉത്തരവാദിത്തമാണെന്ന് മനസ്സിലാക്കരുത്. അതുകൊണ്ട് പിതാക്കന്മാരും കുട്ടികളുടെ തർബിയ്യത്തിൽ തങ്ങളുടേതായ പങ്കുവഹിക്കേണ്ടതാണ്.

കുട്ടികളുടെ മതപരമായ തർബിയ്യത്തിലേക്ക് കർമപരമായി ശ്രദ്ധിക്കുന്നതോടൊപ്പം അവർക്കുവേണ്ടി ദുആകൾ ചെയ്യാൻ ശ്രദ്ധിക്കേണ്ടതും പിതാക്കന്മാരുടെ ഉത്തരവാദിത്തമാണ്. ഇതും അത്യാവശ്യമായ കാര്യമാണ്.

പിതാക്കന്മാരോടു തങ്ങളുടെ കുട്ടികളുടെ തർബിയ്യത്തിലേക്ക് ശ്രദ്ധിക്കുകയും അവർക്കുവേണ്ടി ദുആ ഇരക്കുകയും ചെയ്യുക എന്ന് ഇസ്‌ലാം പറയുന്നതോടൊപ്പം കുട്ടികളോടും അത് കല്പിക്കുന്നത് നിങ്ങൾക്കും കുറച്ച് കടമകളുണ്ടെന്നാണ്. നിങ്ങൾ പ്രായപൂർത്തിയുകുമ്പോൾ മാതാപിതാക്കളോടും നിങ്ങൾ കുറച്ചു കടമകൾ നിറവേറ്റേണ്ടതാണ്. ഇത് ബന്ധങ്ങളുടെ അവകാശങ്ങളുടെ കണ്ണികളാണ്. ഇത് ഒന്ന് മറ്റൊന്നുമായി ചേർക്കുമ്പോൾ സമാധാനഭരിതമായ സമൂഹം ഉണ്ടാകുന്നതാണ്.

എന്തായാലും ഒരു പുരുഷന് വിവിധ നിലകളിലുള്ള ഉത്തരവാദിത്തങ്ങളുണ്ട്. അത് നിറവേറ്റാൻ അവർ ശ്രമിക്കേണ്ടതാണ്. തങ്ങളുടെ വീടുകളെ എപ്പോഴും സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും അന്തരീക്ഷം നിലനില്ക്കുന്ന മാതൃകകളാക്കിത്തീർക്കേണ്ടതാണ്. ഒരു പുരുഷൻ ഭർത്താവുമാണ്, പിതാവുമാണ്, മകനുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അവർ തങ്ങളുടെ ഉത്തരവാദിത്തങ്ങൾ മനസ്സിലാക്കേണ്ടതാണ്. പുരുഷന്മാരുടേതായി ഇതു കൂടാതേയും ഒരുപാട് നിലകളുണ്ട്. പക്ഷേ, അതിൽ മൂന്നു നിലകളാണ് ഞാൻ വിവരിച്ചത്.

**വിശുദ്ധ ഖുർആൻ, തിരുഹദീഥുകൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളുടേയും ജീവിതമാതൃകയുടേയും വെളിച്ചത്തിൽ ഭർത്താക്കന്മാർക്ക് സുപ്രധാനമായ ഉപദേശങ്ങൾ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

2017 മെയ് 19/1396 ഹിജ്റത്ത് 19
മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് മോർഡൻ ലണ്ടൻ(യു.കെ)

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُولُهٗ

أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ

اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِيْنَ ۔ اَلرَّحْمٰنِ الرَّحِيْمِ ۔ مٰلِكِ يَوْمِ الدِّيْنِ ۔ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ۔

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۔ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۔

ഇസ്‌ലാമിന്റെ അധ്യാപനം എന്നു പറയുന്നത് നബി(സ)തിരുമേനിയുടെമേൽ ഇറങ്ങിയതും നമുക്ക് എല്ലാ കാര്യങ്ങളിലും മാർഗദർശനം ലഭിക്കുന്നതുമായ അധ്യാപനമാണ്. നമ്മളിൽ എല്ലാ ഓരോരുത്തരും ഈ മാർഗദർശനമനുസരിച്ച് പ്രവർത്തിക്കുന്നവരായിത്തീർന്നാൽ മനോഹരമായൊരു സമൂഹം സ്ഥാപിതമാകുന്നതായിരിക്കും. ഇസ്‌ലാമികാധ്യാപനമനുസരിച്ച് ശരിയായ നിലയിൽ കർമങ്ങൾ ചെയ്തുകൊണ്ട് മുസ്‌ലീംകൾ മാതൃക കാണിച്ചിരുന്നുവെങ്കിൽ ഇന്ന് ഇസ്‌ലാമിന്റെ മേലും മുസ്‌ലീംകളുടെ കർമങ്ങളുടെമേലും ആക്ഷേപം ഉന്നയിക്കുന്ന അമുസ്‌ലിം ലോകം ആ ആക്ഷേപം ഉന്നയിക്കുന്നതിനുപകരം ഇസ്‌ലാം വിശ്വസിക്കുന്നവരാകുമായിരുന്നു. വിശുദ്ധ ഖുർആനിൽ നിരവധി കല്പനകളുണ്ട്. പക്ഷേ, അവയെല്ലാം ലഖദ് കാന ലക്കും ഫീ റസൂലില്ലാഹി ഉസുവത്തുൻ ഹസനത്തുൻ എന്ന് പറഞ്ഞുകൊണ്ട് അല്ലാഹു ഒരുസ്ഥലത്ത് ഒരുവാക്യത്തിൽ സമാഹരിച്ചിരിക്കുന്നു. തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ റസൂലിൽ ഉത്തമമായ മാതൃകയുണ്ട്. നബി(സ)തിരുമേനിയുടെ ജീവിതം വീടുമുതൽ തുടങ്ങി സാമൂഹികമായ ബന്ധങ്ങൾവരെ വിശുദ്ധ ഖുർആനിന്റെ എല്ലാ കല്പനകളുമനുസരിച്ച് പ്രവർത്തിക്കുന്നതായിരുന്നു. എന്നാൽ, ദൗർഭാഗ്യവശാൽ ഭൂരിപക്ഷമുസ്‌ലീംകളും അല്ലാഹുവിന്റെ ഈ കല്പനയെ വായിക്കുന്നുണ്ടെങ്കിലും ഇക്കാര്യത്തെ വളരെ ആദരവോടെ നോക്കിക്കാണുന്നുണ്ടെങ്കിലും പ്രവർത്തിക്കേണ്ട സമയം വരുമ്പോൾ അത് അവഗണിച്ചു കളയുന്നു. അതിനാൽ എല്ലാ കാര്യങ്ങളിലും ഈ മാതൃക നമ്മുടെ മുമ്പിൽ വെക്കുമ്പോഴാണ് യഥാർഥ വിജയമുണ്ടാകുന്നത്. ചിലഘട്ടങ്ങളിൽ മനുഷ്യൻ വലിയ വലിയ കാര്യങ്ങളിൽ വലിയ നല്ല മാതൃകകൾ കാണിക്കുന്നുണ്ടാകും. പക്ഷേ, ബാഹ്യമായി ചെറുതായി കാണുന്ന കാര്യങ്ങളെ അതിനൊരു പ്രാധാന്യവുമില്ലെന്ന് തോന്നുംവിധം അവഗണിച്ചു കളയുന്നു. അതിനെതിരിൽ നബി(സ)തിരുമേനി തന്റെ നിർദേശങ്ങൾകൊണ്ടും തന്റെ മാതൃകകൾകൊണ്ടും അക്കാര്യങ്ങളിലേക്ക് വളരെ ശ്രദ്ധിക്കാനും നമ്മോടു പറഞ്ഞു.

അതിനാൽ, നമ്മുടെ ജീവിതം നമ്മൾ സമാധാനഭരിതവും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ കരസ്ഥമാക്കുന്നതും ആക്കാൻ ആഗ്രഹിക്കുന്നെങ്കിൽ നമ്മുടെ യജമാനരും നേതാവുമായ ഹദ്റത്ത് മുഹ

മ്മദു റസൂലുല്ലാഹി(സ)എല്ലാ കര്യങ്ങളിലും നമ്മുടെ മുമ്പിൽ സമർപ്പിച്ച ഈ സൽസ്വഭാവങ്ങളെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കേണ്ട ആവശ്യമുണ്ട്. പിന്നീട് ഇക്കാല ഘട്ടത്തിൽ നബി(സ)തിരുമേനിയുടെ സത്യദാസൻ അവയെല്ലാം തുറന്ന് നമ്മുടെ മുമ്പിൽ വെക്കുകയും അതനുസരിച്ച് പ്രവർത്തിക്കാൻ പറയുകയും ചെയ്തു.

ഈ സമയത്ത് ഞാൻ ഇതുസംബന്ധമായി പുരുഷന്മാരുടെ വിവിധ തലങ്ങളിലുള്ള ഉത്തരവാദിത്തങ്ങളെ കുറിച്ച് കുറച്ചു കാര്യങ്ങൾ കുറിച്ച് പറയുന്നതാണ്. പുരുഷന് കുടുംബനാഥൻ എന്ന നിലയിലും ഉത്തരവാദിത്തമുണ്ട്. പുരുഷന് ഭർത്താവ് എന്ന നിലയിലും ഉത്തരവാദിത്തമുണ്ട്. പുരുഷന് പിതാവെന്ന നിലയിലും ഉത്തരവാദിത്തമുണ്ട്. മക്കളെന്ന നിലയിലും ഉത്തരവാദിത്തമുണ്ട്. എല്ലാ പുരുഷന്മാരും ഈ ഉത്തരവാദിത്തങ്ങളെ മനസ്സിലാക്കുകയും അതു നിറവേറ്റാൻ ശ്രമിക്കുകയുമാണെങ്കിൽ ഇതു തന്നെയായിരിക്കും സമൂഹത്തിന്റെ വിശാലമായ സമാധാനസംസ്ഥാപനത്തിന്റേയും സ്നേഹവും സാഹോദര്യവും സ്ഥാപിക്കുന്നതിന്റേയും മാർഗമായിത്തീരുന്നത്. ഇതേ കാര്യങ്ങൾ സന്താനങ്ങളുടെ തർബിയ്യത്തിന്റെ മാർഗമായിത്തീർന്ന് സമാധാന പൂരിതവും മാനുഷിക കടമകൾ സ്ഥാപിക്കുന്നതുമായ സന്താനങ്ങൾ വ്യാപിക്കുന്നതിന് വഴിയായിത്തീരുന്നതാണ്. വീടുകളിൽ സമാധാനം ഉണ്ടാകുന്നതും ഇതേ കാര്യങ്ങൾകൊണ്ടാണ്.

ഇക്കാലത്ത് ഒരുപാട് വീടുകളിലെ പ്രശ്നങ്ങളും പരാതികളും മുമ്പിൽ വരാറുണ്ട്. അവിടെ താനാണ് തന്റെ വീട്ടിന്റെ രക്ഷാധികാരിയെന്നും വലിയ ആളെന്നും തനിക്ക് എല്ലാ അധികാരങ്ങളും ഉണ്ടെന്നും മനസ്സിലാക്കിക്കൊണ്ട് ഭർത്താവ്, ഭാര്യയെ ആദരിക്കുന്നില്ലെന്നും അനുവദനീയമായ അവകാശം നല്കുന്നില്ലെന്നും മക്കളുടെ തർബിയ്യത്തിന്റെ കടമകൾ നിറവേറ്റുന്നില്ലെന്നും പേരിനുമാത്രമുള്ള കുടുംബനാഥനാണെന്നുമൊക്കെ പറഞ്ഞ് ഈയിടെയായി പല വീടുകളിൽനിന്നും പരാതികൾ വരുന്നുണ്ട്. ഭർത്താക്കന്മാർ ഭാര്യമാരെ മർദിച്ച് മർദിച്ച് ശരീരം കരുവാളിച്ചുപോയെന്നും പരിക്കേൽപിച്ചുവെന്നും മുഖം നീരുവന്നു വീർത്തുവെന്നും തുടങ്ങിയുള്ള പരാതികളും ഇന്ത്യയിൽനിന്നും പാക്കിസ്താനിൽനിന്നും ലഭിക്കുന്നുണ്ട്. എന്നല്ല ചിലയാളുകൾ ഈ രാജ്യങ്ങളിൽ താമസിച്ചുകൊണ്ടും ഇത്തരം പ്രവൃത്തികൾ ചെയ്യുന്നു. ആൺകുട്ടികളുടേയും പെൺകുട്ടികളുടേയുംമേൽ അങ്ങേയറ്റം അക്രമം ചെയ്യുന്ന ചില പിതാക്കന്മാരുമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചതിനുശേഷവും ജാഹിലീംകളെപ്പോലെ, ദീനിപരമായ ഒരു അറിവുമില്ലാത്ത മുസ്ലീംകളെപോലെ, തങ്ങളുടെ ഭാര്യമക്കളോടു ജാഹിലീംകൾപെരുമാറുന്നതുപോലെ പെരുമാറുകയാണെങ്കിൽ, തങ്ങളുടെ അവസ്ഥകൾ മാറ്റുമെന്ന് പ്രതിജ്ഞ ചെയ്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്തുചെയ്തതുകൊണ്ട് ഒരു പ്രയോജനവുമില്ല.

അല്ലാഹുവിന്റെ കടമ നിറവേറ്റാനും കർമപരമായ അവസ്ഥയുടെ നിലവാരം ഉയർത്തിവെക്കാനും ഉത്തരവാദിത്തമുള്ള ഭർത്താവ് അത് നിറവേറ്റുന്നുണ്ടോ?

നബി(സ)തിരുമേനി ഏറ്റവും ആദ്യം കുടുംബനാഥനെന്ന നിലയിൽ തൗഹീദിന്റെ സ്ഥാപനത്തിന്റെ പ്രാധാന്യം തന്റെ ഭാര്യാമക്കളിൽ വെളിപ്പെടുത്തി അതനുസരിച്ച് കർമങ്ങൾ ചെയ്യിച്ചു. പക്ഷേ, ഈ ജോലിയും അനുരക്തിയോടും സ്നേഹത്തോടും കൂടിയാണ് ചെയ്യിച്ചത്. ലാത്തിയുടെ ശക്തികൊണ്ടല്ല. നബി(സ)തിരുമേനി കുടുംബനാഥന്റെ നാഥന്റെ ഉത്തരവാദിത്തം ലോകത്തിന്റെ പരിഷ്കരണം ശരീഅത്തിന്റെ സംസ്ഥാപനം തുടങ്ങി ഒരുപാട് തിരക്കുകളുണ്ടായിട്ടും തന്റെ കുടുംബക്കാരോടുള്ള കടമ സ്നേഹത്തോടും സൗമ്യതയോടും സന്തോഷത്തോടുംകൂടി നിറവേറ്റി. നിങ്ങളുടെ ഉത്തരവാദിത്തം തൗഹീദിന്റെ സംസ്ഥാപനമാണെന്നും അല്ലാഹുവിനെ ആരാധിക്കലാണെന്നും ആദ്യം ബോധ്യം വരുത്തി. ഹദ്റത്ത് ആയിശ(റ)പറയുന്നു: നബി(സ)തിരുമേനി രാത്രിയിൽ തഹജ്ജുദിനായി ഉണർന്നിരുന്നു. പിന്നീട് സുബ്ഹി നമസ്കാരത്തിനു കുറച്ചുമുമ്പേ നഫ്ൽ നമസ്കരിക്കുക, ആരാധന നിർവഹിക്കുക, അല്ലാഹുവിനോടുള്ള കടമനിറവേറ്റുക എന്ന് പറഞ്ഞ് വെള്ളം തളിച്ച് ഞങ്ങളെ ഉണർത്തിയിരുന്നു. (ബുഖാരി കിതാബുൽ വിത്ർ ഹദീഥ് 676)

നമ്മൾ ജീവിതത്തിൽ പകർത്തേണ്ടതും സ്വായത്തമാക്കേണ്ടതുമായ ജീവിത മാതൃക ഇതാണ്; അല്ലാതെ ഭാര്യമാരോടു അക്രമത്തിന് സമാനമായ പെരുമാറ്റമല്ല വേണ്ടത്.

നബി(സ)തിരുമേനിയുടെ വീട്ടുജോലികളുടെ വിശദീകരണം നല്കിക്കൊണ്ടു ഹദ്റത്ത് ആയിശ(റ) പറയുന്നു: 'അവിടന്ന് തന്റെ വസ്ത്രം സ്വയം തയിക്കുമായിരുന്നു. ചെരുപ്പുകൾ തുന്നുമായിരുന്നു. വീട്ടിലെ ബക്കറ്റ് തുടങ്ങിയവ റിപ്പയർ ചെയ്യുമായിരുന്നു.'(ഉംദത്തുൽഖാരി ശറഹ് സ്വഹീഹുൽ ബുഖാരി ഹദീഥ് 676)

അതിനാൽ ഈ മാതൃകകൾ മുന്നിൽവച്ചുകൊണ്ട് നിരവധി ഭാർത്താക്കന്മാർ ആത്മപരിശോധന നടത്തേണ്ടതാണ്. അവരുടെ വീടുകളിൽ ഇത്തരം പെരുമാറ്റമാണോ? ജീവിതരീതിയാണോ? ഉള്ളതെന്ന് നോക്കേണ്ടതാണ്.

തന്റെ സ്വഹാബാക്കളോടു ഭർത്താക്കന്മാരുടെ നിർബന്ധ കടമകളേയും അവരുടെ പെരുമാറ്റത്തിന്റെ നിലവാരത്തേയും സംബന്ധിച്ച് ഒരു അവസരത്തിൽ നബി(സ)തിരുമേനി പറഞ്ഞതായി ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം: 'സ്വഭാവങ്ങൾ നല്ലതായവനാണ് സത്യവിശ്വാസികളിൽ സമ്പൂർണ സത്യവിശ്വാസി. സൽസ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ ഭാര്യമാർക്ക് ഉത്തമനായിട്ടുള്ളവനാണ് നിങ്ങളിൽ ഉത്തമനായിട്ടുള്ളവൻ.'(സുനനുത്തുർമുദി, അബ് വാബുർരിളാഅ്)

അതിനാൽ, തങ്ങളുടെ ഭാര്യമാരോടു നല്ല രീതിയിൽ പെരുമാറാത്ത എല്ലാ ഓരോ വ്യക്തിയും ആത്മപരിശോധന നടത്തേണ്ടതാണ്. ഇത് ഈമാനിന്റെ ഉയർന്ന നിലവാരത്തിന്റെ അടയാളവും കൂടിയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഭർത്താവിന്റെ കടമകളും ഭാര്യമാരോടുള്ള സൽപെരുമാറ്റവും വിവരിച്ചുകൊണ്ട് പറയുന്നു: "അസാന്മാർഗിക പ്രവൃത്തി കൂടാതെയുള്ള സ്ത്രീകളുടെ എല്ലാ ദുശ്ശീലങ്ങളും കടുപ്പമുള്ള സ്വഭാവവും സഹിച്ചുകൊള്ളേണ്ടതാണ്." പറഞ്ഞു, "പുരുഷനായിക്കൊണ്ട് സ്ത്രീകളോടു യുദ്ധം ചെയ്യുന്നത് അങ്ങേയറ്റം ലജ്ജയില്ലാത്ത പ്രവൃത്തിയായി നമുക്ക് തോന്നുന്നു. അല്ലാഹു നമ്മെ പുരുഷനാക്കിയിരിക്കുന്നു. വാസ്തവത്തിൽ നമ്മളിൽ പരിപൂർണമായ അനുഗ്രഹമുണ്ട്. നമ്മൾ സ്ത്രീകളോട് സന്തോഷത്തോടും മൃദുലഭാവത്തോടുംകൂടി പെരുമാറുക എന്നതാണ് അതിനുള്ള നന്ദി.

ഒരിക്കൽ ഒരു സുഹൃത്തിന്റെ നിർദയമായ സംസാരത്തേയും ചീത്തപറച്ചിലിനേയും കുറിച്ചുള്ള സംസാരമുണ്ടായി; തന്റെ ഭാര്യയോട് കാർക്കശ്യത്തോടെ പെരുമാറുന്നുവെന്ന്. ഹുദൂർ അലയ്ഹിസലാം ഇതുകേട്ട് വളരെ വിഷമിച്ചു. പറഞ്ഞു: 'നമ്മുടെ സഹോദരങ്ങൾ അങ്ങനെയാകാൻ പാടില്ല.' പിന്നീട് എഴുതുന്നയാൾ എഴുതുന്നു, അതിനുശേഷം ഹുദൂർ(അ) വളരെനേരം സ്ത്രീകളുടെ സാമൂഹിക ജീവിതത്തെ സംബന്ധിച്ച് സംസാരിച്ചുകൊണ്ടിരുന്നു. അവസാനം പറഞ്ഞു: 'എന്റെ അവസ്ഥ എന്താണെന്നുവെച്ചാൽ ഒരിക്കൽ ഞാൻ എന്റെ ഭാര്യയുടെമേൽ ശബ്ദമുയർത്തി. (ഉയർന്ന ശബ്ദത്തിൽ സംസാരിച്ചു). മനസ്സിന്റെ ആ ഉയർന്ന ശബ്ദം ദുഃഖം കലർന്നതാണെന്ന് എനിക്ക് തോന്നി. (ആ ഉയർന്ന ശബ്ദത്തിൽ പറഞ്ഞപ്പോൾ അതിൽ ഹൃദയത്തിന്റെ എന്തോ വേദന ഉണ്ടെന്ന് അനുഭവപ്പെട്ടു) ഇതല്ലാതെ മനസ്സിനെ വ്രണപ്പെടുത്തുന്നതോ വേദനയുണ്ടാക്കുന്നതോ ആയ വാക്യമൊന്നും പുറത്തുവന്നിരുന്നില്ല.(ഇതിനു പുറമെ കഠിനപരമായ വാക്കുകളൊന്നും പറഞ്ഞിരുന്നില്ല. പക്ഷേ, എന്നിട്ടും) അവിടന്ന് പറയുന്നു: 'അതിനുശേഷം ഞാൻ ഒരുപാട് സമയംവരെ പാപപ്പൊറുതി തേടിക്കൊണ്ടിരുന്നു. ഞാൻ പറഞ്ഞത് ഭാര്യയിൽ എന്തെങ്കിലും വിഷമമുണ്ടാക്കുകയും അത് ദൈവത്തിന്റെ പക്കൽ വിപരീതഫലം ഉളവാക്കുകയും ചെയ്യുമോ എന്ന നിലയിൽ ഭക്തിയോടും വിനയത്തോടുംകൂടി നഫലുകൾ നമസ്കരിക്കുകയും കുറച്ച് ദാനധർമം കൊടുക്കുകയും ചെയ്തു. . (മൽഫൂദാത്ത്, വാള്യം 2, പേജ് 1-2)

ഈ മാതൃകയാണ് ആ മഹാത്മാവിന്റേത്. പിന്നീട് ഏതോ സുഹൃത്ത് കടുപ്പമായി പെരുമാറി എന്നറിഞ്ഞപ്പോൾ വലിയ ചിന്തയും വേദനയും പ്രകടിപ്പിക്കുകയും ചെറിയ ചെറിയ കാര്യങ്ങളിൽ തങ്ങളുടെ ഭാര്യമാരോടു വഴക്കിടുന്നവർക്കും അവരുടെനേരെ കൈപൊക്കുന്നവർക്കും കുറച്ച് ബോധമുണ്ടാകേണ്ടതാണെന്ന് ഉപദേശിക്കുകയും ചെയ്തു. ഈ കൈപൊക്കുന്നത് അവിടെ നില്ക്കട്ടെ. ഞാൻ പറഞ്ഞതുപോലെ അടിച്ച് പരിക്കേല്പിക്കുകയും ചെയ്യുന്നു. അവർ വളരെയേറെ ചിന്തിക്കേണ്ട നിമിഷമാണിത്. നബി(സ)തിരുമേനിയുടെ നിർദേശം കാരണത്താലാണ് ഈമാനിന്റെ ഉന്നതമായ നിലവാരമില്ലാത്തവർ പല സ്ഥലത്തും വഞ്ചിക്കപ്പെടാൻ ഇടയുണ്ടെന്ന ചിന്ത ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായത്.

അതിനാൽ ഞാൻ പറഞ്ഞതുപോലെ ബാഹ്യത്തിൽ ചെറുതായി കാണപ്പെടുന്ന ഈ കാര്യങ്ങൾ ചെറുതല്ല. ഈ രാജ്യങ്ങളിൽ പോലീസുതലംവരെ കാര്യങ്ങളെത്തുകയും ജമാഅത്തിന് ചീത്തപ്പേരുണ്ടാകുകയും ചെയ്യുന്നു. അത്തരക്കാർ പിന്നീട് ഭൗതികശിക്ഷകൂടി അനുഭവിക്കുകയും അല്ലാഹുവിന്റെ വെറുപ്പിന് പാത്രമാകുകയും ചെയ്യുന്നു.

ഭാര്യയിൽ ഇന്ന ഇന്ന തിന്മകളുണ്ടെന്നും ഇക്കാരണത്താൽ കടുപ്പമായി പെരുമാറേണ്ടിവരുന്നുവെന്നും ചില ഭർത്താക്കന്മാർ പറയാറുണ്ട്. ഈ വശത്തൂടെ നോക്കുമ്പോൾ ഭർത്താക്കന്മാർ ദീനിന്റെ നിലവാരത്തിൽ പൂർണമായും ഇറങ്ങുന്നവരാണോ എന്ന് ആദ്യം ആത്മപരിശോധന നടത്തേണ്ടതുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)അത്തരത്തിലുള്ള ഭർത്താക്കന്മാരെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു, 'ഭർത്താവ് പരിശുദ്ധനല്ലെങ്കിൽ ഭാര്യ എങ്ങനെ സാത്വികയാകാനാണ്.' (ആദ്യത്തെ നിബന്ധന എന്താണെന്നുവച്ചാൽ ഭർത്താവ് നല്ലവനായിരിക്കണം എന്നതാണ്). 'ഭർത്താവ് സ്വയം സ്വാലിഹാണെങ്കിൽ അയാളുടെ ഭാര്യയും സ്വാലിഹയായിത്തീരാവുന്നതാണ്.' പറഞ്ഞു, 'വാക്കുകൾകൊണ്ട് സ്ത്രീകളെ ഉപദേശിക്കാൻ നില്ക്കരുത്. മറിച്ച് കർമംകൊണ്ട് ഉപദേശിക്കുകയാണെങ്കിൽ അതിന് ഫലമുണ്ടാകുന്നതാണ്.' വെറും വാക്കാലുള്ള ഉപദേശം ചെയ്യാതിരിക്കുക. വെറും വഴക്കു പറയാതിരിക്കുക. മറിച്ച് നിങ്ങളുടെ കർമംകൊണ്ട് നിങ്ങൾ നല്ലവനാണെന്നും നിങ്ങളുടെ ഓരോ ചുവടും അല്ലാഹുവിന്റെ കല്പനയനുസരിച്ച് വെക്കുന്നവയാണെന്നും സ്ഥാപിച്ചു കാണിക്കുക. കർമംകൊണ്ടുള്ള അത്തരം ഉപദേശത്തിന് സ്വാധീനമുണ്ടാകുന്നതാണ്. പറഞ്ഞു: 'ഭാര്യ അവിടെ നില്ക്കട്ടെ, മറ്റാരാണ് വെറും നാവുകൊണ്ടുള്ള ആരുടെയെങ്കിലും ഉപദേശം കേൾക്കുന്നത്?' (കർമമില്ലെങ്കിൽ അതാരും കേൾക്കുകയില്ല).ഭർത്താവ് തന്റെ ഉള്ളിൽ എന്തെങ്കിലും വക്രതയോ കുറവോ വെക്കുന്നുണ്ടെങ്കിൽ ഭാര്യ എപ്പോഴും അതിന് സാക്ഷിയാണ്. പറഞ്ഞു: 'അല്ലാഹുവിനെ സ്വയം ഭയപ്പെടാത്തത് ആരാണോ ഭാര്യ എങ്ങനെയാണ് അയാളെ ഭയപ്പെടുക.? അത്തരം മൗലവിമാരുടെ ഉപദേശവും ഭർത്താക്കന്മാരുടെ ഉപദേശവും ഒരു സ്വാധീനവുമുണ്ടാക്കുകയില്ല. പറയുന്നു: ഭർത്താവ് രാത്രിയിൽ എഴുന്നേറ്റ് എഴുന്നേറ്റ് ദുആ ചെയ്യുകയും കരയുകയും ഒന്നുരണ്ടു ദിവസത്തിനുള്ളിൽ ഭാര്യ അതു കാണുകയും ചെയ്യുമ്പോൾ അവർക്കും ആ ചിന്തയുണ്ടാകുകയും തീർച്ചയായും അവരെ അത് സ്വാധീനിക്കുകയും ചെയ്യും.' പറയുന്നു:'സ്ത്രീയിൽ ആകർഷിക്കപ്പെടാനുള്ളശക്തി വളരെ കൂടുതലാണ്....... അവ ശരിയാക്കിവെക്കുന്നതിന് എത്രത്തോളം ഭർത്താവിന്റെ കർമപരമായ മാതൃക മതിയാകുന്നുവോ അത്രത്തോളം ഒരു മദ്രസയും മതിയാകുകയില്ല.(സ്ത്രീകളെ നന്നാക്കിയെടുക്കുന്നതിന് ഒരു സ്കൂളിന്റേയും ആവശ്യമില്ല. ഒരു സ്ഥാപനത്തിന്റെ ആവശ്യവമില്ല). "എത്രമാത്രം ഭർത്താവിന്റെ കർമപരമായ മാതൃക മതിയാകുന്നുവോ."(അവരെ നന്നാക്കണമെങ്കിൽ ഭർത്താവ് സ്വയം, തന്നെ നന്നാക്കേണ്ടതാണ്. തന്റെ കർമപരമായ മാതൃക കാണിച്ചാൽ അവരുടെ പരിഷ്കരണം ഉണ്ടാകുന്നതായിരിക്കും). അവിടന്ന് പറയുന്നു: അല്ലാഹു ഭാര്യയേയും ഭർത്താവിനേയും ഒരൊറ്റ അസ്തിത്വമായിട്ടാണ് പറഞ്ഞിട്ടുള്ളത്. ഭർത്താക്കന്മാർ തങ്ങളുടെ ന്യൂനത കണ്ടുപിടിക്കാൻ ഭാര്യമാർക്ക് അവസരം നല്കുന്നുവെന്നത് ഭർത്താക്കന്മാരുടെ അക്രമമാണ്. തന്റെ ഭർത്താവ് ഇന്ന തിന്മ ചെയ്യുന്നയാളാണെന്ന് പറയാൻ ഭാര്യമാർക്ക് അവസരം ഒരിക്കലും ഭർത്താക്കന്മാർ കൊടുക്കാതിരിക്കേണ്ടതാണ്. (ഇന്ന ന്യൂനത നിങ്ങളിലുണ്ടെന്നും നിങ്ങൾ ഇന്ന തിന്മചെയ്യുന്നുവെന്നും പറയാനുള്ള അവസരം ഒരിക്കലും

ഭർത്താക്കന്മാർ, ഭാര്യമാർക്ക് കൊടുക്കാതിരിക്കേണ്ട താണ്.) എന്നല്ല പറയുന്നു: "ഭർത്താവ് എത്രമാത്രം പരിശുദ്ധനാകണമെന്നാൽ, ഭാര്യ കുമ്പിട്ട് കുമ്പിട്ട് ക്ഷീണിക്കുകയും ഒരു തിന്മയും അവൾക്ക് കിട്ടാതി രിക്കുകയും ചെയ്യുന്ന നേരത്താണ് അവൾക്ക് മത നിഷ്ഠയുടെ ചിന്ത ഉണ്ടാകുന്നത്. അവൾ ദീനിനെ മനസ്സിലാക്കുന്നതും.'(മൽഫൂദാത്ത് വാല്യം 5 പേജ് 207-208 1985 ലണ്ടൻ പതിപ്പ്)

അന്വേഷിച്ചിട്ടും ഭർത്താവിൽ ഒരു തിന്മയും കാ ണാതെവരുമ്പോൾ ഭാര്യ ദീനീനിഷ്ഠയുള്ളവൾ അ ല്ലെങ്കിലും ദീനിലേക്ക് അവളുടെ ശ്രദ്ധ ഉണ്ടാകുന്ന താണ്. ഇവിടെ സ്ത്രീകൾ കൂടുതൽ ദീനീനിഷ്ഠ യുള്ളവരായിട്ടാണ് ഞാൻ കണ്ടിട്ടുള്ളത്. തങ്ങളുടെ ഭർത്താക്കന്മാർക്ക് ദീനിനെ കുറിച്ച് ശ്രദ്ധയില്ലെന്ന് ചിലപ്പോൾ പരാതിപ്പെടുകയും ചെയ്യുന്നു.

ഒരു ഭാഗത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്, തനിക്ക് ബയ്അത്ത് ചെയ്ത ഭർത്താക്കന്മാരിൽനി ന്നുള്ള പ്രതീക്ഷകൾ ഇതാണ്. മറുഭാഗത്ത് ഭർത്താ ക്കന്മാർ നമസ്കാരത്തിൽ അലസരാണ്, ജമാഅത്താ യിട്ടുള്ള നമസ്കാരത്തെ കുറിച്ച് എന്തു പറയാൻ, വീട്ടിലും നമസ്കരിക്കാറില്ല തുടങ്ങിയ പരാതിയും കൊണ്ടുവരുന്ന ഭാര്യമാരെയാണ് നമ്മൾ കാണു ന്നത്. ദീനീ ബോധം ഭർത്താവിന് കുറവാണെന്നും പലവീട്ടുകളിലേയും പുരുഷന്മാർ ചന്ദ കൊടുക്കു ന്നതിൽ ബലഹീനരാണെന്നും ടി.വിയിൽ വ്യർഥവും അനാവശ്യവുമായ പരിപാടികൾ കണ്ടുകൊണ്ടിരി ക്കുകയാണെന്നും ഇപ്രകാരംതന്നെ കുട്ടികളുടെ തർബിയ്യത്ത് കാര്യത്തിൽ ഒരു ശ്രദ്ധയുമില്ലെന്നുമു ള്ള പരാതികളും ഭർത്താക്കന്മാരെ സംബന്ധിച്ചി ട്ടുണ്ട്. അഥവാ എപ്പോഴെങ്കിലും കുടുംബനാഥനാ കാൻ ശ്രമിക്കുകയാണെങ്കിൽ വഴക്കും വക്കാണവും അടിയും പിടിയുമല്ലാതെ മറ്റൊന്നും ഉണ്ടാകുകയില്ല. സ്ത്രീകൾ പുരുഷന്മാരിൽനിന്ന് പഠിക്കുന്നതിനുപ കരം പലവീട്ടുകളിലും സ്ത്രീകൾ പുരുഷന്മാരെ പ ഠിപ്പിക്കുകയാണ് ചെയ്യുന്നത്. അല്ലെങ്കിൽ കുട്ടികൾ വഴിതെറ്റിപ്പോകാതിരിക്കാൻ അവരോടു പറഞ്ഞു കൊണ്ടിരിക്കുന്നു. ഏതൊരു വീടുകളിലാണോ കുട്ടികൾ അശിക്ഷണത്തിന് ഇരയായിട്ടുള്ളത് പെ ാതുവെ അതിനുള്ള കാരണം പുരുഷന്മാരുടെ ശ്രദ്ധ യില്ലായ്മയോ ഭാര്യയുടേയും കുട്ടികളുടേയും മേലു ള്ള അതിക്രമമോ ആയിരിക്കും. തങ്ങളോടും തങ്ങ ളുടെ മാതാവിനോടുമുള്ള പിതാവിന്റെ പെരുമാറ്റം നല്ലതല്ലെന്ന് പറഞ്ഞ് പല കുട്ടികളും എന്നോടു പ രാതിപ്പെടാറുണ്ട്. അതുകൊണ്ട് വീടുകളെ സമാ ധാനഭരിതമാക്കണമെങ്കിൽ, അടുത്ത തലമുറയ്ക്ക് ശിക്ഷണം നല്കണമെന്നുണ്ടെങ്കിൽ, അവരെ ദീനു മായി ബന്ധപ്പെടുത്തി നിറുത്തണമെങ്കിൽ പുരുഷ ന്മാർ തങ്ങളുടെ അവസ്ഥയിലേക്ക് ശ്രദ്ധ കൊടുക്കേ ണ്ടതായി വരും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പുരുഷന്മാരുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് വീണ്ടും പറയുന്നു:'പുരുഷൻ തന്റെ വീട്ടിലെ ഇമാമാകുന്നു. അയാൾ സ്വയമേവ ദുസ്സ്വാധീനം ഉണ്ടാക്കുകയാണെങ്കിൽ എത്രമാത്രം ദുഷ്ഫലമായിരിക്കുമുണ്ടാകുക.'(അയാളുടെ കർമം കൊണ്ട് ദുസ്വാധീനമുണ്ടാകുന്നു. ഭാവിയിൽ തലമു റകളിലും ദുസ്വാധീനം പതിഞ്ഞുകൊണ്ടേപോകുന്ന തായിരിക്കും). പറഞ്ഞു:'പുരുഷൻ തന്റെ ശക്തികളെ സന്ദർഭോചിതവും അനുവദനീയുമായ അവസര ത്തിൽ ഉപയോഗിക്കേണ്ടതാണ്. ഉദാഹരണത്തിന് കോപാശക്തിയാണ് ഒന്ന്. (ദ്വേഷം). 'അത് മധ്യമനി ലയിൽനിന്ന് അധികമാകുമ്പോൾ ഭ്രാന്തിന്റെ മുന്നോ ടിയായിത്തീരുന്നു.'(ദ്വേഷം പ്രകൃതിയിലുള്ളതാണ്. ഒരു മനുഷ്യനിൽ അതുണ്ട്. എന്നാൽ, അത് അതിരു കടന്നാൽ അത് ഭ്രാന്തിന്റെ മുഖവുരയായിത്തീരുന്നു. പറഞ്ഞു:)"ഭ്രാന്തും അതും തമ്മിൽ വളരെ ചെറിയ വ്യത്യാസമേയുള്ളു. ആരാണോ കഠിനകോപിയാകു ന്നത് അവനിൽനിന്ന് വിവേകത്തിന്റെ അരുവി തട്ടി പ്പറിച്ചെടുക്കപ്പെടുന്നു. എന്നല്ല ഒരാൾ എതിരാളിയാ ണെങ്കിൽത്തന്നെയും അയാളോടും കോപാകുലനാ യി സംസാരിക്കരുത്.'(മൽഫൂദാത്ത് വാല്യം 5 പേജ് 208 1985 ലണ്ടൻ പതിപ്പ്). വീട്ടുകാരുടെ കാര്യം വേറെ തന്നെയാണ്. ശത്രുക്കളോടുപോലും ഇങ്ങനെ കോപാ കുലരായി സംസാരിക്കാതിരിക്കേണ്ടതാണ്. അതിനാ ൽ ഇതാണ് നിലവാരം. വീട്ടിൽ ഭാര്യയോടും കുട്ടിക ളോടും ദ്വേഷപ്പെടാതിരിക്കേണ്ടതാണ്. ഈ ദ്വേഷം അവിടെ നില്ക്കട്ടെ! ഇനി എതിരാളിയാണെങ്കിൽത്ത ന്നെയും അയാളോടും കോപാകുലനായി, വിവേകര ഹിതമായി സംസാരിക്കരുത്. എതിരാളികൾ പറയു ന്നതിനെ ഖണ്ഡിക്കുന്നതിനുവേണ്ടിയും മുഅ്മിന്റെ വായിൽനിന്ന് വൃത്തികെട്ടതും കോപം നിറഞ്ഞതു മായ വാക്കുകൾ പുറപ്പെടാൻ പാടില്ല.

ഞാൻ മുമ്പേയും പറഞ്ഞതുപോലെ, ഇന്ത്യ യിൽനിന്നും പാക്കിസ്താനിൽനിന്നും സ്ത്രീകൾ ത ങ്ങളുടെ ഭർത്താക്കന്മാരുടെ അക്രമങ്ങളെ കുറിച്ച് എഴുതുന്നുണ്ട്. രണ്ടു സ്ഥലത്തും പാക്കിസ്താനിലും ഇന്ത്യയിലും നളാറത്ത് ഇസ്‌ലാഹ് വ ഇർശാദും ഉപസംഘടനകളും ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. മറ്റുള്ള ലോകത്തും തങ്ങളുടെ തർബിയ്യത്തിന്റെ പ രിപാടികളിലേക്ക് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാ ണ്. തബ്‌ലീഗ് ചെയ്തുകൊണ്ടിരിക്കുന്നുണ്ട്, മതപര മായ കാര്യങ്ങൾ പഠിച്ചുകൊണ്ടിരിക്കുന്നുണ്ട് പക്ഷേ, വീടുകളിൽ അസ്വസ്ഥതയാണെങ്കിൽ ആ എല്ലാ അറിവിനും തബ്‌ലീഗിനും ഒരു പ്രയോജനവുമില്ല.

സ്ത്രീയുടെ മനശ്ശാസ്ത്രവും അവളെങ്ങനെയാണ് ഭർത്താവിനെ കണ്ടുകൊണ്ടിരിക്കുന്നതെന്നതിനേ യും സംബന്ധിച്ച് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഭർത്താവിന്റെ എല്ലാ കാര്യ ങ്ങളും ഗുണങ്ങളും ഭാര്യ കാണുന്നു. തന്റെ ഭർത്താ വിൽ ഇന്നയിന്ന ഭക്തിയുടെ ഗുണങ്ങൾ ഉണ്ടെന്നും ധർമം, സൗമ്യത, ക്ഷമ തുടങ്ങിയ(ഭാര്യ)കണ്ട് ഉരച്ചു നോക്കാനുള്ള അവസരം അവൾക്ക് കിട്ടുന്നു. അത് മറ്റുള്ളവർക്ക് ലഭിക്കുകയില്ല. (വീട്ടിൽ നിത്യവും ഭാര്യ ഭർത്താവിനെ കണ്ടുകൊണ്ടിരിക്കുന്നു. പ റയുന്നു അതുകൊണ്ട് സ്ത്രീയെ കവർന്നെടുക്കുന്ന വൾ എന്നും പറയാറുണ്ട്. അതായത് അവൾ ഉള്ളി ന്റെയുള്ളിൽ സ്വഭാവങ്ങൾ കവർന്നുകൊണ്ടിരിക്കു ന്നു.) അവസാനം പൂർണമായ സൽസ്വഭാവങ്ങൾ കരസ്ഥമാക്കുന്ന അവസ്ഥയും എത്തും.' പറയുന്നു: 'ഒരു വ്യക്തിയെക്കുറിച്ച് കുറിച്ച് പറയുന്നു. അയാൾ (ഇസ്‌ലാം ഉപേക്ഷിച്ച്) ക്രിസ്ത്യാനിയായി. ഭാര്യയും അയാളോടൊപ്പം ക്രിസ്ത്യാനിയായി. (അവളും) മദ്യവും മറ്റും ഉപയോഗിക്കാൻ തുടങ്ങി. പർദയും ഉപേക്ഷിച്ചു.(അയാളുടെ ഭാര്യ) അന്യരുമായിട്ട് കൂടി ച്ചേരാനും ഇടപഴകാനും തുടങ്ങി. ഭർത്താവ് വീണ്ടും ഇസ്‌ലാമിലേക്ക് വന്നു. (കുറച്ചുകാലത്തിനുശേഷം താൻ ഇസ്‌ലാം ഉപേക്ഷിച്ചത് തെറ്റാണെന്ന് ഭർത്താ വിന് തോന്നി. അതുകൊണ്ട് വീണ്ടും ഇസ്‌ലാമി ലേക്ക് വന്നു.) നീയും (ഇനി) എന്റെ കൂടെ മുസ്‌ലി മാകുകയെന്ന് അയാൾ ഭാര്യയോടും പറഞ്ഞു. അപ്പോൾ ഭാര്യ പറഞ്ഞു: ഇനി ഞാൻ മുസ്‌ലിമാകുക പ്രയാസമാണ്. ഈ ശീലങ്ങൾ മദ്യവും മറ്റും കുടിക്ക ലും, സ്വാതന്ത്ര്യത്തോടെ നടക്കലും ഇനി ഉപേക്ഷി ക്കാൻ പറ്റില്ല. (മൽഫൂദാത്ത് വാല്യം 5 പേജ് 208-209 1985 ലണ്ടൻ പതിപ്പ്) ഭർത്താവ് ഇസ്‌ലാമിൽനിന്ന് ദൂരപ്പെടുകയും ദൂരമാറി ക്രൈസ്തവമതം സ്വീകരി ക്കുകയും ചെയ്യുക എന്നത് അങ്ങേയറ്റത്തെ ഒരവ സ്ഥയാണ്. പക്ഷേ, ഇസ്‌ലാമിനെ ഉപേക്ഷിക്കാത്ത ഒരുപാട് ഭർത്താക്കന്മാരുമുണ്ട്. പേരിനു മാത്രം ഇസ്‌ലാമുമായി ചേർന്നു നില്ക്കും. താൻ മുസ്‌ലി മാണെന്ന് പറയുകയും ചെയ്യും. എന്നാൽ, സ്വാത ന്ത്ര്യത്തിന്റെ പേരിൽ ഒരുപാട് തെറ്റുകളിൽ അക പ്പെടുന്നു. ഞാൻ മുമ്പേയും പറഞ്ഞുവന്നതുപോ ലെ പിന്നെ അതുകണ്ടിട്ട് ഭർത്താവ് പറയുന്നതനു സരിച്ച് ഭാര്യമാരും സ്വാതന്ത്ര്യത്തിന്റെ പേരിൽ ആ ചുറ്റുപാടിൽ വീണുപോകുന്നു. കുറച്ചുകാലം കഴിയു മ്പോൾ പുരുഷന് വിചാരമുണ്ടാകും ഭാര്യ ഇപ്പോൾ കൂടുതൽ സ്വതന്ത്രയായിരിക്കുന്നുവെന്ന്. അവളെ ആ സ്വാതന്ത്ര്യത്തിൽനിന്ന് തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കുമ്പോൾ കലഹവും അടിപിടിയും തുടങ്ങു ന്നു. ഇവിടേയും അത്തരം സംഭവങ്ങൾ ഉണ്ടാകാറു ണ്ട്. ഞാൻ പറഞ്ഞതുപോലെ ഈ രാഷ്ട്രങ്ങളിൽ പെട്ടെന്ന് പോലീസ് ഇടപെടുന്നു. സ്ത്രീകളുടേയും കുട്ടികളുടേയും അവകാശ സംരക്ഷണസമിതികൾ വരുന്നു. അങ്ങനെ വീടും ഛിദ്രമാകുന്നു. കുട്ടികളും നശിക്കുന്നു.

അതിനാൽ വീട് തകരുന്നതിനുമുമ്പേയും കുട്ടി കൾ നശിക്കുന്നതിനുമുമ്പേയും അവരുടെ ഭാ ര്യാമക്കളെ കുറിച്ച് ഇസ്‌ലാം അവർക്കായി നിശ്ച യിട്ടുള്ളതും ദീൻ അവരിൽ ഇടുന്നതുമായ ഉത്തരവാ ദിത്തങ്ങൾ ഇത്തരം ഭർത്താക്കന്മാർ മനസ്സിലാക്കേ ണ്ടതാണ്.

സ്ത്രീകളുടെ അവകാശത്തേയും അവരോടുള്ള പെരുമാറ്റത്തേയും കുറിച്ച് ഒരു അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു 'സ്ത്രീക ളുടെ അവകാശം ഇസ്‌ലാം കാത്തുസൂക്ഷിച്ചിട്ടുള ളതുപോലെ മറ്റു ഒരു മതങ്ങളും കാത്തുസൂക്ഷിച്ചി ട്ടില്ല. ചുരുങ്ങിയ വാക്കുകളിൽ പറഞ്ഞു, വലഹുന്ന മിഥ്‌ലുല്ലദീ അലയ്ഹിന്ന ഭർത്താക്കന്മാർക്ക് ഭാര്യ മാരുടെമേൽ അവകാശങ്ങൾ ഉള്ളതുപോലെ ഭാര്യ മാർക്ക് ഭർത്താക്കന്മാരുടെമേലും അവകാശമുണ്ട്. (2:229)'പറഞ്ഞു:"ചിലയാളുകളെ കുറിച്ച് കേൾക്കാ റുണ്ട്. അവർ ആ പാവങ്ങളെ (തങ്ങളുടെ ഭാര്യ മാരെ)ചെരുപ്പുപോലെയാണ് മനസ്സിലാക്കുന്നത്. നി ന്ദ്യമായ കാര്യങ്ങൾ അവരെക്കൊണ്ട് ചെയ്യിക്കുന്നു. ചീത്ത വിളിക്കുന്നു. നിന്ദാദൃഷ്ടിയോടെ നോക്കുന്നു. ജീവനോടെ കുഴിച്ചുമൂടുന്ന തരത്തിലാണ് അവരെ ക്കൊണ്ട് പർദയുടെ കല്പന നടപ്പിൽ വരുത്തുന്നത്."

അതായത് സ്ത്രീകൾക്ക് ശ്വാസമെടുക്കാൻപോ ലും കഴിയാത്തവിധമുള്ള പർദ അവരെക്കൊണ്ട് നിർ ബന്ധിച്ച് അണിയിക്കുന്നു. ഇത്തരത്തിലുള്ള കടുംപി ടിത്തം ഉണ്ടാകാൻ പാടില്ല. പക്ഷേ, ഇസ്‌ലാം വലിയ അനുയോജ്യമായ മതമാണ്. മറുഭാഗത്ത് സ്ത്രീകളും മധ്യമനില കൈക്കൊള്ളേണ്ടതാണ്. പർദയുടെ സൗകര്യത്തിന്റെ പേരിൽ ആവശ്യത്തെക്കാളേറെ സ്വാതന്ത്ര്യം കാണിക്കരുത്. ചിലർ ആവശ്യത്തെ ക്കാളേറെ സ്വതന്ത്രരായിത്തീർന്നിരിക്കുന്നതായും കണ്ടുവരുന്നുണ്ട്; പർദ പേരിനുമാത്രം ആയിപ്പോയി. ഇതും തെറ്റാണ്. അതുകൊണ്ട് തലയുടേയും ശരീ രത്തിന്റേയും ലജ്ജയുടെ ആവശ്യം പൂർത്തിയാക്കി മൂടേണ്ടത് നിർബന്ധമാണെന്ന കാര്യം സ്ത്രീകളും ഓർമിക്കുക. ഇതാണ് അല്ലാഹുവിന്റെ കല്പന. ഇതു ശ്രദ്ധിക്കേണ്ടതാണ്.

ഭാര്യാഭർത്താക്കന്മാരുടെ ബന്ധത്തിന്റെ നിലവാ രമെന്തായിരിക്കണം? ഇക്കാര്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'സത്യസ ന്ധവും യഥാർഥവുമായ രണ്ടുസുഹൃത്തുക്കളുടെ ഇടയിലുള്ള ബന്ധംപോലെയായിരിക്കണം ഭർത്താ ക്കന്മാർക്ക് ഭാര്യമാരോടു ഉണ്ടായിരിക്കേണ്ടത്. മനു ഷ്യന്റെ ഉൽകൃഷ്ടമായ സ്വഭാവങ്ങളുടേയും അല്ലാ ഹുവുമായിട്ടുള്ള ബന്ധത്തിന്റേയും ആദ്യത്തെ സാക്ഷി ഈ ഭാര്യമാർ തന്നെയാണ്. ഇവരുമായി ഭർത്താക്കന്മാരുടെ ബന്ധം നല്ലതല്ലെങ്കിൽ പിന്നെ അല്ലാഹുവുമായി ഐക്യപ്പെടാൻ എങ്ങനെയാണ് സാധിക്കുന്നത്?'(വീട്ടിലെ ബന്ധങ്ങൾ ശരിയല്ലെങ്കിൽ അല്ലാഹുമായിട്ടുള്ള ബന്ധവും അവന്റെ കല്പന പാ ലിച്ചുള്ള കർമവും ശരിയാകാൻ പ്രയാസമാണ്). പ റഞ്ഞു: 'നബി(സ)തിരുമേനി പറഞ്ഞു: ഖയ്റുക്കും ഖയ്റുക്കും ലി അഹ്‌ലിഹീ തന്റെ വീട്ടുകാരോടു നല്ല രീതിയിൽ പെരുമാറുന്നവനാണ് നിങ്ങളിൽ ഉത്തമൻ.' (മൽഫൂദാത്ത് വാല്യം 5 പേജ് 417-418 1985 ലണ്ടൻ പതിപ്പ്)

പിന്നീട് വരുന്നത് പിതാവെന്ന നിലയിലുള്ള ഭർ ത്താക്കന്മാരുടെ ഉത്തരവാദിത്തമാണ്. അതും മന സ്സിലാക്കേണ്ട ആവശ്യമുണ്ട്. കുട്ടികൾക്ക് ശിക്ഷണം നല്കേണ്ടത് മാതാക്കളുടെ മാത്രം ഉത്തരവാദി ത്തമാണെന്ന് മനസ്സിലാക്കരുത്. ഒരു പ്രായംവരെ കുട്ടിയുടെ സമയം മാതാവുമായിട്ടാണ് കഴിയുന്ന തെന്നതിൽ സംശയമില്ല. തീരെ ചെറുപ്രായത്തിൽ കുട്ടിയ്ക്ക് നല്കുന്ന മാതാവിന്റെ തർബിയ്യത്ത് സുപ്രധാനമായ പങ്കാണ് വഹിക്കുന്നത്. പക്ഷേ, ഇതുകൊണ്ട് ഭർത്താവ് തന്റെ നിർബന്ധ കടമകൾ നിറവേറ്റുന്നതിൽനിന്ന് മുക്തനാകുന്നില്ല. പിതാക്ക ന്മാരും കുട്ടികളുടെ തർബിയ്യത്തിൽ തങ്ങളുടേതായ പങ്കുവഹിക്കേണ്ടതാണ്. പ്രത്യേകിച്ചും ആൺകുട്ടി കൾ ഏഴെട്ടു വയസ്സ് പ്രായമായതിനുശേഷം അവർ പിതാക്കന്മാരുടെ ശ്രദ്ധയ്ക്കും ദൃഷ്ടിയ്ക്കും ആശ്രി തരാണ്. ഇല്ലെങ്കിൽ പ്രത്യേകിച്ചും ഈ പാശ്ചാത്യ ചുറ്റുപാടിൽ കുട്ടികൾ വഴിതെറ്റി പോകാൻ കൂടുതൽ സാധ്യതയാണുള്ളത്. സ്ത്രീകളെ കുറിച്ച് മുമ്പേ പ റഞ്ഞുകഴിഞ്ഞിട്ടുള്ള അതേ നിയമം തന്നെയാണ് ഇവിടേയും നടപ്പിൽ വരുന്നത്. പുരുഷന്മാരും പി താക്കന്മാരും തങ്ങളുടെ മാതൃക കാണിക്കേണ്ടതും സ്ഥാപിക്കേണ്ടതുമായ ആവശ്യമുണ്ട്. പിതാക്കന്മാർ കുട്ടികളെ, അവരുടെ സ്വഭാവം നല്ലതായിത്തീരുന്ന തിന് ആദരിക്കുകയും ബഹുമാനിക്കുകയും ചെ യ്യുന്നതോടൊപ്പം അവർ ചുറ്റുപാടിന്റെ ദുസ്സ്വാധീന ങ്ങളിൽനിന്ന് രക്ഷപ്പെട്ടിരിക്കുന്നതിന് അവരുടെമേൽ സൂക്ഷ്മമായ ദൃഷ്ടിവെക്കേണ്ട ആവശ്യവുമുണ്ട്.

പിന്നീട് പിതാക്കന്മാരുടെ കുട്ടുകളുമായിട്ടുള്ള ബന്ധം കുട്ടികൾക്ക് ഒരു സരംക്ഷണത്തിന്റേ ബോധവും നല്കുന്നുണ്ട്. കുട്ടികളുടെ പെരുമാറ്റത്തെ സംബന്ധിച്ച് അവർക്ക് ഭയമുണ്ടായിരിക്കുന്നു, വിശ്വാസക്കുറവുണ്ടായിരിക്കുന്നു തെറ്റായ വിവരണം കൂടുതൽ നല്കാൻ തുടങ്ങിയിരിക്കുന്നു എന്നൊക്കെ പറഞ്ഞ് ധാരാളം പിതാക്കന്മാർ പരാതിപ്പെടാറുണ്ട്. കുട്ടികളോടു ഏറ്റവും അടുത്ത് നില്ക്കാനും അവരോടു വ്യക്തിപരമായ ബന്ധം സ്ഥാപിക്കാനും സുഹൃത്ത് ബന്ധം സ്ഥാപിക്കാനും പിതാക്കന്മാരോടു പറയുമ്പോൾ, അതിന്റെ ഫലമായി പൊതുവെ കാണുന്നത് അവരുടെ ബലഹീനതകൾ അകലാൻ തുടങ്ങുന്നതാണ്. അതിനാൽ കുട്ടികളിൽ പുറമെയുള്ള ചുറ്റുപാടിൽനിന്ന് സംരക്ഷണമുണ്ടെന്ന ബോധം നല്കുന്നതിന് പിതാവ് കുറച്ചു സമയം കുട്ടികളുമായി വെളിയിൽ ചുറ്റിക്കറങ്ങി വരേണ്ടതാണ്.

പിന്നീട് കുട്ടികളുടെ മതപരമായ തർബിയ്യത്തിലേക്ക് കർമപരമായി ശ്രദ്ധിക്കുന്നതോടൊപ്പം അവർക്കുവേണ്ടി ദുആകൾ ചെയ്യാൻ ശ്രദ്ധിക്കേണ്ടതും പിതാക്കന്മാരുടെ ഉത്തരവാദിത്തമാണ്. ഇതും അത്യാവശ്യമായ കാര്യമാണ്. തർബിയ്യത്തിന്റെ യഥാർഥ ഫലം കായ്ക്കുന്നത് അല്ലാഹുവിന്റെ കൃപയാലാണ്. പക്ഷേ, അതിനുള്ള പരിശ്രമം മനുഷ്യൻ എന്തായാലും ചെയ്യേണ്ടതാണ്.

തർബിയ്യത്തിന്റെ രീതിയിലേക്കും അവർക്കുവേണ്ടി ദുആ ചെയ്യുന്നതിലേക്കും ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'ഹിദായത്തും(സന്മാർഗം നല്കലും)തർബിയ്യത്തും(ശിക്ഷണം നൽകലും)യഥാർഥത്തിൽ അല്ലാഹുവിന്റെ ജോലിയാണ്.'(യഥാർഥ തർബിയ്യത്ത് അല്ലാഹുവിന്റെ ജോലിയാണ്). കാർക്കശ്യത്തോടെ പിന്നാലെ കൂടുന്നതും ഒരു കാര്യത്തിൽ അതിരുകടന്ന് നിർബന്ധം ചെലുത്തുന്നതും നമ്മൾതന്നെയാണ് ഹിദായത്തിന്റെ ഉടമസ്ഥരെന്ന് പ്രകടിപ്പിക്കലാണ്. നമ്മൾ അവനെ നമ്മുടെ ഇഷ്ടമനുസരിച്ച് ഒരു വഴിയിൽ കൊണ്ടുവരുമെന്നാണ്. ഇതു ഒരുതരത്തിലുള്ള മറഞ്ഞിരിക്കുന്ന ശിർക്കാണ്. ഇതിൽനിന്ന് നമ്മുടെ ജമാഅത്ത് വിട്ടു നില്ക്കേണ്ടതാണ്.' തന്നെ കുറിച്ച് പറഞ്ഞു: 'നാം നമ്മുടെ കുട്ടികൾക്കുവേണ്ടി ദുആ ചെയ്യുന്നു. ഉപരിപ്ലവമായ നിലയിൽ അധ്യാപനത്തിന്റെ നിയമങ്ങൾക്കും മര്യാദകൾക്കും വിധേയരാക്കി വളർത്തുന്നു.' പറഞ്ഞു: 'ഇതിനെക്കാൾ കൂടുതലില്ല. പിന്നീട് പൂർണമായും അല്ലാഹുവിൽ വിശ്വസിക്കുന്നു. ആരിലെങ്കിലും സൗഭാഗ്യത്തിന്റെ ബീജമുണ്ടെങ്കിൽ സമയം വരുമ്പോൾ അത് ഹരിതാഭമാകുന്നതാണ്.'(മൽഫൂദാത്ത് വാള്യം 2 പേജ് 5 1985 ലണ്ടൻ പതിപ്പ്).

അതിനാൽ നാം ദുആ ചെയ്യുന്നു എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുമ്പോൾ ആ ദുആകളുടെ നിലവാരവും വളരെ ഉയർന്നതായിരുന്നു എന്നകാര്യവും നമ്മൾ ഓർക്കേണ്ടതാണ്. ഇക്കാര്യം നിസാരമായി കരുതരുത്. ദുആയുടെ ഈ നിലവാരം കരസ്ഥമാക്കുന്നതിന് വളരെയേറെ ശ്രമിക്കേണ്ട ആവശ്യം നമുക്കുണ്ട്. ഇത് നിസാരകാര്യമല്ല. അതുകൊണ്ട് ഇക്കാര്യത്തിൽ പിതാക്കന്മാർ ശ്രദ്ധിക്കേണ്ടതാണ്.

പിതാവെന്ന നിലയിൽ കുട്ടികളുടെ തർബിയ്യത്ത് എങ്ങനെ നിറവേറ്റണം എത്രത്തോളം ശ്രദ്ധിക്കണം എന്നതിനെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് വളരെ വിശദീകരിച്ച് പറയുന്നു:'ചിലയാളുകൾ ധരിക്കുന്നത് കുട്ടികൾക്കുവേണ്ടി കുറച്ച് സമ്പത്ത് ഉപേക്ഷിച്ചുപോകണമെന്നാണ്. ഞാൻ അത്ഭുതപ്പെടുകയാണ്. സമ്പത്ത് ഉപേക്ഷിച്ചുപോകണമെന്ന വിചാരം അവർക്കുണ്ടാകുന്നു. പക്ഷേ, സന്താനങ്ങൾ സ്വാലിഹായിരിക്കണമെന്ന വിചാരം അവർക്കുണ്ടാകുന്നില്ല.' (അതായത് ദുർനടത്തനും ദുസ്സ്വഭാവിയും ആകാതെ സ്വാലിഹും നല്ലവനുമാകണമെന്ന ചിന്ത അവർക്കുണ്ടാകുന്നില്ല.' പറഞ്ഞു: 'എന്നല്ല, അതിന്റെ തോന്നൽപോലുമില്ല. അത് ഗൗനിക്കുന്നതുമില്ല. ചില ഘട്ടങ്ങളിൽ അത്തരക്കാർ കുട്ടികൾക്കുവേണ്ടി ധനം സ്വരൂപിച്ചു വെക്കുന്നു. പക്ഷേ, അവരുടെ കഴിവിനെ കുറിച്ച് ചിന്തിക്കുന്നില്ല. ഗൗനിക്കുന്നില്ല. അവർ തങ്ങളുടെ ജീവിതത്തിൽത്തന്നെ കുട്ടികളുടെ കൈയാൽ വിലപിക്കുന്നവരായിത്തീരുന്നു. അവന്റെ ദുഷ്കർമങ്ങൾ കൊണ്ട് പ്രയാസങ്ങളിൽ അകപ്പെടുന്നു. അയാളുണ്ടാക്കിയ ധനം-അല്ലാഹുവിനെ അറിയൂ ഏതേതെല്ലാം വഴിയിലൂടെയാണ് അയാൾ അത് സമ്പാദിച്ചതെന്ന്-അവസാനം ദുർനടപടികളിലും മദ്യപാനത്തിലും ചെലവഴിക്കുന്നു. അത്തരം മാതാപിതാക്കൾക്ക് ആ സന്താനങ്ങൾ ദ്രോഹത്തിന്റേയും ദുർനടത്തത്തിന്റേയും അനന്തരാവകാശിയായിരിക്കും.' പറഞ്ഞു:"മക്കളെക്കൊണ്ടുള്ള പരീക്ഷണവും വളരെ വലിയ പരീക്ഷണമാണ്. മക്കൾ സ്വാലിഹാണെങ്കിൽ പിന്നെന്ത് നോക്കാനാണ്." അല്ലാഹു പറയുന്നു: വഹുവ യത്തവല്ലസ്സാലിഹീൻ അതായത് അല്ലാഹു തന്റെ സ്വാലിഹീംകളുടെ സംരക്ഷകനും ജാമ്യക്കാരുനുമാകുന്നു. (7:197) ദുർന്നടപ്പുകാരനാണെങ്കിൽ ലക്ഷക്കണക്കിന് രൂപ അവനുവേണ്ടി ഉപേക്ഷിച്ചുപോയാലും അവൻ അത് അസാന്മാർഗിക പ്രവൃത്തികളിൽ നശിപ്പിച്ച് പിന്നീട് തെണ്ടക്കാരനായിത്തീരുന്നതാണ്. അവനു തീർച്ചയായും വന്നെത്തേണ്ടതായ വിപത്തുകളിലും ബുദ്ധുമുട്ടുകളിലും പതിക്കുന്നതാണ്.' പറഞ്ഞു: ആരാണോ തന്റെ അഭിപ്രായത്തെ അല്ലാഹുവിന്റെ അഭിപ്രായവും ഇച്ഛയുമനുസരിച്ച് ആക്കിത്തീക്കുന്നത് അവൻ കുട്ടികളെ സംബന്ധിച്ച് സംതൃപ്തനായിരിക്കും. അവന്റെ നന്മയ്ക്കുവേണ്ടി പരിശ്രമിക്കുകയും ദുആ ഇരക്കുകയും ചെയ്യും. ഈ രീതിയിൽ അല്ലാഹു സ്വയം അവനെ സംരക്ഷിക്കുന്നതായിരിക്കും." അവനെ സംരക്ഷിക്കും, അവന്റെ ജാമ്യക്കാരനാകും. നന്മയ്ക്കുവേണ്ടി പരിശ്രമിക്കുക. അതായത് അവന്റെ തർബിയ്യത്തിന്റെ കാര്യത്തിൽ ശ്രദ്ധകൊടുക്കുക. ഹദ്റത്ത് ദാവൂദ് നബി(അ)ന്റെ ഒരു വാക്യമുണ്ട്. അദ്ദേഹം പറഞ്ഞു: ഞാൻ കുട്ടിയായിരുന്നു. യുവാവായി. ഇപ്പോൾ വൃദ്ധനുമായി. ഭക്തനായ മനുഷ്യൻ പട്ടിണി കിടക്കുന്നത് ഞാൻ ഒരിക്കലും കണ്ടിട്ടില്ല. അവന്റെ മക്കളേയും തെണ്ടിനടക്കുന്നതായി കണ്ടിട്ടില്ല. അല്ലാഹു തലമുറകളോളം അവരെ സംരക്ഷിക്കുന്നു. അതുകൊണ്ട് സ്വയം നന്നാകുക. നിങ്ങൾ സന്താനങ്ങൾക്കുവേണ്ടി സൽമാതൃക ഉണ്ടാക്കുക. (കുട്ടികളോടുള്ള കടമകൾ നിറവേറ്റുന്നതിന് സ്വന്തം അവസ്ഥയെ അതനുസരിച്ച് വാർത്തെടുക്കേണ്ടിവരും. അതിനാണ് ഇസ്‌ലാമിക അധ്യാപനം. അപ്പോഴാണ് അടുത്തതലമുറ ശരിയായ വഴികളിലൂടെ നടക്കുന്നതാകുന്നത്. മാതാപിതാക്കൾക്ക് കണ്ണിന് കുളിർമയാകുന്നത്). അവിടന്ന് പറയുന്നു. സ്വയം നല്ലവരാകുക. നിങ്ങളുടെ മക്കൾക്ക് വേണ്ടി നന്മയുടേയും ഭക്തിയുടേയും മാതൃക ആകുക. അവരെ ഭക്തരും മതനിഷ്ഠയുള്ളവരുമാക്കാൻ ശ്രമിക്കുക. ദുആ ചെയ്യുക. അവർക്കുവേണ്ടി പണം സ്വരൂപിക്കാൻ എത്രത്തോളം നിങ്ങൾ ശ്രമിക്കുന്നുവോ അത്രത്തോളം ഇക്കാര്യത്തിലും ശ്രമിക്കേണ്ടതാണ്. മക്കൾക്ക് ഉന്നതമായ മാതൃകയും പാഠവുമുൾക്കൊള്ളുന്ന പ്രവൃത്തികൾ ചെയ്യുക. ഇക്കാര്യത്തിൽ നിർബന്ധമായിട്ടുള്ളത് സ്വയമേവയുള്ള പരിഷ്കരണമാണ്. നിങ്ങൾ ഉന്നത പദവിയിലുള്ള ഭക്തനാവുകയും ദൈവത്തെ തൃപ്തിപ്പെടുത്തുകയുമാണെങ്കിൽ നിങ്ങളുടെ മക്കളോടും അല്ലാഹു നല്ലരീതിയിൽ പെരുമാറുമെന്ന് വിശ്വസിക്കാവുന്നതാണ്. (മൽഫൂദാത്ത് വാള്യം 8 പേജ് 108-110 1985 ലണ്ടൻ പതിപ്പ്)

പിതാക്കന്മാരോടു തങ്ങളുടെ കുട്ടികളുടെ തർബിയ്യത്തിലേക്ക് ശ്രദ്ധിക്കുകയും അവർക്കുവേണ്ടി ദുആ ഇരക്കുകയും ചെയ്യുക എന്ന് ഇസ്‌ലാം പറയുന്നതോടൊപ്പം കുട്ടികളോടും അത് കല്പിക്കുന്നത് നിങ്ങൾക്കും കുറച്ച് കടമകളുണ്ടെന്നാണ്. നിങ്ങൾ പ്രായപൂർത്തിയുകുമ്പോൾ മാതാപിതാക്കളോടും നിങ്ങൾ കുറച്ചു കടമകൾ നിറവേറ്റേണ്ടതാണ്. ഇത് ബന്ധങ്ങളുടെ അവകാശങ്ങളുടെ കണ്ണികളാണ്. ഇത് ഒന്ന് മറ്റൊന്നുമായി ചേർക്കുമ്പോൾ സമാധാന ഭരിതമായ സമൂഹം ഉണ്ടാകുന്നതാണ്.

മാതാപിതാക്കളോടുള്ള കടമകൾ നിറവേറ്റുക എന്നത് എത്രവലിയ ഉത്തരവാദിത്തമാണ്. അതിന് എത്രവലിയ പ്രാധാന്യമാണുള്ളത്. ഇതിനെക്കുറിച്ചുള്ള ഗ്രാഹ്യം എല്ലാ സത്യവിശ്വാസികൾക്കും ഉണ്ടായിരിക്കേണ്ടതാണ്. ഒരു ആൺകുട്ടി പ്രായപൂർത്തിയാകുമ്പോൾ അവൻ ഏതുരീതിയിലാണ് മാതാപിതാക്കളോടുള്ള കടമ നിറവേറ്റേണ്ടത്. ഇക്കാര്യം മനസ്സിലാക്കിത്തന്നുകൊണ്ട് നബി(സ)തിരുമേനി ഒരു അവസരത്തിൽ പറഞ്ഞു: 'അബ്ദുല്ലാഹ് ബിൻ ഉമർ(റ)നിവേദനം. ഒരാൾ നബി(സ)തിരുമേനിയുടെ തിരുസന്നിധിയിൽ താൻ ജിഹാദിനു പോകാൻ ആഗ്രഹിക്കുന്നുവെന്ന് പറഞ്ഞു. നിന്റെ മാതാവും പിതാവും ജിവിച്ചിരിപ്പുണ്ടോ എന്ന് അവിടന്ന് ചോദിച്ചു. ഉണ്ടെന്ന് അയാൾ പറഞ്ഞു. എന്നാൽ, അവർക്കു രണ്ടുപേർക്കും നീ സേവനം ചെയ്യുക, ഇതാണ് നിന്റെ ജിഹാദെന്ന് അവിടന്ന് അരുൾച്ചെയ്തു.'(സ്വഹീഹുൽ ബുഖാരി കിതാബുൽ ജിഹാദ് ഹദീഥ് 3004)

മാതാപിതാക്കൾക്ക് സേവനം ചെയ്യേണ്ടതിന്റെ പ്രാധാന്യം ഇതിൽനിന്ന് കണക്കാക്കാവുന്നതാണ്.

ഇതുമാത്രമല്ല. മറിച്ച് പരസ്പരം സ്നേഹവും മൈതിയും പ്രചരിപ്പിക്കുന്നതിന് പിതാവിന്റെ സുഹൃത്തുക്കളോടും നല്ല രീതിയിൽ പെരുമാറാൻ നബി (സ) തിരുമേനി നിർദേശിക്കുകയുണ്ടായി. ഒരു അവസരത്തിൽ അവിടന്ന് പറഞ്ഞു:'മനുഷ്യന്റെ ഉത്തമമായ നന്മ എന്നു പറയുന്നത് അവന്റെ പിതാവിന്റെ മരണശേഷം അദ്ദേഹത്തിന്റെ സുഹൃത്തുക്കളോട് നല്ല നിലയിൽ പെരുമാറുക എന്നതാണ്.'(സുനൻ അബീദാവൂദ് കിതാബുൽ അദബ് ഹദീഥ് നമ്പർ 5143)

വീണ്ടും ഇക്കാര്യം കൂടുതൽ തുറന്നുകൊണ്ട് നബി(സ)തിരുമേനി പറഞ്ഞു, അതിനെക്കുറിച്ച് നിവേദനത്തിൽ ഇങ്ങനെ പറയുന്നു:'ഞങ്ങൾ നബി (സ) തിരുമേനിയുടെ സന്നിധിയിൽ ഇരിക്കുകയായിരുന്നു. ബനീ സൽമക്കാരനായ ഒരാൾ ഹാജരായി. അയാൾ ചോദിച്ചു യാ റസൂലല്ലാഹ്! മാതാപിതാക്കൾ വഫാത്തായതിനുശേഷം അവർക്കുവേണ്ടി ചെയ്യാൻ പറ്റുന്നതായ വല്ല നന്മയുമുണ്ടോ? അവിടന്ന് പറഞ്ഞു: എന്തുകൊണ്ടില്ല? താങ്കൾ അവർക്കുവേണ്ടി ദുആകൾ ചെയ്യുക. അവർക്കുവേണ്ടി പാപപൊറുതി തേടുക. അവർ എന്തെങ്കിലും വാഗ്ദാനം ആരോടെങ്കിലും ചെയ്തു വച്ചിട്ടുണ്ടെങ്കിൽ അത് പൂർത്തിയാക്കുക. അവരുടെ ജീവിത കാലത്ത് അവർ തങ്ങളുടെ ബന്ധുമിത്രാദികളോടു കുടുംബബന്ധം പുലർത്തുകയും നല്ല രീതിയിൽ പെരുമാറുകയും ചെയ്തിരുന്നതുപോലെ താങ്കളും പെരുമാറുക. അവരുടെ സുഹൃത്തുക്കളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക.'(സുനൻ അബീദാവൂദ് കിതാബുൽ അദബ് ഹദീഥ് 5142).

ഒരവസരത്തിൽ നബി(സ)തിരുമേനി പറഞ്ഞു: ആരാണോ തനിക്ക് ദീർഘായുസ്സ് ഉണ്ടാകണമെന്നും തന്റെ ജീവിതവിഭവം വർധിപ്പിച്ചുകിട്ടണമെന്നും ആഗ്രഹിക്കുന്നത് അവൻ തന്റെ മാതാപിതാക്കളോട് നല്ല രീതിയിൽ പെരുമാറുകയും കുടുംബബന്ധം പുലർത്തുകയും ചെയ്യുന്ന ശീലമുണ്ടാക്കിക്കൊള്ളട്ടെ.' (അൽജാമിഅ് ലിശിഅ്ബിൽ ഈമാൻ, വാള്യം 10, പേജ് 264-265) അതിനാൽ കുട്ടികൾ വെറും ശൃംഗരിക്കാൻ വേണ്ടിയുള്ളവരല്ല. മറിച്ച്, പ്രായപൂർത്തിയെത്തുമ്പോൾ അവരുടേയും കുറച്ച് നിർബന്ധ കടമകളുണ്ട്. മാതാപിതാക്കളുടേയും കുറച്ച് നിർബന്ധകടമകളുണ്ട്. അവർ അത് നിർവ്വഹിക്കേണ്ടതാണ്. വിവാഹങ്ങൾക്കുശേഷം പ്രത്യേകമായ നിലയിൽ ഈ നിർബന്ധകാര്യങ്ങളിലേക്ക് ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. മനുഷ്യൻ വിവേകത്തോടുകൂടി ഭാര്യയോടുള്ള നിർബന്ധ കടമകൾ നിറവേറ്റുകയും മാതാപിതാക്കൾക്ക് സേവനം ചെയ്യുകയും ഭർതൃപിതാവിനും ഭർതൃമാതാവിനുമുള്ള പ്രാധാന്യമെന്താണെന്ന് ഭാര്യയ്ക്കും പറഞ്ഞുകൊടുക്കുകയും സ്വയം തന്നെയും തന്റെ ഭാര്യാപിതാവിനും ഭാര്യാമാതാവിനും സേവനം ചെയ്യുകയും അതിന്റെ പ്രാധാന്യമെന്താണെന്ന് അറിയുകയും ചെയ്യുകയാണെങ്കിൽ വല്ലപ്പോഴും വീടുകളിൽ ഉണ്ടാകുന്ന വഴക്കുപോലും ഒരിക്കലും ഉണ്ടാകുകയില്ല.

ചിലപ്പോൾ ദീനീപരമായ ഭിന്നത കാരണത്താൽ പിതാവും മക്കളും തമ്മിൽ ഭിന്നിപ്പുണ്ടാകുന്നു. ഈ പരിതഃസ്ഥിതിയിൽ മക്കൾ പിതാക്കന്മാരോടു നല്ലരീതിയിൽ പെരുമാറുകയും അവർക്ക് സേവനം ചെയ്യുകയും ചെയ്യേണ്ടതുണ്ടോ എന്ന് ചില പുതുബയ്അത്തുകാർ ഇപ്പോഴും ചോദിക്കാറുണ്ട്. ഒരിക്കൽ ബട്ടാലയിലേക്ക് പോകുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ശേയ്ഖ് അബ്ദുർറഹ്മാൻ സാഹിബിനോട് അദ്ദേഹത്തിന്റെ പിതാവിനെ കുറിച്ച് ചോദിച്ചുകൊണ്ടിരുന്നു. അതിനുശേഷം പിതാവിനുവേണ്ടി ദുആ ചെയ്യാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തെ ഉപദേശിച്ചു. (അദ്ദേഹത്തിന്റെ പിതാവ് അഹ്മദിയായിരുന്നില്ല. അമുസ്‌ലിം ആയിരുന്നു). എല്ലാ രീതിയിലും കഴിവിന്റെ പരമാവധി മാതാപിതാക്കളെ സംതൃപ്തിപ്പെടുത്തേണ്ടതാണ്. അവർക്ക് ആദ്യം മുതലേ കുറച്ച് സൽസ്വഭാവങ്ങളും തങ്ങളുടെ പരിശുദ്ധമായ മാതൃകകളും കാണിച്ച്

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-2 Thursday 29 JUNE 2017 Issue-26

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

# കനഡയിലെ വാണിൽ പീസ് സിംപോസിയം

## ഭരണകൂടങ്ങൾ തങ്ങളുടെ കാര്യങ്ങലിൽ നീതിപുലർത്തുക. വ്യക്തിപരമായ നേട്ടങ്ങളിൽനിന്ന് പുറത്തുവന്ന് ലോകത്തിന്റെ നേട്ടം നോക്കുക. ഇസ്‌ലാമിന്റെ അധ്യാപനങ്ങളെ യഥാർഥ നിലയിൽ സ്വായത്തമാക്കുകയാണെങ്കിൽ കലഹവും അസാമാധാനവും എന്നെന്നേക്കുമായി അവസാനിപ്പിക്കാവുന്നതാണ്.

## അമീറുൽ മുഅ്മിനീന്റെ പ്രഭാഷണം

**2016 ഒക്ടോബർ 22(ശനിയാഴ്ച)**
**....കഴിഞ്ഞലക്കം തുടർച്ച**

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ലോകചരിത്രത്തിൽ മുമ്പേയും ജനതകൾക്കിടയിൽ സംഘർഷങ്ങൾ തലപൊക്കിയിട്ടുണ്ട്. ഇന്നും ഇത് തുടർന്നുകൊണ്ടിരിക്കുന്നു എന്നതാണ് ദുഃഖകരമായ കാര്യം. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിശുദ്ധഖുർആൻ മാഇദാ അധ്യായത്തിന്റെ 9-ാം വചനത്തിൽ ശാശ്വതമായ ഒരു നിയമം പറഞ്ഞിരിക്കുന്നു. അത് പറയുന്നു: ശത്രുതയും വെറുപ്പും അനീതിയുടേയും പകയുടേയും അഗ്നിയിലേക്ക് മാറാൻ പാടില്ല. മറിച്ച് നീതി ഒന്നുമാത്രമാണ് തഖ്‌വയിലേക്കും അല്ലാഹുവിന്റെ സാമീപ്യത്തിലേക്കും കൊണ്ടുപോകുന്ന അനുഗ്യഹീതവഴി.

വിശുദ്ധഖുർആൻ അൻഫാൽ എന്ന അധ്യായത്തിന്റെ 62-ാം വചനത്തിൽ പറയുന്നു: മുസ്‌ലിംകൾ നിരന്തരം സമാധാന സംസ്ഥാപനത്തിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കേണ്ടത് അവരുടെ നിർബന്ധകടമയാണ്. അതിനുവേണ്ടിയുള്ള ഒരു അവസരവും കൈയിൽനിന്ന് വിട്ടുകളയാതിരിക്കുക. ഈ ആയത്തിൽ വിശുദ്ധഖുർആൻ വിവരിക്കുന്നത് ഏതെങ്കിലും യുദ്ധത്തിനോ പോരാട്ടത്തിനോ ശേഷം എതിർകക്ഷി രഞ്ജിപ്പിന് വന്നാൽ ആ അവസരത്തിൽനിന്ന് നിങ്ങൾ പൂർണമായും ഫലമെടുക്കുകതന്നെ വേണമെന്നാണ്. അതിന്റെ അടുത്ത വചനത്തിൽ വിശുദ്ധഖുർആൻ പറയുന്നു: എതിർകക്ഷിയുടെ ഉദ്ദേശ്യത്തിൽ വിള്ളലുണ്ടെന്നും അവർ വഞ്ചിക്കാനുള്ള ശ്രമത്തിലാണെന്നും നിങ്ങൾക്ക് തോന്നിയാലും ദൈവത്തിൽ സർവ്വവും സമർപ്പിച്ച് സമാധാനസംസ്ഥാപനത്തിനുവേണ്ടിയുള്ള ശ്രമത്തിൽ മുഴുകേണ്ടതാണ്. എപ്പോഴാണെങ്കിലും എവിടെയാണെങ്കിലും സമാധാനസംസ്ഥാപനത്തിന്റെ നേരിയ കിരണം കാണുകയോ അല്ലെങ്കിൽ അല്പമെങ്കിലും പ്രതീക്ഷയുണ്ടാവുകയോ ചെയ്താൽ മുസ്‌ലിംകളോട് താക്കീത് ചെയ്ത് കല്പിച്ചിട്ടുള്ളത് അവർ നിർഭയരായിക്കൊണ്ട് ദൃഢനിശ്ചയത്തോടെ ആ അവസരത്തെ പ്രയോജനപ്പെടുത്തണമെന്നാണ്. സമാധാനത്തിന്റെ ആ വഴിയിൽനിന്ന് അകന്നുനില്ക്കുന്നതിനുവേണ്ടി ഒരുതരത്തിലുള്ള ഒഴികഴിവോ കാരണങ്ങളോ അന്വേഷിച്ച് നടക്കരുത്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇത് ഇസ്‌ലാമികാധ്യാപനങ്ങളാണ്. ഇത് നബി(സ)തിരുമേനിയുടെ പരിശുദ്ധകർമങ്ങളാണ്. സമാധാനസംസ്ഥാപനത്തിനെ സംബന്ധിച്ച് നബി(സ) തിരുമേനി ഒരു പ്രത്യേകമായ നില ഉൾക്കൊണ്ടിരുന്നു എന്നതിന് ചരിത്രം സാക്ഷിയാണ്. അതിൽ ആ മഹാത്മാവിനെ നേരിടാൻ ആർക്കും കഴിയില്ല. ആരെങ്കിലും നീതിയുടേയും ന്യായത്തിന്റേയും കണ്ണാടിയിലൂടെ ഇസ്‌ലാമിന്റെ പ്രാരംഭകാലഘട്ടത്തിൽ ദൃഷ്ടി പതിപ്പിച്ചാൽ അവനറിയാൻ കഴിയും നബി(സ) തിരുമേനിയും ഖുലഫായെ റാശിദീനും അവരുടെ കാലഘട്ടത്തിൽ ചെയ്തിട്ടുള്ള യുദ്ധങ്ങൾ പ്രതിരോധ യുദ്ധങ്ങളായിരുന്നു എന്ന്. ആ യുദ്ധങ്ങൾക്കൊന്നും തുടക്കം കുറിച്ചത് മുസ്‌ലിംകളായിരുന്നില്ല. മറിച്ച് ശത്രുക്കൾ അവരുടെമേൽ മൃഗീയമായ അക്രമങ്ങൾ അഴിച്ചുവിടുകയായിരുന്നു. അവർ അക്രമത്തിന്റെ ആട്ടുകല്ലിൽ അരയ്ക്കപ്പെട്ടു. നബി(സ)തിരുമേനി എപ്പോഴും സമാധാനത്തിന്റേയും മൈത്രിയുടേയും കാര്യങ്ങളാണ് ഇഷ്ടപ്പെട്ടിരുന്നത്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: യുദ്ധവും കലഹവും അവസാനിപ്പിക്കുന്നതിന് വിശുദ്ധഖുർആൻ മുഹമ്മദ് എന്ന അധ്യായത്തിന്റെ അഞ്ചാം വചനത്തിൽ മറ്റൊരു സുവർണമായ നിയമം വിവരിക്കുന്നുണ്ട്. വിശുദ്ധഖുർആൻ താക്കീത് ചെയ്തു പറയുന്നു, 'യുദ്ധത്തിന്റെ അവസാനത്തിൽ വിജയിയാകുന്ന കക്ഷിക്ക് നല്ലത്, അവർ കരുണയോടുകൂടി തെളിവുകൾ നൽകിക്കൊണ്ട് എല്ലാ തടവുകാരേയും മോചിപ്പിക്കുക എന്നതാണ്.' ആ അടിമകളെ ഔദാര്യമെന്ന നിലയിലോ ഉചിതമായ ഫിദ്‌യ-മോചനദ്രവ്യം വാങ്ങിക്കൊണ്ടോ സ്വതന്ത്രരാക്കുക. എന്നാൽ, തടവുകാരെ വർഷങ്ങളോളം എങ്ങനെയാണ് മൃഗീയമായ അവസ്ഥകളിൽ വെക്കുന്നതെന്നതിന് ഇന്ന് നമ്മളെല്ലാവരും സാക്ഷികളാണ്. അവരിൽ നീതിയോ സ്വാതന്ത്ര്യമോ ആർക്കെങ്കിലും കിട്ടിയെങ്കിലായി!

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇതിന്നെതിരിൽ ബദ്ർ യുദ്ധത്തിനുശേഷം -മക്കയിലെ അമുസ്‌ലിംകൾ എന്നെന്നേക്കുമായി ഇസ്‌ലാമിനെ ഉന്മൂലനം ചെയ്യാൻ ആഗ്രഹിച്ചു നടത്തിയ വൻയുദ്ധമായിരുന്നു അത്- നബി(സ)തിരുമേനി അങ്ങേയറ്റം കരുണയോടുകൂടി പ്രവർത്തിക്കുകയുണ്ടായി. പകരംവീട്ടുന്നതിനുപകരം ആ മഹാത്മാവ് നിശ്ചയിച്ച ശിക്ഷ, വരുംകാലത്ത് രണ്ട് എതിർകക്ഷികൾക്കിടയിൽ ഐക്യം ഉണ്ടാക്കുന്നതിന് അങ്ങേയറ്റം ഉദാത്തമായ മാതൃകയായിരുന്നു. യുദ്ധത്തടവുകാരുടെമേൽ അക്രമം ചെയ്യുകയോ അല്ലെങ്കിൽ അവരോട് പകരംവീട്ടുകയോ ചെയ്യുന്നതിനുപകരം നബി(സ) തിരുമേനി പറഞ്ഞു, എഴുത്തും വായനയും അറിയുന്ന തടവുകാർ നിരക്ഷരരായ മുസ്‌ലീംകളെ പഠിപ്പിക്കുക. ഇങ്ങനെ അവർക്ക് വിദ്യാഭ്യാസം നൽകുകയാണെങ്കിൽ തടവിൽനിന്ന് അവർ മോചിതരാകുന്നതായിരിക്കും. യുദ്ധത്തിന്റേയും അശാന്തിയുടേയും അവസ്ഥയിൽപോലും സൽഫലം മുന്നിൽ വന്ന ഇത്തരത്തിലുള്ള ഉദാഹരണങ്ങൾ കിട്ടുക പ്രയാസമാണ്. ഏതൊരു കൂട്ടരാണോ മുസൽമാനോട് ബലാൽക്കാരപൂർവ്വം പെരുമാറിയത് അവരോട് കരുണയോടെ പെരുമാറപ്പെട്ടു. അവരെ ഉസ്താദ് എന്ന നിലയിൽ പ്രയോജനപ്പെടുത്തി.

**ശേഷം പേജ് 2ൽ**

ഇസ്‌ലാമിന്റെ സത്യത്തെ ബോധ്യപ്പെടുത്തേണ്ടതാണ്. സൽസ്വഭാവത്തിന്റെ മാതൃക എങ്ങനെയുള്ള അമാനുഷികപ്രവൃത്തിയാണെന്നാൽ മറ്റുള്ള ഒരു അമാനുഷിക പ്രവൃത്തികളും അതിന് കിടപിടിക്കുകയില്ല. സത്യ ഇസ്‌ലാമിന്റെ നിലവാരമാണിത്. അതിലൂടെ മനുഷ്യൻ ഉന്നതപദവിയിലുള്ള സ്വഭാവങ്ങളിൽ ആയിത്തീരുന്നു. അവൻ ഒരു പ്രത്യേക വ്യക്തിയായി മാറുന്നു. ഒരുപക്ഷേ താങ്കൾ മുഖേന അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഇസ്‌ലാമിനോട് സ്നേഹം ഉണ്ടാക്കും. മാതാപിതാക്കൾക്ക് സേവനം ചെയ്യുന്നതിനെ ഇസ്‌ലാം തടയുന്നില്ല. ദീനിന് ക്ഷതംപറ്റാത്ത ഭൗതികമായ കാര്യങ്ങളിൽ അവരെ എല്ലാ രീതിയിലും പൂർണമായി അനുസരിക്കേണ്ടതാണ്. ഹൃദയംഗമമായരീതിയിൽ അവർക്ക് സേവനം ചെയ്യേണ്ടതാണ്.' (മൽഫൂദാത്ത്, വാള്യം 4, പേജ് 175 അടിക്കുറിപ്പ്) ഇത് പൊതുവായിട്ടുള്ള നിയമമാണ്. തബ്‌ലീഗ് ചെയ്യുമ്പോൾ മൃദുലമായ ഭാഷ എപ്പോഴും ഉപയോഗിക്കേണ്ടതാണ്. ഉന്നതമായ സ്വഭാവം കാണിക്കേണ്ടതുമാണ്.

മറ്റൊരു സംഭവം ഉണ്ട്. ഇവിടെ പിതാവും മുസൽമാനാണ്. ഇതിന്റെ വിശദമായ മറുപടി ഹദ്റത്ത് മസീഹ് മൗഊദ്(അ)നല്കിയിട്ടുണ്ട്. ഒരാൾ ചോദിച്ചു:യാ ഹദ്റത്ത്!മാതാപിതാക്കളെ സേവിക്കുന്നതും അവരെ അനുസരിക്കുന്നതും അല്ലാഹു മനുഷ്യനു നിർബന്ധമാക്കിയിരിക്കുന്നു. എന്നാൽ, എന്റെ മാതാപി താക്കൾ ഹുദൂറിന് ഞാൻ ബയ്അത്തു ചെയ്ത കാരണത്താൽ എന്നെ കഠിനമായി വെറുക്കുന്നു. എന്റെ രൂപംപോലും കാണുന്നത് ഇഷ്ടപ്പെടുന്നില്ല. ഞാൻ ഹുദൂറിന് ബയ്അത്തു ചെയ്യുന്നതിനുവേണ്ടി വരാൻ പോകുമ്പോൾ, ഇനിമേൽ ഞങ്ങളുമായി എഴുത്തുകുത്തുകൾപോലും നടത്തരുതെന്നും ഇനി നിന്റെ രൂപം തന്നെ കാണുന്നത് തങ്ങൾ ഇഷ്ടപെടുന്നില്ലെന്നും അവർ എന്നോടു പറഞ്ഞു. അപ്പോൾ എങ്ങനെയാണ് എനിക്ക് അല്ലാഹു നിർബന്ധമാക്കിയ ഇക്കാര്യത്തിന്റെ ഭാരം ഇറക്കിവെക്കാൻ കഴിയുക? (അല്ലാഹു പറയുന്നു, മാതാപിതാക്കൾക്ക് സേവനം ചെയ്യുക. അവരാണെങ്കിൽ എന്റെ രൂപംപോലും കാണാൻ ആഗ്രഹിക്കുന്നില്ല. ബന്ധംവെക്കാനും ആഗ്രഹിക്കുന്നില്ല. അപ്പോൾ ഞാൻ എങ്ങനെ ഈ സേവനം, ഈ നിർബന്ധ കാര്യം നിറവേറ്റും).അവിടന്ന് പറഞ്ഞു:'വിശുദ്ധ ഖുർആൻ മാതാപിതാക്കളെ അനുസരിക്കാനും അവരെ സേവിക്കാനും കല്പിക്കുന്നതിനോടൊപ്പം റബ്ബുക്കും അഅ്‌ലമു ബിമാ ഫീ നുഫൂസിക്കും ഇൻ തകൂനൂ സ്വാലിഹീന ഫ ഇന്നഹൂ കാന ലിൽഅവ്വാബീന ഗഫൂറാ എന്നും പറയുന്നുണ്ട്. നിങ്ങളുടെ മനസ്സിലുള്ളതെന്താണെന്ന് അല്ലാഹു നല്ലവണ്ണം അറിയുന്നുണ്ട്. (17:26)നിങ്ങൾ സ്വാലിഹാണെങ്കിൽ അവൻ തന്നിലേക്ക് കുനിയുന്നവർക്ക് പാപം പൊറുത്തുകൊടുക്കുന്നവനാണ്. സ്വഹാബ രിള്‌വാനുല്ലാഹി അലയ്ഹിമിനും അത്തരം ബുദ്ധിമുട്ടുകളുണ്ടായിട്ടുണ്ട്. ദീനീപരമായ നിർബന്ധങ്ങൾ കാരണത്താൽ അവർക്ക് അവരുടെ മാതാപിതാക്കളിൽനിന്ന് വേർപെടേണ്ടിവന്നു. എന്തായാലും താങ്കൾ താങ്കളുടേതായ രീതിയിൽ അവരുടെ ക്ഷേമങ്ങളും വിവരങ്ങളും അന്വേഷിക്കുന്നതിന് എപ്പോഴും തയ്യാറായിരിക്കുക. എപ്പോഴെങ്കിലും അവസരംകിട്ടിയാൽ അത് കൈവിട്ടു കളയരുത്. താങ്കളുടെ നിയ്യത്തിന്റെ പ്രതിഫലം താങ്കൾക്കു കിട്ടുന്നതാണ്. കേവലം ദീൻ കാരണത്താൽ, അല്ലാഹുവിന്റെ ഇഷ്ടത്തിനുമുൻഗണന നല്കുന്നതിന് മാതാപിതാക്കളിൽനിന്ന് വേർപെടേണ്ടി വന്നെങ്കിൽ അതൊരു നിർബന്ധിതാവസ്ഥയാണ്. പരിഷ്കരണം മുന്നിൽ കാണുക. ഉദ്ദേശ്യം ബലവത്താക്കുക. അവർക്കു വേണ്ടി ദുആ ചെയ്യുക. ഈ കാര്യം ഇന്ന് പുതിയതായി വന്നതൊന്നുമല്ല. ഹദ്റത്ത് ഇബ്റാഹിം(അ)നും ഇത്തരം സംഭവം നേരിടേണ്ടിവന്നിട്ടുണ്ട്. എന്തായാലും ദൈവത്തിന്റെ അവകാശം മുന്തിക്കണം. അതുകൊണ്ട് ദൈവത്തെ നിങ്ങൾ മുന്തിക്കുക.

സ്വന്തമായ നിലയിൽ മാതാപിതാക്കളോടുള്ള കടമകൾ നിറവേറ്റാൻ ശ്രമിച്ചുകൊണ്ടിരിക്കുക. അവർക്കുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക. ശരിയായ നിയ്യത്ത് വെക്കുക.'(മൽഫൂദാത്ത് വാള്യം 10 പേജ് 130-131 1985 ലണ്ടൻ പതിപ്പ്) നിയ്യത്ത് ശരിയായിരിക്കേണ്ടതാണ്. മാതാപിതാക്കളോടുള കടമ എങ്ങനെയാണ് തങ്ങൾ നിറവേറ്റേണ്ടത്? എന്ന് ധാരാളമാളുകൾ ഇന്നും ചോദിക്കാറുണ്ട്. അത്തരം അവസ്ഥകളിൽ അവർക്ക് ഈ മറുപടി മതിയായതാണ്.

എന്തായാലും ഒരു പുരുഷന് വിവിധനിലകളിലുള്ള ഉത്തരവാദിത്തങ്ങളുണ്ട്. അത് നിറവേറ്റാൻ അവർ ശ്രമിക്കേണ്ടതാണ്. തങ്ങളുടെ വീടുകളെ എപ്പോഴും സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും അന്തരീക്ഷം നിലനില്ക്കുന്ന മാതൃകകളാക്കിത്തീർക്കേണ്ടതാണ്. ഒരു പുരുഷൻ ഭർത്താവുമാണ്, പിതാവുമാണ്, മകനുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അവർ തങ്ങളുടെ ഉത്തരവാദിത്തങ്ങൾ മനസ്സിലാക്കേണ്ടതാണ്. പുരുഷന്മാരുടേതായി ഇതു കൂടാതേയും ഒരുപാട് നിലകളുണ്ട്. പക്ഷേ, അതിൽ മൂന്നു നിലകളാണ് ഞാൻ വിവരിച്ചത്. വീടിന്റെ അടിസ്ഥാനപരമായ ഐക്യത്തെ സമൂഹത്തിന്റെ സമാധാനത്തിനുള്ള ജാമ്യക്കാരനാക്കിത്തീർക്കാൻ കഴിയുന്നത് ഈ അടിസ്ഥാനപരമായ ഐക്യത്തിൽ സമാധാനം സ്ഥാപിതമാകുകയും അതിൽ കൂടുതലായി സൗന്ദര്യം ഉണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോഴാണ്. അല്ലാഹു എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ.

◆

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin